കേരളകത്തോലിക്കാ സഭാനവീകരണപ്രസ്ഥാനം ഒരുക്കുന്ന സ്വതന്ത്രചർച്ചാവേദി

Vol 3 Issue 2
April 2015
Published on 15 April
Price Rs. 15.00

# സത്യജ്വാല

## മാസിക





## ഫ്രാൻസീസ് മാർപാപ്പായെ സ്വയംവിരമിക്കലിൽനിന്ന് പിന്തിരിപ്പിക്കുക

## ക്നാനായ രക്തശുദ്ധിവാദം വിവാദത്തിലേക്ക്

## പുറത്താക്കപ്പെട്ട കന്യാസ്ത്രീക്ക് 12 ലക്ഷം!






'അല്മായശബ്ദം' വെബ്സൈറ്റ് സന്ദർശിക്കാൻ : www.almayasabdam.com
'അല്മായശബ്ദം' ബ്ലോഗ് സന്ദർശിക്കാൻ : www.almayasabdam.blogspot.in

# സത്യജ്വാല മാസിക

കേരളകത്തോലിക്കാ സഭാനവീകരണപ്രസ്ഥാനം (KCRM) ഒരുക്കുന്ന സ്വതന്ത്ര ചർച്ചാവേദി

*രചനകൾ അയയ്ക്കാൻ : എഡിറ്റർ*

പുസ്തകം 3 ലക്കം 2



ജോർജ് മൂലേച്ചാലിൽ
വള്ളിച്ചിറ പി.ഒ. കോട്ടയം-686574
ഫോൺ: 9497088904
e- mail: geomoole@gmail.com



*വരിസംഖ്യ അയയ്ക്കേണ്ട വിലാസം:*

സി.വി.സെബാസ്റ്റ്യൻ മുട്ടുശ്ശേരിൽ
സർക്കുലേഷൻ മാനേജർ, 'സത്യജ്വാല'
ആർപ്പൂക്കര ഈസ്റ്റ് പി.ഒ., കോട്ടയം- 686008
ഫോൺ: 9496128188

*ബാങ്ക് :* S B T, Pala Branch
A/c No. 67117548175
A/c Name: Kerala Catholic Church Reformation Movement
IFSC Code: SBTR0000120

അൽമായശബ്ദം ബ്ലോഗ്: www.almayasabdam.blogspot.in    വെബ്സൈറ്റ്: www.almayasabdam.com


## ഈ ലക്കത്തിൽ


മുഖക്കുറി..........
ഫ്രാൻസീസ് മാർപാപ്പായെ സ്വയം വിരമിക്കലിൽനിന്ന് പിന്തിരിപ്പിക്കുക ..... 3

ഫ്രാൻസീസ് മാർപ്പാപ്പ സ്ഥാനമൊഴിയുന്നു? പിന്തിരിപ്പിക്കാൻ കത്തുകളയയ്ക്കൂ!
കെ.സി.ആർ.എം. ..... 5

കെ.സി.ആർ.എം. ഏപ്രിൽമാസപരിപാടി ഉഴവൂരിൽ!
കെ.കെ.ജോസ് കണ്ടത്തിൽ ..... 6

പ്രസംഗപീഡനം; പഴയിടം പള്ളി മുൻ കപ്യാർ മനംനൊന്തു മരച്ചു. ..... 8

പുറത്താക്കപ്പെട്ട കന്യാസ്ത്രീക്ക് 12 ലക്ഷം!
റെജി ഞള്ളാനി ..... 9

'സഭ ദൈവവിളിക്കായി ദാഹിക്കുന്നു'വെന്ന് മാർ ആലഞ്ചേരി ..... 10

കാഞ്ഞിരപ്പിള്ളി രൂപതയിൽ ദശാംശപ്പിരിവ് ..... 11

സഭാമതിലുകൾക്കുപുറത്ത്, സാമൂഹികഭ്രഷ്ടിനാൽ ഏകനായി
റവ.ഡോ.ജെ.ജെ.പള്ളത്ത് ..... 12

ത്യാഗാമാണാത്മയാഗം
സാമുവൽ കൂടൽ ..... 13

പൗരോഹിത്യത്തിന്റെ അസാംഗത്യത്തെക്കുറിച്ച്
ഫാ.എസ്.കാപ്പൻ ..... 14

നിത്യസത്യമേ, നീയെവിടെയാണ്?
സക്കറിയാസ് നെടുങ്കനാൽ ..... 15

പത്രാധിപർക്കുള്ള കത്ത്
ജെയിംസ് ഐസക് കുടമാളൂർ ..... 17

'രക്താർബ്ബുദം ബാധിച്ച രക്തശുദ്ധിവാദം
ഇപ്പൻ ..... 19

രക്തശുദ്ധിവാദം കാടത്തമാണ്; കാടത്തം സഭയ്ക്കു ചേർന്നതല്ല
സി.കെ.പുന്നൻ. ..... 22

രക്തശുദ്ധിവാദം വിവാദത്തിലേക്ക്
റെജി ഞള്ളാനി ..... 24

ക്രൈസ്തവസഭകളുടെ 'നിലവിളി' രാഷ്ട്രീയധ്രുവീകരണത്തിന്
കെ.സുജിത് ..... 26

ളോഹയുടെ രാഷ്ട്രീയം ഇനി വേവുമോ, മിസ്റ്റർ പൗവ്വത്തിൽ?
റെജികുമാർ ..... 27

മതവികാരദുരുപയോഗത്തിനെതിരെ കെ.സി.ബി.സി ഇടയലേഖനം ..... 29

ഇപ്പന്റ മുന്നറിയിപ്പ് യുക്തിസഹം
ഡോ.ലാസർ തേർമഠം ..... 30

ഞാറയ്ക്കൽ പ്രശ്നം : ഒരു ചരിത്രാന്വേഷണം - ഭാഗം 5
കെ.ജോർജ് ജോസഫ് ..... 32

'എംപറർ ഇമ്മാനുവേൽ' - ക്രൈസ്തവമതമൗലികവാദത്തിന്റെ പുതിയമുഖം ..... 34

കെ.സി.ആർ.എം. മാർച്ചുമാസപരിപാടി - റിപ്പോർട്ട്
കെ.കെ.ജോസ് കണ്ടത്തിൽ ..... 36






### സത്യജ്വാല മാസിക

| വരിസംഖ്യ | ഇൻഡ്യയിൽ | വിദേശത്ത് |
|---|---|---|
| ഒറ്റപ്രതി | 15 രൂപാ | 70 രൂപാ |
| ഒരു വർഷം | 150 രൂപാ | 750 രൂപാ |
| 5 വർഷം | 600 രൂപാ | 3000 രൂപാ |

*[പേരുവയ്ക്കാത്ത രചനകൾ എഡിറ്ററുടേത്] [രചനകളിലെ അഭിപ്രായങ്ങൾ അതാത് രചയിതാക്കളുടേത്]*

ഏപ്രിൽ 2015 പുസ്തകം 3 : ലക്കം 2

സത്യജ്വാല

"സാത്താൻെറ കുടിലതന്ത്രങ്ങളെ എതിർത്തു നിൽക്കാൻ ദൈവത്തിൻെറ എല്ലാ ആയുധങ്ങളും ധരിക്കുവിൻ. എന്തെന്നാൽ, നമ്മൾ മാംസത്തിനും രക്തത്തിനും എതിരായിട്ടല്ല, പ്രഭുത്വങ്ങൾക്കും ആധിപത്യങ്ങൾക്കും ഈ അന്ധകാര ലോകത്തിൻെറ അധിപൻമാർക്കും സ്വർഗീയ ഇടങ്ങളിൽ വർത്തിക്കുന്ന തിന്മയുടെ ദുരാത്മാക്കൾക്കുമെതിരായിട്ടാണു പടവെട്ടുന്നത്. അതിനാൽ, ദൈവത്തിൻെറ എല്ലാ ആയുധങ്ങളും ധരിക്കുവിൻ" (എഫേ. 6: 11–12).

## മുഖക്കുറി

# ഫ്രാൻസീസ് മാർപാപ്പായെ സ്വയംവിരമിക്കലിൽനിന്ന് പിന്തിരിപ്പിക്കുക

**ഈ**യിടെ മെക്സിക്കൻ ടെലിവിഷൻ ചാനലായ 'ടെലെവിസ'യ്ക്കനുവദിച്ച അഭിമുഖത്തിൽ ഫ്രാൻസീസ് പാപ്പാ നടത്തിയ വിരമിക്കൽ സൂചന ലോകമെമ്പാടുമുള്ള നവീകരണദാഹികളായ സഭാസ്നേഹികളുടെ മനസ്സുകളിൽ ആശങ്കയുടെ ഇരുൾവീഴ്ത്തുന്നു. ***"എനിക്കു തോന്നുന്നു, ചെറിയ കാലത്തേക്കാണ് ദൈവം എന്നെ നിയോഗിച്ചതെന്ന്. കുറച്ചു സമയത്തേക്കുള്ള ദൗത്യമാണിതെന്നു മനസ്സ് പറയുന്നു,"*** എന്നു പറഞ്ഞുകൊണ്ടാണദ്ദേഹം രണ്ടു മൂന്നു വർഷത്തേക്കേ താൻ മാർപാപ്പയായി ഉണ്ടാകൂ എന്നു സൂചിപ്പിച്ചത്. കഴിഞ്ഞ വർഷവും സമാനമായ ഒരഭിപ്രായപ്രകടനം അദ്ദേഹം നടത്തുകയുണ്ടായി. ***'ചെറിയ ഒരു ജീവിതകാലമേ തന്റെ മുമ്പിൽ അവശേഷിക്കുന്നുള്ളൂ'***വെന്നും, ***'ദൗത്യം തുടരാൻ ആരോഗ്യം അനുവദിച്ചില്ലെങ്കിൽ സ്ഥാനം ഒഴിയു'***മെന്നുമാണ് അന്നദ്ദേഹം പറഞ്ഞത് (ഉദ്ധരണികൾ 2015 മാർച്ച് 15–ലെ മംഗളത്തിൽനിന്ന്). അദ്ദേഹത്തിന്റെ ഈ വാക്കുകളെല്ലാം സൂചിപ്പിക്കുന്നത്, അദ്ദേഹത്തെ എന്തൊക്കെയോ ആകുല ചിന്തകൾ അലട്ടുന്നുണ്ട് എന്നാണ്.

തന്റെ വാക്കുകളും പ്രവൃത്തികളും ലോകമെങ്ങും പ്രകീർത്തിക്കപ്പെടുന്നുണ്ടെങ്കിലും, അതനുസരിച്ചുള്ള ചലനങ്ങൾ സഭയിലുണ്ടായിക്കാണാത്തതിൽ, തന്റെ വചനങ്ങൾ മാംസമായിത്തീരാത്തതിൽ, ഖിന്നഹൃദയനായിരിക്കാം, അദ്ദേഹം. തന്റെ നിലപാടുകളെ തുറന്നെതിർക്കുന്ന യാഥാസ്ഥിതിക കർദ്ദിനാളന്മാരുടെയും മെത്രാന്മാരുടെയും ഒരു പടതന്നെ സഭയിലുണ്ടെന്ന് കഴിഞ്ഞ ഒക്ടോബറിൽ നടന്ന അസാധാരണ സിനഡിൽ ലോകം കണ്ടതാണ്. പല്ലിറുമ്മിച്ചിരിക്കുന്നവരും തന്നെ വ്യക്തിപരമായി പ്രകീർത്തിച്ചും വാഴ്ത്തിപ്പാടിയും നിഷ്ക്രിയത്വത്തിൽ അഭിരമിക്കുന്ന കപടഹൃദയരുമാണു ഭൂരിപക്ഷം കൂരിയാത്തലവന്മാരും സിനഡംഗങ്ങളുമെന്നും, തങ്ങളുടെ രാജകീയജീവിതം നിർബാധം തുടരാൻ തന്റെ അവസാനം കാത്തിരിക്കുന്നവരാണവരിലേറെയുമെന്നും അദ്ദേഹത്തിനറിയാം. ചുരുക്കത്തിൽ, താൻ സഭയിൽ വിഭാവനംചെയ്യുന്ന വിപ്ലവാത്മകമാറ്റങ്ങൾ നടപ്പിൽവരുത്താൻ തന്നോടൊപ്പം തുനിഞ്ഞിറങ്ങിയിട്ടുള്ള അധികം മെത്രാന്മാരോ കർദ്ദിനാളന്മാരോ സഭയിലുള്ളതായി അദ്ദേഹം കാണുന്നുണ്ടാവില്ല. ഈ സാഹചര്യത്തിൽ, അസാധാരണ സിനഡ് ജനങ്ങളിലുയർത്തിയിട്ടുള്ള പ്രതീക്ഷയ്ക്കു മങ്ങലേൽക്കാൻ ഇടയുണ്ടെന്ന് അദ്ദേഹം കരുതുന്നുണ്ടാകാം. അതിപ്രധാനമായ അടുത്ത സിനഡിനുള്ള, മൂന്നാം വത്തിക്കാൻ സിനഡിനുള്ള, ഒരുക്കങ്ങൾതന്നെ അതിന്റെ ലക്ഷ്യത്തെ അട്ടിമറിക്കുന്ന വിധത്തിലാകാൻപോകുന്നു എന്ന ആപൽസൂചന 'Catholic Church Reform International' (CCRI) നൽകിയിരുന്നത് ഇത്തരുണത്തിൽ ഓർക്കാവുന്നതാണ്. ഔദ്യോഗികമായി രൂപംകൊടുത്ത കമ്മിറ്റികൾതന്നെ മാർപാപ്പായുടെ ലക്ഷ്യത്തെ പരാജയപ്പെടുത്താൻ ശ്രമിക്കുന്ന സാഹചര്യത്തിൽ, അതെല്ലാം കാണുന്ന ഫ്രാൻസീസ് പാപ്പായ്ക്ക് നിരാശ തോന്നിയില്ലെങ്കിലേ അത്ഭുതമുള്ളൂ. ഒരു ഏകാധിപതിയെപ്പോലെ എല്ലാ ആധികാരികസമിതികളിലേക്കും കയറിച്ചെന്ന് ഇടപെടാൻ അദ്ദേഹത്തിനാവില്ലല്ലോ.

കർദ്ദിനാളന്മാരും മെത്രാന്മാരും മാത്രമല്ല, വിശ്വാസിസമൂഹവും സഭയിലൊരു മാറ്റം വരുത്താൻ കാര്യമായൊന്നും ചെയ്യുന്നില്ലെന്ന് അദ്ദേഹം കാണുന്നുണ്ടാകണം. മാറ്റം അനിവാര്യമാണെന്ന ചിന്ത വ്യാപകമാക്കേണ്ടതും അതിനായി നിരന്തരം സമ്മർദ്ദം ചെലുത്തേണ്ടതും പ്രവർത്തിക്കേണ്ടതും സഭയിലെ ജനമാണ്; സഭാപൗരന്മാരാണ്. കാരണം, അന്തിമവിശകലനത്തിൽ ചരിത്രം സൃഷ്ടിക്കുന്നത് ജനങ്ങളാണ്. ജനങ്ങൾ അഭിലഷിക്കുന്നതും അവർ ഏറ്റുവാങ്ങാൻ തയ്യാറുള്ളതുമായ മാറ്റങ്ങളേ എവിടെയും നിലനിൽക്കൂ. അടിത്തട്ടിലെ ചലനങ്ങളാണ് മുകൾത്തട്ടിൽ സ്ഥായിയായ മാറ്റങ്ങൾക്കു കാരണമാ കുന്നത്.

ജനാഭിലാഷങ്ങളുൾക്കൊള്ളുന്ന ഒരധികാരി മുകൾത്തട്ടിൽ വന്നാലും ജനങ്ങൾ സജ്ജരല്ലെങ്കിൽ സ്വന്തം നിലയിൽ വലിയ മാറ്റങ്ങളൊന്നും വരുത്താൻ ആർക്കും സാധിക്കില്ല. പ്രബോധിപ്പിക്കാനും ജനങ്ങളോട് ഉണരാനാഹ്വാനം ചെയ്യാനും അവരുണരുന്നതിനനുസരിച്ചുള്ള മാറ്റങ്ങൾ കൊണ്ടുവരാനുമേ എത്ര നല്ല ഭരണാധികാരിക്കും കഴിയൂ.

വാസ്തവത്തിൽ, ഫ്രാൻസീസ് മാർപാപ്പാ സ്ഥാനമേറ്റപ്പോൾമുതൽ അതാണു ചെയ്തുകൊണ്ടിരിക്കുന്നത്. യേശുവിന്റെ ഹൃദയം തൊട്ടറിഞ്ഞുള്ള വചനവ്യാഖ്യാനങ്ങൾവഴി പരമ്പരാഗതമായി നിലനിന്നുപോന്ന എത്രയോ ആധികാരികസഭാനിലപാടുകളെയാണ് അദ്ദേഹം തിരുത്തിക്കുറിച്ചത്! ആദ്ധ്യാത്മികശുശ്രൂഷയ്ക്ക് എണ്ണമറ്റ ദൈവശാസ്ത്രസിദ്ധാന്തങ്ങൾ അനാവശ്യമാണെന്നു തുറന്നടിച്ചും, അപ്രമാദിത്വമുള്ളത് മാർപാപ്പായ്ക്കോ മെത്രാൻ സംഘത്തിനോ അല്ല; മറിച്ച്, ദൈവജനക്കൂട്ടായ്മയ്ക്കാണെന്നു പഠിപ്പിച്ചും, അഭിഷിക്തർ ജീവിക്കേണ്ടത് പ്രഭുക്കളെപ്പോലെയല്ലെന്ന് ഉപദേശിച്ചും, സഭ ഒരു സ്ഥാപനമല്ല, അമ്മയാണെന്നു ചൂണ്ടിക്കാട്ടിയുമുള്ള അദ്ദേഹത്തിന്റെ ഹൃദയഹാരിയായ എണ്ണമറ്റ പ്രബോധനങ്ങൾകൊണ്ട്, അല്പമെങ്കിലും തുറന്ന മനസ്സുള്ളവരുടെയെല്ലാം ബോധമണ്ഡലം വികസിതമാക്കാൻ അദ്ദേഹത്തിന് ഇതിനകം കഴിഞ്ഞിട്ടുണ്ട്. നിരീശ്വരർക്കുപോലും രക്ഷയുണ്ട് എന്നു പറഞ്ഞ് 'കത്തോലിക്കാ സഭയിലൂടെ മാത്രമേ രക്ഷയുള്ളൂ' എന്നും, 'യേശുവിലൂടെയല്ലാതെ രക്ഷയില്ല' എന്നുംമറ്റുമുള്ള കത്തോലിക്കാസഭയുടെ അതിയാഥാസ്ഥിതിക മതമൗലികവാദനിലപാടുകളെ ചവറ്റുകുട്ടയിലെറിഞ്ഞ് ഒരു നവ ആത്മീയതയ്ക്കു വഴിയൊരുക്കുവാനും, സർവ്വമതസമഭാവനയുടേതായ ഒരന്തരീക്ഷത്തിനു തിരികൊളുത്തി ഇന്നു ലോകത്തിനു ഭീഷണിയായിരിക്കുന്ന മതതീവ്രവാദസാഹചര്യത്തിന് അയവുവരുത്താനും അദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ട്.

വിശാലമായ ഈ ക്രൈസ്തവകാഴ്ചപ്പാടിന്റെ വെളിച്ചത്തിൽ, കത്തോലിക്കാസഭയിൽ വരേണ്ട മാറ്റങ്ങളെക്കുറിച്ച് വാതോരാതെ സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു അദ്ദേഹം, അടുത്ത നാൾവരെ. അതിനായി വത്തിക്കാൻ കേന്ദ്രീകരിച്ച് ഒട്ടേറെ അഴിച്ചുപണികൾ നടത്തുകയും മാറ്റത്തിനു തടസ്സം സൃഷ്ടിച്ച് അധികാരസ്ഥാപനങ്ങളായി നിലകൊള്ളുന്ന കൂരിയാകളെ ശാസിക്കുകയും തിരുത്താനാവശ്യപ്പെടുകയുംചെയ്തു, അദ്ദേഹം. മെത്രാന്മാരുടെ അധികാരശൈലിയെയും സ്വേച്ഛാധിപത്യവാഞ്ഛയെയും ആർഭാടജീവിതത്തെയും വിമർശിക്കുകയും അതിനെതിരെ താക്കീതു നൽകുകയും ചെയ്തു. പലരെയും സ്ഥാനത്യാഗം ചെയ്യിക്കുകവരെ ചെയ്തു, അദ്ദേഹം.

എന്നാൽ, ഇതെല്ലാംകണ്ട് കൈയടിച്ചും, മാർപാപ്പായ്ക്കു ജയ് വിളിച്ചും, മഹാത്മാവെന്നു പുകഴ്ത്തിയും, ഗ്യാലറിയിലെ കസേരകളിൽ കൃതകൃത്യതാഭാവത്തിൽ വെറുതെയിരിക്കുകയായിരുന്നു ജനങ്ങൾ. ഫലത്തിൽ, സഭാനവീകരണം മാർപാപ്പായും മെത്രാന്മാരുംചേർന്നു നടത്തേണ്ട ഒന്നാണെന്ന സമീപനത്തിലാണ് വിശ്വാസിസമൂഹം ഇന്നും. മാർപാപ്പാ ഇത്രയൊക്കെ പറഞ്ഞിട്ടും തങ്ങളുടെ രൂപതകളിലെ മെത്രാന്മാരും ഇടവകകളിലെ വികാരിമാരും എന്തുകൊണ്ട് ആ മാറ്റങ്ങൾ ഉൾക്കൊണ്ടു പ്രവർത്തിക്കുന്നില്ല എന്ന് അമർഷംപൂണ്ടു കഴിയുന്ന വിശ്വാസിസമൂഹം, സ്വന്തം ഇടവകകളിലും രൂപതകളിലും മാർപാപ്പായുടെ ആഹ്വാനങ്ങൾക്കനുസൃതമായി തങ്ങൾ ഒന്നും പ്രവർത്തിക്കുന്നില്ല എന്ന വസ്തുത കാണാതെ പോകുന്നു എന്നതാണു വൈരുദ്ധ്യം. ഒരു മാർപാപ്പതന്നെ ഇത്ര ധൈര്യപ്പെടുത്താനുണ്ടായിട്ടും മെത്രാനെയും വികാരിയെയും കപ്യാരെയുംവരെ ഭയപ്പെട്ടും, മരിച്ചടക്കും പിള്ളേരുടെ വിവാഹവുമൊക്കെ വേണ്ടവണ്ണം നടത്തിത്തരാതിരുന്നാലോ എന്നാശങ്കപ്പെട്ടും പേടിത്തൊണ്ടന്മാരായി 99% വിശ്വാസികളും കഴിയുമ്പോൾ, സഭയിൽ എങ്ങനെ നവീകരണം സംഭവിക്കും? ***"ദൈവികശുശ്രൂഷ ലഭിക്കുകയെന്നത് വിശ്വാസികളുടെ അവകാശമാണ്. അതിനു പണം വാങ്ങുന്നത് തെറ്റാണ്, കൊടുംപാതകമാണ്; അതനുവദിച്ചുകൊടുക്കരുത്....."*** (കാണുക 'സത്യജ്വാല' ഡിസം. ലക്കം പേജ് 18) എന്ന് മാർപാപ്പാ വിശ്വാസികളോട് ഉച്ചൈസ്തരം വിളിച്ചുപറഞ്ഞിട്ടും, അതു ചെവിക്കൊള്ളാൻ ധൈര്യം കാട്ടാത്ത വിശ്വാസിസമൂഹത്തിന്, സഭാനവീകരണത്തെപ്പറ്റി പറയാൻ എന്തർഹതയാണുള്ളത്? ***"പൗരോഹിത്യാധിപത്യത്തെ ഇല്ലായ്മ ചെയ്യാൻ ഞാനാഗ്രഹിക്കുന്നു"***, എന്നു പറഞ്ഞ മാർപാപ്പയെ പിന്തുണച്ച്, സ്വന്തം ഇടവകയിലും രൂപതയിലും നടക്കുന്ന പുരോഹിതാധിപത്യപരമായ നടപടികൾക്കെതിരെ പരസ്യമായൊന്നു പ്രതികരിക്കാൻപോലും തയ്യാറാകാത്തവർക്ക് എങ്ങനെ മാർപാപ്പയെ അനുസരിക്കാത്ത മെത്രാന്മാരെയും വൈദികരെയും കുറ്റപ്പെടുത്താനാകും? സഭയിൽ കാര്യങ്ങളൊന്നും നേർവഴിക്കല്ല നടക്കുന്നതെന്നു പറഞ്ഞ്, ***'നിങ്ങൾ നിങ്ങളുടെ രൂപതകളെ പ്രശ്നഭരിതമാക്കുക"*** (Create mess in your dioceses) എന്ന്

(ശേഷം പേജ് 7-ൽ വായിക്കുക)



# ഫ്രാൻസീസ് മാർപ്പാപ്പ സ്ഥാനമൊഴിയുന്നു? റോമിലേക്ക് കത്തുകളുടെ പ്രവാഹവും പ്രാർത്ഥനയും! നിങ്ങളും പങ്കാളികളാകൂ- കെ. സി. ആർ. എം.

വരുന്ന രണ്ടോ മൂന്നോ വർഷത്തിനുള്ളിൽ മാർപാപ്പാസ്ഥാനത്തുനിന്നും വിരമിക്കുമെന്ന ഫ്രാൻസീസ് മാർപ്പാപ്പയുടെ തീരുമാനത്തിൽനിന്നു പിന്തിരിയണമെന്നഭ്യർത്ഥിച്ച്, അദ്ദേഹത്തേ സ്നേഹിക്കുന്ന ലോകമെമ്പാടുമുള്ള ജനങ്ങൾ റോമിലേക്കു കത്തുകളയയ്ക്കുകയും അതിനായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഇന്ത്യയിൽ കെ.സി.ആർ. എം. ഇതിനു തുടക്കം കുറിക്കുന്നു. പൊതുജനങ്ങളിൽനിന്നും അംഗങ്ങളിൽനിന്നും കെ.സി.ആർ എം-നു ലഭിക്കുന്ന കത്തുകളും ഇ-മെയിലുകളും താഴെക്കൊടുത്തിട്ടുള്ള ഏതെങ്കിലും ഒരു വിലാസത്തിൽ/ഇ-മെയിൽ വിലാസത്തിൽ അയച്ചുതരണമെന്ന് താല്പര്യപ്പെടുന്നു. കത്തുകളും മെയിലുകളും കെ. സി. ആർ എം. മാർപാപ്പയ്ക്കു നേരിട്ട് അയച്ചുകൊടുക്കുന്നതായിരിക്കും. ഈ പുണ്യകർമ്മത്തിൽ നിങ്ങളും അണിചേരണമെന്ന് അഭ്യർത്ഥിക്കുന്നു.

**കത്തിന്റെ മാതൃക: (മലയാളം)**

*ലോകാദരണീയനായ ഫ്രാൻസീസ് മാർപാപ്പയ്ക്ക്,*

*ഏറ്റം ആദരണീയനായ ഞങ്ങളുടെ പാപ്പാ, ലോകജനതയുടെ ക്ഷേമത്തിനും സമാധാനത്തിനും കത്തോലിക്കാസഭയുടെ നവീകരണത്തിനും രക്ഷയ്ക്കുംവേണ്ടി സ്നേഹത്തിന്റെ ചൈതന്യം വാരിവിതറുന്ന അങ്ങ് ക്രിസ്ത്യാനികളെ മാത്രമല്ല, നാനാജാതി മതവിഭാഗങ്ങളിൽപ്പെട്ടവരെയും സ്നേഹിച്ചും അംഗീകരിച്ചും ബഹുമാനിച്ചും ക്രിസ്തീയചൈതന്യത്തിന്റെ ശരിയായ പാത തുറന്നിരിക്കുകയാണല്ലോ. ദൈവം അങ്ങിലൂടെ ലോകത്തോട് സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു. ലോകം മഴുവൻ അങ്ങയെ പ്രതീക്ഷയോടെ ശ്രവിക്കുന്നു; പ്രത്യാശയോടെ ഉറ്റുനോക്കുന്നു.*

*ഈ സാഹചര്യത്തിൽ, രണ്ടോ മൂന്നോ വർഷത്തിനുള്ളിൽ മാർപാപ്പാസ്ഥാനത്തുനിന്നു വിരമിച്ചേക്കുമെന്ന അങ്ങയുടെ പ്രസ്താവം ലോകത്തെയാകമാനം ദുഃഖത്തിലാഴ്ത്തിയിരിക്കുകയാണ്. ഈ തീരുമാനത്തിൽനിന്ന് അങ്ങ് പിന്മാറണമെന്ന് ഞങ്ങൾ അപേക്ഷിക്കുകയാണ്. ഈ ആവശ്യം ഉന്നയിച്ചുകൊണ്ടുള്ള കത്തുകൾ ഇന്ത്യയിലെ കത്തോലിക്കാ നവീകരണപ്രസ്ഥാനമായ കെ. സി. ആർ.എം (Kerala Catholic church Reformation Movement - KCRM) മുഖേനയും നേരിട്ടും അങ്ങയുടെ മുമ്പാകെ സമർപ്പിക്കുകയാണ്.*

*ഈ ലക്ഷ്യം മുൻനിർത്തി കെ.സി.ആർ.എം. പ്രാർത്ഥനാസമ്മേളനങ്ങൾ സംഘടിപ്പിക്കുകയാണ്. കെ. സി. ആർ. എം. ആരംഭിച്ചിരിക്കുന്നതുപോലുള്ള പ്രാർത്ഥനാസമ്മേളനങ്ങളും കത്തയയ്ക്കൽസംരംഭങ്ങളും അങ്ങയെ പിന്തുണച്ചുള്ള സഭാനവീകരണപ്രവർത്തനങ്ങളും ലോകമെമ്പാടും വ്യാപിക്കുമെന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു. അതിനായി പ്രാർത്ഥിക്കുന്നു. സഭയുടെയും ലോകത്തിന്റെയും നന്മയ്ക്കുവേണ്ടി മാർപാപ്പാസ്ഥാനത്ത് അങ്ങു തുടരണമെന്ന ഞങ്ങളുടെ ഈ അപേക്ഷ ദയവായി കേൾക്കുമാറാകണമെന്ന് ഏറ്റം വിനീതരായി അഭ്യർത്ഥിച്ചുകൊണ്ട്,*

*സ്നേഹാദരവുകളോടെ, യേശുവിന്റെ ഐക്യത്തിൽ*

കത്തയയ്ക്കുന്ന ആളുടെ ഒപ്പ്

വിലാസം / ഇ-മെയിൽ ഐ.ഡി, ഫോൺ നമ്പർ:

സ്ഥലം:/ തീയതി: പേര്

**Sample Letter - English**

Our Dear and Most Venerable Pope Francis,

The present world is blessed with your activities for peace and well being of the entire human race. The whole Christian world is heartened to see your great endeavour's for a reformed Church in the foot-steps of Jesus Christ. All your words and activities in the spirit of Love, surpassing all divisions and denominations in the name of religion, race, nationality etc. have endeared you to the whole humanity. It appears to us that the God speaks and do things, through you. So, the entire world stands eagerly to listen you and hopefully looks towards you.

At this juncture, it was really saddening to listen your recent statement of a possible retirement from your position of Pope. In fact, the whole world is grief-stricken at this statement. In this sorrowful circumstance, we request your good self to kindly reconsider and withdraw your plans for such an abrupt retirement.

➔

KCRM പ്രതിമാസചർച്ചാപരിപാടി

# KCRM ഉഴവൂരിലേക്ക്!

**ഏ**പ്രിൽ മാസ പരിപാടി, KCRM-ന്റെ തനതു പരിപാടിയല്ല എന്ന് ആദ്യമേ അറിയിക്കുന്നു. അക്രൈസ്തവമായ സ്വവംശവിവാഹനിഷ്ഠയോടും സഭാഭ്രഷ്ടിനോടും സന്ധിയില്ലാസമരം നയിക്കുന്ന 'ക്നാനായ കത്തോലിക്കാ നവീകരണസമിതി' (KCNS)യോടുള്ള പിന്തുണയും ഐക്യദാർഢ്യവും പ്രകടിപ്പിക്കുന്നതിനായി അവർ ഉഴവൂരിൽ നടത്തുന്ന നവീകരണസെമിനാറിലും കുടുംബസംഗമത്തിലും പങ്കെടുക്കുകയാണ്. അടുത്തയിടെ, KCRM-ഉം KCNS-ഉം സംയുക്തമായി 'KCRM ക്നാനായ ഫ്രീഡം മൂവ്മെന്റ്' എന്നൊരു പ്രസ്ഥാനത്തിനു രൂപംകൊടുത്തിട്ടുള്ള പശ്ചാത്തലത്തിൽ, ഈ പങ്കാളിത്തത്തിനു പ്രത്യേക പ്രസക്തിയുണ്ട്.

**സമയം, സ്ഥലം: 2015 ഏപ്രിൽ 25 ശനിയാഴ്ച 2.30 pm മുതൽ ഉഴവൂർ തെരുവത്ത് ഹാളിൽ**

KCNS ഫൊറോന പ്രസിഡന്റ് ശ്രീ ലൂക്കോസ് മാത്യു കുന്നുംപുറത്തിന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന നവീകരണസെമിനാറിലും കുടുംബസംഗമത്തിലും പങ്കെടുത്ത് റവ.ഡോ. ജയിംസ് ഗുരുദാസ്, നടുവിലേക്കുറ്റ് സി.എം.ഐ. ഫാ. ഡേവീസ് കാച്ചപ്പിള്ളി, സർവ്വശ്രീ റ്റി.ഒ. ജോസഫ് തോട്ടുങ്കൽ, ഡോ. എം.കെ. മാത്യു, സാമുവൽ കൂടൽ, കെ.ജോർജ് ജോസഫ്, അഡ്വ. ഇന്ദുലേഖാ ജോസഫ്, റെജി ഞള്ളാനി തുടങ്ങിയവർ സംസാരിക്കുന്നു.

മൂന്നാം വത്തിക്കാൻ സൂനഹദോസിനുള്ള ഒരുക്കമായി, 'സഭയിലും ആധുനിക ലോകത്തിലും കുടുംബത്തിന്റെ വിളിയും മിഷനും' എന്ന വിഷയം ആഗോള കത്തോലിക്കാസഭയിൽ ഗൗരവപൂർവ്വം ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഈ വേളയിലാണ്, കോട്ടയം അതിരൂപത നഗ്നമായ കുടുംബശിഥിലീകരണ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. ഇക്കാര്യം വത്തിക്കാന്റെ ശ്രദ്ധയിൽകൊണ്ടുവരാൻകൂടി ഈ കുടുംബസംഗമം ലക്ഷ്യമിടുന്നു.

സ്വവംശവിവാഹനിഷ്ഠയുടെ പേരിൽ തങ്ങളുടെ ഇടവകയിൽനിന്നു പുറത്താക്കപ്പെട്ടവരും, പുറത്താക്കപ്പെടുമെന്നും ഭയന്ന് വിവാഹപ്രായം കഴിഞ്ഞിട്ടും അവിവാഹിതരായി നിൽക്കുന്നവരും, ഇടവകാംഗത്വം നിഷേധിക്കപ്പെട്ട ദത്തുപുത്രന്മാരും പുത്രിമാരും, ഈ പൈശാചിക ദുരാചാരത്തെ തൂത്തെറിയണമെന്നു കരുതുന്ന ക്നാനായ സമുദായത്തിലെ ആദർശധീരരായ യുവതീയുവാക്കന്മാരുൾപ്പെടെ ആയിരത്തിലേറെപ്പേർ പങ്കെടുക്കുന്ന ഈ ക്നാനായ കുടുംബസംഗമത്തിൽ പങ്കുചേരാൻ KCRM പ്രവർത്തകരെയും അനുഭാവികളെയും 'സത്യജ്വാല', 'അത്മായശബ്ദം' വായനക്കാരെയും 'KCRM-ഉം KCNS ഉം ഒന്നുചേർന്ന് ഹാർദ്ദമായി ക്ഷണിക്കുന്നു.

*സ്നേഹാദരപൂർവ്വം*

**ലൂക്കോസ് മാത്യു**
(KCNS ഫൊറോന പ്രസിഡന്റ്)
ഫോൺ: 9447507584

**കെ.കെ. ജോസ് കണ്ടത്തിൽ**
(KCRM സംസ്ഥാന ജന.സെക്രട്ടറി)
ഫോൺ: 8547573730

---

We, the Indians, send our letters appealing you not to retire, through the, 'Kerala catholic Church Reformation Movement'-KCRM – a reputed reformation movement in India. The KCRM has started organizing prayer meetings and letter sending campaign for this purpose. We hope and pray for the spread of such activities throughout the world, so that you will heed to our prayerful appeal.

With the hope that your good self will heed to our request for the continuation in the position of Pope,

We remain, Yours Sincerely in Jesus Christ.

Place :
Date : Address, Email ID, and Phone number.

Signature:
Name

**കത്തുകൾ അയച്ചുതരേണ്ട വിലാസങ്ങൾ:**

| പേര് | തപാൽവിലാസം | ഫോൺ |
|---|---|---|
| 1.റെജി ഞള്ളാനി | കട്ടപ്പന, പി.ഒ. പാറക്കടവ്, ഇടുക്കി-685 508 | 9447105070 |
| 2. കെ.കെ. ജോസ്കണ്ടത്തിൽ | ജോജോ ഗാർഡൻസ്, മുട്ടമ്പലം, കോട്ടയം-686 004 | 8547573730 |
| 3. കെ.ജോർജ് ജോസഫ് | കാട്ടേക്കര, രാമപുരം പി.ഒ. കോട്ടയം-686 576 | 9496313963 |
| 4. ജോർജ് മൂലേച്ചാലിൽ | വള്ളിച്ചിറ പി.ഒ. കോട്ടയം - 686 574 | 9497088904 |
| 5. ഫാ. ജോർജ് തോമസ് കണിയാരശ്ശേരിൽ | 12-ാം മൈൽ, പാലാ പി.ഒ., കോട്ടയം-686 575 | 8547877621 |
| 6. മാത്യു എം. തറക്കുന്നേൽ | പാലാ പി.ഒ., കോട്ടയം-686 575 | 9495188610 |

**കത്തുകൾ അയക്കേണ്ട ഇ-മെയിൽ വിലാസങ്ങൾ:**

kcrmindia@gmail.com, kcrmidukki@gmail.com, mtharakunnel@gmail.com, gvkatte@gmail.com, almayasabdam@gmail.com, rejinjallani@gmail.com, geomoole@gmail.com

(മുഖക്കുറി-തുടർച്ച)

സ്ഥാനമേറ്റുടനെതന്നെ യുവാക്കളോട് ആഹ്വാനം ചെയ്തപ്പോൾ, തീർച്ചയായും സഭയെ നേർവഴിക്കു തിരിക്കുവാൻ തയ്യാറാകുന്ന ഒരു യുവനേതൃന്നിര ഉരുത്തിരിയുമെന്ന പ്രതീക്ഷ ഫ്രാൻസീസ് പാപ്പായ്ക്ക് ഉണ്ടായിരുന്നിരിക്കണം. അതും അസ്ഥാനത്തായതായി അദ്ദേഹം ഇന്നു കാണുന്നുണ്ടാകണം. ***".... സ്വയം ന്യായീകരിക്കുന്ന ഫരിസേയ മനോഭാവത്തോടെ സഭയുടെയും ക്രൈസ്തവ ജീവിതത്തിന്റെയും വാതിൽക്കൽ മടിച്ചുനിൽക്കുന്നത് അപകടകരമായ അനാസ്ഥയാണെ'ന്നു ചൂണ്ടിക്കാട്ടി, 'മറ്റുള്ളവർ എന്തു കരുതുമെന്നു ചിന്തിക്കാതെയും തന്റെ സൽപ്പേരും സ്ഥാനമാനങ്ങളും സുഖസൗകര്യങ്ങളും പണയപ്പെടുത്തിയും, ഭീതിയില്ലാതെ ഇറങ്ങിച്ചെല്ലു'***വാൻ അദ്ദേഹം പുരോഹിതരെയും ആഹ്വാനം ചെയ്യുകയുണ്ടായി (കാണുക 'സത്യജ്വാല' 2014 ഡിസം. ലക്കം, പേജ് 18). എന്നാൽ, മെത്രാൻ ഭീതി സൃഷ്ടിക്കുന്ന 'തമസ്സല്ലോ സുഖപ്രദം' എന്ന വയറ്റിപ്പിഴപ്പു ന്യായത്താൽ, ഒന്നു മുരളുകപോലും ചെയ്യാതെ തിരിഞ്ഞു കിടന്നുറങ്ങുകമാത്രമാണ് അവരും ചെയ്തത്....

ഈ സാഹചര്യത്തിൽ തന്റെ സാഹസികപരിശ്രമങ്ങൾ ക്ലച്ചുപിടിക്കാതെ പോകുകയാണല്ലോ എന്നദ്ദേഹത്തിനു തോന്നുക തികച്ചും സ്വാഭാവികംമാത്രം. ഇങ്ങനെയൊരു സാഹചര്യം മുമ്പിൽ കണ്ടുകൊണ്ടായിരുന്നു 'സത്യജ്വാല' യുടെ ഒരു 'മുഖക്കുറി'യിൽ മുമ്പ് ഇങ്ങനെ എഴുതിയത്: "....അതുകൊണ്ട് സഭാനവീകരണത്തിൽ ദത്തശ്രദ്ധരായവരും അവരുടെ സംഘടനകളും ചെയ്യേണ്ടത്, സഭയിൽ വരേണ്ട മാറ്റം സംബന്ധിച്ച് ഫ്രാൻസീസ് മാർപാപ്പാതന്നെ പ്രഖ്യാപിച്ചുകഴിഞ്ഞ നയവ്യതിയാനങ്ങൾ സഭയിൽ കൊണ്ടുവരുവാൻ അദ്ദേഹത്തെ ശക്തമായി പിന്തുണയ്ക്കുക എന്നതാണ്. ഇതു ചെയ്യുന്നില്ലെങ്കിൽ, ജനപിന്തുണയില്ലെന്നു കരുതി സ്വന്തം നിലപാടിൽനിന്നു മാർപാപ്പാതന്നെ പിൻവലിഞ്ഞെന്നുവരാം..." (2013 - ജൂലൈ ലക്കം). തന്റെ നേരിട്ടുള്ള നിയന്ത്രണത്തിലല്ലാത്ത സ്വയാധികാരസഭകളിലെ മെത്രാന്മാരെ നിയന്ത്രിക്കുന്നതിൽ അദ്ദേഹത്തിന് വളരെ പരിമിതികളുണ്ടുതാനും. (അതുകൊണ്ടാണല്ലോ, 'മാർപാപ്പായെ ഞാൻ വകവയ്ക്കുന്നി'ല്ലെന്നും 'അദ്ദേഹം എന്നെ ഒന്നും ചെയ്യാൻ പോകുന്നി'ല്ലെന്നും ഇടുക്കി ബിഷപ്പ് ഒരിക്കൽ തുറന്നടിച്ചത് (കാണുക, 'സത്യജ്വാല' 2014 ഏപ്രിൽ ലക്കം: പേജ്, 27). നൈയാമിക നൂലാമാലകളും, നേരിട്ടു ബന്ധപ്പെടുവാനാവാത്തത്ര ദൂരവും മൂലം, മാർപാപ്പായ്ക്കു തനതായി കാതലായ ഒരു മാറ്റവും സഭയിൽ കൊണ്ടുവരുവാൻ സാധ്യമല്ല എന്നാണിതു കാണിക്കുന്നത്. എന്നാൽ, ആഗോള സഭയുടെ മുഴുവൻ ആദ്ധ്യാത്മികാചാര്യനായ മാർപാപ്പായെ അനുസരിക്കുന്നതിൽനിന്നു വിശ്വാസികളെ വിലക്കുന്ന ഒരു നിയമവും ഇന്നില്ല; ഉണ്ടാകുകയുമില്ല. അദ്ദേഹത്തിന്റെ പ്രബോധനങ്ങളും നിർദ്ദേശങ്ങളും തങ്ങളുടെ രൂപതകളിൽ പ്രാവർത്തികമാക്കണമെന്ന് വിശ്വാസികളാവശ്യപ്പെട്ടാൽ മെത്രാന്മാർക്കോ വികാരിമാർക്കോ അതിനെതിരെ ഒന്നും ചെയ്യാനാവില്ല. മറിച്ച്, മാർപാപ്പായെ അനുസരിക്കാൻ അവർ നിർബന്ധിതരാകുകയും ചെയ്യും.

**കഴിഞ്ഞആയിരം വർഷത്തിനിടയിലാദ്യമായി സഭാനഭസ്സിൽ മഹാതേജസ്സോടെ ഉദിച്ചുയർന്ന നവീകരണസൂര്യനാണ് ഫ്രാൻസീസ് മാർപാപ്പാ. മതജീർണ്ണത മൂലം സ്നേഹ ശൂന്യമായിത്തീർന്ന ഇന്നത്തെ ഇരുൾമൂടിയ ലോകത്തിലേക്ക് അയയ്ക്കപ്പെട്ട സ്നേഹപ്രവാചകനും ആദ്ധ്യാത്മികഗുരുവുമാണ് അദ്ദേഹം.**

അതിനാൽ, സഭാനവീകരണരംഗത്തേക്ക് കടന്നുവരുക എന്ന വെല്ലുവിളി യേശുവിൽ ധീരരായി വിശ്വാസികൾ ഏറ്റെടുക്കേണ്ടിയിരിക്കുന്നു. സഭയിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചു മാർപാപ്പാ പറഞ്ഞിട്ടുള്ള കാര്യങ്ങൾ ചൂണ്ടിക്കാട്ടി, അതിൻപ്രകാരം ഓരോ രൂപതയിലും വരുത്തേണ്ട മാറ്റങ്ങൾ സമൂർത്തമായി അവതരിപ്പിച്ച്, അവ നടപ്പിൽ വരുത്താനാവശ്യപ്പെടേണ്ടിയിരിക്കുന്നു; ഓരോ രൂപതയെയും കേന്ദ്രീകരിച്ച് ആശയപ്രചാരണങ്ങളും പ്രക്ഷോഭണപരിപാടികളും പ്രാർത്ഥനായജ്ഞങ്ങളും നടത്തേണ്ടിയിരിക്കുന്നു, നാം.

ഇതിനൊക്കെപ്പുറമേ, അടിയന്തിരമായി ചെയ്യേണ്ട മറ്റൊരു കാര്യം, അദ്ദേഹത്തെ സഭയ്ക്കും ഈ ലോകത്തിനും ആവശ്യമുണ്ടെന്ന് അദ്ദേഹത്തെ ബോദ്ധ്യപ്പെടുത്തി, സ്ഥാനത്യാഗം ചെയ്യാനുള്ള അദ്ദേഹത്തിന്റെ ഇപ്പോഴത്തെ ആലോചനകളിൽനിന്ന് അദ്ദേഹത്തെ പിന്തിരിപ്പിക്കുക എന്നതാണ്. ലോകത്തിന്റെ ഓരോ മുക്കിലും മൂലയിലും നിന്ന് സ്ഥാനത്യാഗതീരുമാനത്തിൽനിന്നു പിന്തിരിയണമെന്നഭ്യർത്ഥിച്ച് അദ്ദേഹത്തിന്റെ പേരിൽ കത്തുകളും ഇ-മെയിൽ സന്ദേശങ്ങളും പ്രവഹിക്കുകയാണെന്നറിയുന്നു.

ഇന്ത്യയിൽ കെ.സി.ആർ.എം. അതിനു മുൻകൈ എടുക്കുകയാണ്. ലോകമെമ്പാടുമുള്ളവർ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുന്ന ഫ്രാൻസീസ് മാർപാപ്പാ ആ സ്ഥാനത്തു തുടരണം എന്നാഗ്രഹിക്കുന്നവർ ക്രൈസ്തവർ മാത്രമല്ല, ലോകത്തിലെ മുഴുവൻ മതസ്ഥരുമാണ്. കാരണം, അദ്ദേഹത്തിന്റെ ഓരോ കാൽവയ്പും ലോകസ

മാധാനവുംകൂടി ലക്ഷ്യംവച്ചുള്ള താണ്. അതിനാൽ, ജാതി-മത-വർഗ്ഗ-വർണഭേദമില്ലാതെ സകലരും ഈ ഉദ്യമത്തിൽ പങ്കുചേരണം എന്നഭ്യർത്ഥിക്കുന്നു. കത്തിന്റെ മലയാളം-ഇംഗ്ലീഷ് മാതൃകകൾ 5, 6 പേജുകളിൽ കൊടുത്തിട്ടുണ്ട്. ഒപ്പം, അവ അയച്ചു തരേണ്ട വിലാസങ്ങളും ഇ-മെയിൽ ഐഡികളും കൊടുത്തിട്ടുണ്ട്. ദയവായി ഒരു ഇൻലന്റിലോ കവറിലോ എഴുതിയോ ടൈപ്പുചെയ്തോ, കൊടുത്തിട്ടുള്ള ഏതെങ്കിലും ഒരു വിലാസത്തിൽ അയയ്ക്കുക. അല്ലെങ്കിൽ, ഇ- മെയിൽ ചെയ്യുക. അതെല്ലാം ശേഖരിച്ച് മാർ പാപ്പായ്ക്ക് ഒന്നിച്ച് അയയ്ക്കുവാനാണ് കെ.സി. ആർ.എം. പദ്ധതിയിട്ടിരിക്കുന്നത്.

കഴിഞ്ഞആയിരം വർഷത്തിനിടയിലാദ്യമായി സഭാനഭസ്സിൽ മഹാതേജസ്സോടെ ഉദിച്ചുയർന്ന നവീകരണസൂര്യനാണ് ഫ്രാൻസീസ് മാർപാപ്പാ. മതജീർ ണ്ണത മൂലം സ്നേഹ ശൂന്യമായിത്തീർന്ന ഇന്നത്തെ ഇരുൾമൂടിയ ലോകത്തിലേക്ക് അയയ്ക്കപ്പെട്ട സ്നേഹപ്രവാചകനും ആദ്ധ്യാത്മികഗുരുവുമാണ് അദ്ദേഹം. അദ്ദേഹത്തെ നമുക്കു നഷ്ടപ്പെട്ടുകൂടാ; ഈ ലോകത്തിനു നഷ്ടപ്പെട്ടുകൂടാ; അദ്ദേഹം മുന്നോട്ടുവച്ച കാൽ പിൻവലിക്കാൻ നാം അനുവദിച്ചുകൂടാ. ദൗത്യ നിർവ്വഹണത്തിൽ അദ്ദേഹത്തോടൊപ്പം നിൽക്കുമെന്നും കർമ്മനിരതരാകുമെന്നുംകൂടി അദ്ദേഹത്തിന് ഉറപ്പു നൽകേണ്ടിയിരിക്കുന്നു, നാം.

ഈ കാലഘട്ടത്തിന്റെ ദിശാനിർണ്ണയത്തിൽ ഫ്രാൻസീസ് മാർപാപ്പയുടെ പങ്ക് ഒഴിവാക്കാനാവാത്തതാണെന്ന സന്ദേശം അദ്ദേഹത്തിനും ലോകത്തിനും നൽകുന്നതിൽ നാം വിജയിച്ചാൽ, തീർച്ചയായും കാലത്തിന്റേതായ ആ വിളി കേൾക്കാൻ അദ്ദേഹം തയ്യാറാകും. നമുക്ക് കൂടുതൽ കർമ്മനിരതരാകാം...

-എഡിറ്റർ

# പ്രസംഗപീഡനം!

## പഴയിടം പള്ളി (മുൻ)കപ്യാർ മനംനൊന്തു മരിച്ചു

*['പഴയിടം ഇടവകസംരക്ഷണസമിതി' പ്രവർത്തകർ നൽകിയ വിവരണമനുസരിച്ചെഴുതുന്നത്-എഡിറ്റർ]*

മദ്ബഹായുടെ വിശുദ്ധപരിവേഷസംരക്ഷണവലയത്തിനുള്ളിൽനിന്നുകൊണ്ട് ഇടവകക്കാരെ താഴ്ത്തിക്കെട്ടിയും വ്യക്തിതേജോവധം നടത്തിയും ശാപവാക്കുകളുതിർത്തുമുള്ള ചില വൈദികരുടെ പ്രസംഗങ്ങൾ മരണത്തിന്റെ വിത്തുകൾവരെ വിതയ്ക്കുന്നവയാണ് എന്ന്, വികാരി ഏകപക്ഷീയമായി പുറത്താ ക്കിയ പഴയിടം പള്ളിയിലെ കപ്യാരുടെ ദാരുണമരണം തെളിയിക്കുന്നു.

45 വർഷമായി ദേവാലയശുശ്രൂഷ നടത്തിക്കൊണ്ടിരുന്ന ശ്രീ വേങ്ങാപ്പള്ളിൽ കുര്യാക്കോസിനെ (കുര്യാച്ചൻ ചേട്ടൻ), വികാരിയായി വന്ന ഫാ. സെബാസ്റ്റ്യൻ കറിപ്ലാക്കൽ തന്നിഷ്ടപ്രകാരം പിരിച്ചുവിടുകയും അതിനെതിരെ ഇടവകക്കാർ കുരിശുംതൊട്ടിയിൽ ഉപവാസസമരം നടത്തുകയും ചെയ്തിരുന്നു (കാണുക, 'സത്യജ്വാല' 2013 ആഗസ്റ്റ്, സെപ്റ്റംബർ ലക്കങ്ങൾ). എന്നാൽ വികാരിയുടെ മർക്കടമുഷ്ടിക്ക് രൂപത വഴങ്ങുകയാണുണ്ടായത്. തുടർന്ന്, ഇടവകക്കാർ മുൻകൈയെടുത്ത് ഫണ്ടു സമാഹരണം നടത്തി മൂന്നരലക്ഷം രൂപാ കുര്യാച്ചൻ ചേട്ടനു നൽകി.

കുറ്റബോധം തോന്നിയതിനാലാകാം, 3 ലക്ഷംരൂപാ പള്ളിയിൽനിന്നുകൂടി കൊടുക്കുമെന്നു രൂപത പ്രഖ്യാപിച്ചു. എന്നാൽ, പ്രത്യേക പിരിവു നടത്തി ആ തുകയുണ്ടാക്കാമെന്നു വിചാരിച്ച വികാരിയുടെ പ്ലാൻ പാളി. പിരിച്ചുകിട്ടിയ 70000/- രൂപാകൊണ്ടു തൃപ്തിപ്പെടണമെന്ന് കപ്യാരോട് ഫാ. കറിപ്ലാക്കൽ ആവശ്യപ്പെട്ടു. തുക മുഴുവനാകുമ്പോൾ തന്നാൽ മതിയെന്ന് അദ്ദേഹം മറുപടിയും പറഞ്ഞു. അതായിരുന്നുവത്രെ, പ്രസംഗപീഡനത്തിനുള്ള പ്രകോപനം.

മാർച്ച് 22 ഞായറാഴ്ച ഫാ. കറിപ്ലാക്കലിന്റെ 'വചന പ്രഘോഷണം' കുര്യാക്കോസ് ചേട്ടനെ അവഹേളിച്ചും അദ്ദേഹത്തിനെതിരെ ശാപവചസ്സുകൾ ചൊരിഞ്ഞുമുള്ളതായിരുന്നു. ഇതറിഞ്ഞപ്പോൾ മുതൽ കുര്യാക്കോസ് ചേട്ടൻ വളരെ മനക്ലേശത്തിലായി. പിന്നീടദ്ദേഹം ആരോടും അധികം സംസാരിച്ചിട്ടില്ല; തീർത്തും മൗനിയായിരുന്നു. 27-ന് അദ്ദേഹത്തിനു ഹൃദയാഘാതമുണ്ടാകുകയും, കാരിത്താസ് ആശുപത്രിയിൽ 29-നു നിര്യാതനാകുകയും ചെയ്തു.

മാർച്ച് 31-ന് 'പഴയിടം ഇടവകസംരക്ഷണസമിതി' യുടെ നേതൃത്വത്തിൽ മരിച്ചടക്കുശുശ്രൂഷ നടത്തി. അതിൽ പങ്കെടുക്കാൻ ഫാ. കറിപ്ലാക്കലിനെ ഇടവകക്കാർ അനുവദിച്ചില്ല. കുര്യാച്ചൻ ചേട്ടന്റെ സഹോദരപുത്രനായ വൈദികനാണ് ശുശ്രൂഷകൾക്കു നേതൃത്വം കൊടുത്തത്.

പള്ളികളിൽ വ്യക്തിഹത്യാപ്രസംഗങ്ങളും രാഷ്ട്രീയ പ്രസംഗങ്ങളും നടത്തി ദേവാലയത്തിന്റെ പരിശുദ്ധി നഷ്ടപ്പെടുത്തുന്ന വൈദികരെ പ്രബുദ്ധരായ ഇടവകക്കാർ പള്ളിക്കകത്തുവച്ചുതന്നെ തടയേണ്ടത് അത്യാവശ്യമായിരിക്കുന്നു. പള്ളിയുടെ ഉടമകൾ എന്ന നിലയിൽ അവർക്കതിനവകാശമുണ്ട്. മാത്രമല്ല, അതൊരു പുണ്യകർമ്മവുമാണ്.

# പുറത്താക്കപ്പെട്ട കന്യാസ്ത്രീക്ക് 12 ലക്ഷം!

## കെ. സി. ബി. സി – ക്കും ഫാദർ പോൾ തേലക്കാട്ടിനും അഭിനന്ദനങ്ങൾ!

**റെജി ഞള്ളാനി**
(ചെയർമാൻ, കെ.സി. ആർ. എം. പ്രീസ്റ്റ്സ് & എക്സ് പ്രീസ്റ്റ്സ്- നൺസ് അസ്സോസിയേഷൻ)

**വൈ**ദികന്റെ പീഡനശ്രമം ചെറുത്ത് ചാരിത്ര്യം സംരക്ഷിച്ചതിന് മഠത്തിൽനിന്നു പുറത്താക്കപ്പെട്ട ആലുവാ സിസ്റ്റേഴ്സ് ഓഫ് സെന്റ് അഗാത്ത കോൺവെന്റിലെ കന്യാസ്ത്രീക്ക് 12 ലക്ഷം രൂപ നഷ്ടപരിഹാരം നല്കാൻ തീരുമാനം!

ഈ വിഷയത്തിൽ കെ.സി.ആർ.എം ശക്തമായ ഇടപെടലുകളാണ് നടത്തിയത്. 'കെ.സി. ആർ. എം. പ്രീസ്റ്റ്സ്& എക്സ് പ്രീസ്റ്റ്സ്- നൺസ് അസ്സോസിയേഷൻ', കൊച്ചിയിൽ നടത്തിയ ദേശീയസമ്മേളനത്തിൽ ഈ കന്യാസ്ത്രീയെ ആദരിച്ചിരുന്നു. തുടർന്ന്, ഈ സംഭവത്തിൽ സിസ്റ്ററെ ചേർത്ത് കെ.സി.ആർ.എം കൊച്ചിയിൽ പത്രസമ്മേളനം വിളിച്ചുചേർക്കുകയും കൊച്ചി ബിഷപ്പിനെക്കണ്ട് ചർച്ച നടത്തുകയും ചെയ്തു. പ്രശ്നപരിഹാരം ഉണ്ടാവാത്ത പക്ഷം, 2015 ഏപ്രിൽ 6-ന് മഠത്തിനു മുന്നിൽ നിരാഹാരം ഇരിക്കുമെന്നും അറിയിച്ചിരുന്നു.

സന്ന്യാസത്തിൽനിന്നു വിട്ടുപോരുന്നവർക്ക് അർഹമായ നഷ്ടപരിഹാരം നല്കണമെന്ന് കെ. സി. ആർ എം കൊച്ചി സമ്മേളനം സഭാനേതൃത്വത്തോട് ആവശ്യപ്പെട്ടിരുന്നു. ഈ ആവശ്യം ഇവിടെ അംഗീകരിക്കപ്പെട്ടിരിക്കുന്നു എന്നത് ഏറെ സന്തോഷകരമാണ്. ഇത്തരമൊരു തീരുമാനമെടുത്ത കെ. സി . ബി. സി. ക്കും ഫാദർ പോൾ തേലക്കാട്ടിനും അഭിനന്ദനം അറിയിക്കുന്നു. സഭയുടെ ചരിത്രത്തിൽ ആദ്യമായാണ് ഇങ്ങനെയൊരു നഷ്ടപരിഹാരത്തുക നല്കുന്നത്. ഇതു സംഘടനയുടെ നയതന്ത്രവിജയംകൂടിയാണ്.

ഈ കന്യാസ്ത്രീക്കു നൽകിയ തുക വളരെ കുറഞ്ഞുപോയി എന്ന പരാതി സംഘടനയ്ക്കുണ്ട്. 12 വർഷം കന്യാസ്ത്രീയായി ഇൻഡ്യയിലും ഇറ്റലിയിലും സേവനം അനുഷ്ഠിച്ച ഈ സിസ്റ്റർ സ്കൂൾ അദ്ധ്യാപികയായിരുന്നു. വിദേശത്തും സ്വദേശത്തും അവർ ചെയ്ത ജോലിക്കു ലഭിക്കേണ്ട ശമ്പളത്തിന്റ തുകകൂട്ടിയാൽ മാത്രം 50 ലക്ഷത്തിനു മുകളിൽവരും. കൂടാതെ, സിസ്റ്ററുടെ യൗവനകാലം നഷ്ടമാവുകയും ചെയ്തു. മഠത്തിൽ കൊടിയ ശാരീരിക- മാനസിക പീഡനങ്ങളും പട്ടിണിയും അവർക്ക് അനുഭവിക്കേണ്ടി വന്നു. മഠത്തിൽ ചേർന്നപ്പോൾ അവരുടെ കുടുംബവിഹിതം നൽകിയതാണ്. ചാരിത്രം സംരക്ഷിക്കുവാൻ അപമാനം സഹിക്കേണ്ടി വന്നു. തന്മൂലം, അവരുടെ മുന്നോട്ടുള്ള ജീവിതം തീർത്തും ആശങ്കാകുലവുമാണ്. ഈ സാഹചര്യങ്ങൾ പരിഗണിച്ചാൽ സിസ്റ്ററിന് എഴുപതുലക്ഷം രൂപയ്ക്കുമേൽ നഷ്ടപരിഹാരത്തിന് അർഹതയുണ്ട്. ഈ തുക അനുവദിക്കണമെന്നുതന്നെയാണ് സംഘടനയുടെ നിലപാട്. സിസ്റ്റർക്ക് നീതി ലഭിച്ചിട്ടില്ലെന്നും നീതി ലഭിക്കണമെന്നുമാണ് സംഘടനയുടെ നിലപാട്. അനുവദിച്ചിട്ടുള്ള തുക മുന്നോട്ടുള്ള ജീവിതത്തിന് അപര്യാപ്തമായതിനാൽ തുടർചർച്ചകൾ ആവശ്യമാണ്.

തന്നെ പുറത്താക്കിയതിന്റെ കാരണമെന്തെന്നു വ്യക്തമാക്കണമെന്ന കന്യാസ്ത്രീയുടെ ചോദ്യത്തിന് ഉത്തരം നൽകാൻ സഭാധികാരം തയ്യാറായിട്ടില്ല എന്നതിൽ ദുരൂഹതയുണ്ട്. കന്യാസ്ത്രീയായി ജീവിതം തുടരാനിഷ്ടപ്പെട്ടിരുന്ന അവരുടെ ദൈവവിളി നിഷേധിക്കാനുണ്ടായ കാരണമെന്തെന്നറിയാൻ അവർക്കു മാത്രമല്ല, മൊത്തം കത്തോലിക്കാസമൂഹത്തിനും അവകാശമുണ്ട്. അതുപോലെതന്നെ, കുറ്റവാളിയായ വൈദികനെ കണ്ടെത്തി ശിക്ഷിക്കാതെ സംരക്ഷിക്കുന്നതെന്തുകൊണ്ട് എന്നറിയാനും വിശ്വാസിസമൂഹത്തിനവകാശമുണ്ട്.

എങ്കിലും, കീഴ്‌വഴക്കങ്ങൾ മറികടന്ന് 12 ലക്ഷം രൂപയെങ്കിലും കൊടുക്കുവാൻ തയ്യാറായ കെ. സി . ബി.സി-യെയും ഫാദർ പോൾ തേലക്കാട്ടിനെയും, 'കെ.സി.ആർ.എം. പ്രീസ്റ്റ്സ് & എക്സ് പ്രീസ്റ്റ്സ് നൺസ് അസ്സോസിയേഷൻ' അഭിനന്ദനങ്ങൾ അറിയിക്കുന്നു.

മുന്നോട്ടുള്ള കാലങ്ങളിലും കെ.സി.ബി.സി-യുമായി ഇതുപോലെ നല്ല ബന്ധത്തിലും സൗഹാർദ്ദത്തിലും മുന്നോട്ടു പോകുവാനാണ് സംഘടനയുടെ തീരുമാനം.

ഫോൺ: 9447105070



# ‘സഭ ദൈവവിളിക്കായി ദാഹിക്കുന്നു’വെന്ന്

## മാർ ജോർജ് ആലഞ്ചേരി

**ദൈ**വവിളിക്കുവേണ്ടിയുള്ള ദാഹം സഭയ്ക്കുണ്ടെന്ന് സീറോ-മലബാർ സഭാ മേജർ ആർച്ചുബിഷപ്പ് കർദ്ദിനാൾ മാർ ആലഞ്ചേരി. പാലാ ബിഷപ്സ് ഹൗസിൽ നടന്ന സന്യസ്ത സംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു, അദ്ദേഹം. സഭയുടെ സേവനം ആവശ്യമുള്ളിടത്തെല്ലാം പോകാൻ നാം തയ്യാറാകണം. സമർപ്പിതർ ക്രിസ്തുവിന്റെ ശുശ്രൂഷ പൂർണതയിൽ ചെയ്യുന്നവരാണ്. അതിനാൽ, ക്രിസ്തുവിലേക്കുള്ള പൂർണരൂപാന്തരീകരണത്തിനാണ് സമർപ്പിതർ ശ്രമിക്കേണ്ടത്. ചുറ്റുമുള്ളവരെ സ്നേഹത്തിന്റെ ഐക്യത്തിലേക്കു കൊണ്ടുവരാൻ കഴിയണമെന്നും കർദ്ദിനാൾ പറഞ്ഞു.

പാലായിലെ 3 മെത്രാന്മാരും മുഴുവൻ മോൺസിഞ്ഞോർമാരും വിവിധ സന്ന്യാസസഭകളെ പ്രതിനിധീകരിച്ച് ജനറാൾമാർ, പ്രൊവിൻഷ്യൽ സുപ്പീരിയർമാർ മുതലായവരും ഈ സമ്മേളനത്തിൽ പങ്കെടുക്കുകയുണ്ടായി (അവലംബം: മാർച്ച് 22-ലെ മംഗളം ദിനപത്രം)



*-കെ.സി.ആർ.എം. സംഘടിപ്പിച്ച കൊച്ചി ദേശീയസമ്മേളനത്തിന്റെ ചൂടാറുംമുമ്പേ സന്ന്യാസിനീസഭാധികാരികളെ വിളിച്ചുകൂട്ടി ‘ദൈവവിളി’യുടെ ഈറ്റില്ലമായ പാലായിൽ നടത്തിയ ഈ സന്ന്യസ്തസംഗമത്തിനു പ്രത്യേക പ്രാധാന്യമുണ്ട്. ഫെബ്രു. 28-ന് എറണാകുളത്ത് ഒത്തുകൂടിയ മുൻ പുരോഹിതരും കന്യാസ്ത്രീകളും, അവിടെ വന്നുചേർന്ന നിലവിലുള്ള പുരോഹിതരോടും സമുദായപരിഷ്കർത്താക്കളായ നേതാക്കളോടും പങ്കുവച്ച തങ്ങളുടെ സങ്കടങ്ങളും ആവലാതികളും അമർഷ-രോഷങ്ങളും പത്രമാധ്യമങ്ങളിലൂടെയും ചാനലുകളിലൂടെയും ജനങ്ങളെല്ലാം അറിയാനിടയായി എന്നതായിരിക്കണം, ഇങ്ങനെയൊരു സന്ന്യസ്തസംഗമം അടിയന്തിരമായി നടത്താൻ സഭാനേതൃത്വത്തെ നിർബന്ധിതമാക്കിയത്. ഒരച്ചനെതിരെ പരാതി കൊടുത്തു എന്നതിന്റെ പേരിൽ ക്രൂരമായി പീഡിപ്പിച്ചതും മഠത്തിൽ നിന്നു പുറത്താക്കിയതും സഭയ്ക്കു നാണക്കേടിനു കാരണമായെന്നും, അതൊക്കെ ചോദിക്കാനും പറയാനും കേരളത്തിൽ ആൾക്കാരുണ്ടായിക്കഴിഞ്ഞുവെന്നും, ഇനി വളരെ സൂക്ഷിച്ചേ ഇത്തരം നടപടികളെടുക്കാവൂ എന്നും താക്കീതു ചെയ്തിട്ടുണ്ടാകണം, മാർ ആലഞ്ചേരിയും മറ്റു മെത്രാന്മാരും. അതിന്റെ സൂചനയായി വേണം, ‘ചുറ്റുമുള്ളവരെ സ്നേഹത്തിന്റെ ഐക്യത്തിലേക്കു കൊണ്ടുവരാൻ കഴിയണ’മെന്ന മാർ ആലഞ്ചേരിയുടെ ഉപദേശത്തെ കാണാൻ.*

*തീർച്ചയായും ഇത് സഭയുടെ ഭാഗത്തുനിന്നുണ്ടായ ഒരു പോസിറ്റീവ് നടപടിയാണ്. കെ.സി.ആർ.എം. കൊച്ചിയിൽ നടത്തിയ ദേശീയ സമ്മേളനവും അവിടെ രൂപംകൊണ്ട ‘KCRM Priests & ExPriests - Nuns Association’-നും ഉയർത്തിയ നവീകരണത്തിന്റെ അലകൾ സഭയെ ചലനാത്മകമാക്കാനാരംഭിച്ചിരിക്കുന്നു എന്നതിന്റെ തെളിവായി ഇതിനെ കാണാം. സഭയുടെ ചരിത്രത്തിലാദ്യമായി പുറത്താക്കപ്പെട്ട ഒരു കന്യാസ്ത്രീക്ക്, തുക എത്ര കുറഞ്ഞതുമാകട്ടെ, ഒരു നഷ്ടപരിഹാരത്തുക നൽകാൻ സഭ തയ്യാറായി എന്നത് കൊച്ചി ദേശീയസമ്മേളനത്തിന്റെ*

*അടിയന്തിരഫലമാണ്.*

*ഇത്തരുണത്തിൽ, മാർ വർക്കി വിതയത്തിലിന്റെ 'തുറന്ന മനസ്സോടെ' എന്ന ഗ്രന്ഥത്തിൽ അദ്ദേഹം കന്യാസ്ത്രീകളുടെ ദയനീയാവസ്ഥയെക്കുറിച്ചെഴുതിയിട്ടുള്ളത് ഇവിടെ ഉദ്ധരിക്കുന്നതു പ്രസക്തമാണെന്നു തോന്നുന്നു: അദ്ദേഹമെഴുതി:* ***"ഞാൻ പറയും, ഒരു വലിയ അളവോളം സിസ്റ്റേഴ്സ് വിമോചിതരായ സ്ത്രീകളല്ല. വൈദികർ തങ്ങളോടു പ്രതികാരം ചെയ്യുമോ എന്ന ഭയത്തിൻ കീഴിൽ കഴിയാൻ അവർ വിധിക്കപ്പെടുന്നു. വൈദികർ അവരുടെമേൽ ചെലുത്തുന്ന ഈ ആധിപത്യമനോഭാവം അവരെ നിസ്സഹായരാക്കിത്തീർക്കുന്നു. ഇതു വളരെ ദയനീയ അവസ്ഥയാണ്. ഇതിൽനിന്നും ആരെങ്കിലും അവരെ മോചിപ്പിക്കണം"*** *(പേജ് 135).*

*അതെ, ഈ 'ആരെങ്കിലു'മാവുകയാണ് കെ.സി.ആർ. എം. ചെയ്തത്, ചെയ്തുകൊണ്ടിരിക്കുന്നത്. ആ അർത്ഥത്തിൽ കെസി.ആർ.എം-ഉം 'KCRM Priests & Ex Priests - Nuns Association' -നും മാർ വർക്കി വിതയത്തിലിന്റെ അനുഗ്രഹാശിസ്സുകൾ ശിരസ്സിലേറ്റിയാണ് പ്രവർത്തിക്കുന്നത് എന്നു പറയാനാകും.*

*സഭ ദൈവവിളിക്കായി ദാഹിക്കുന്നതൊക്കെ കൊള്ളാം. എന്നാൽ, പുരോഹിതർ കന്യാസ്ത്രീകൾക്കായി ദാഹിക്കുന്ന സാഹചര്യം ഒഴിവാക്കിയേപറ്റൂ. ഇക്കാര്യം അവരെ ബോധിപ്പിക്കാൻ പാലായിൽത്തന്നെ ഒരു വൈദികസംഗമവും നടത്താവുന്നതാണ്.* ■

# കാഞ്ഞിരപ്പള്ളി രൂപതയിൽ ദശാംശപ്പിരിവ്!

പ്രത്യേകം തയ്യാറാക്കിയിട്ടുള്ള ഫോറത്തിൽ കുടുംബാംഗങ്ങളുടെയെല്ലാം പേരുവിവരവും ജോലിയും, ഓരോരുത്തരും ദശാംശമായി നൽകേണ്ട തുകയും അച്ചടിച്ച് കാഞ്ഞിരപ്പള്ളി രൂപത ഓരോ കുടുംബത്തിനും വിതരണം ചെയ്തിരിക്കുകയാണ് എന്നറിയുന്നു. 2013-14 സാമ്പത്തികവർഷം ഓരോ കുടുംബവും ഇടവകപ്പള്ളിയലടയ്ക്കേണ്ട മൊത്തം ദശാംശത്തുക എത്രയെന്നു കൃത്യമായി കാണിക്കുന്ന ഫോറമാണ് നൽകുന്നത്. 'ജീവൻ 2015' എന്ന പേരിൽ, 'പങ്കുവയ്ക്കലിലൂടെ ജീവന്റെ സമൃദ്ധിയിലേക്ക്' എന്ന മുദ്രാവാക്യത്തിന്റെയും, ഹെബ്രായർക്കുള്ള ലേഖനത്തിലെ, 'നന്മ ചെയ്യുന്നതിലും നിങ്ങൾക്കുള്ളവ പങ്കുവയ്ക്കുന്നതിലും ഉപേക്ഷ വരുത്തരുത്. അത്തരം ബലികൾ ദൈവത്തിനു പ്രീതികരമാണ്" (ഹെബ്രാ. 13:16) എന്ന ബൈബിൾ വചനത്തിന്റെയും അകമ്പടിയോടെയാണ് കാഞ്ഞിരപ്പള്ളി രൂപതയുടെ ഈ പകൽക്കൊള്ള!

ജോലിയൊന്നുമില്ലാത്ത ഒരു ഡസനോളം അംഗങ്ങളുള്ള ഒരു കുടുംബത്തിലെ കർഷകനായ ഗൃഹനാഥന്റെ പേരിൽ 1500/- ഓളം രൂപയാണ് ദശാംശം നൽകാൻ 'ജീവൻ 2015' കല്പിച്ചിരിക്കുന്നത്! അപ്പോൾ, മറ്റു വരുമാനവും ഉദ്യോഗസ്ഥരുമുള്ള കുടുംബങ്ങൾക്ക് എത്രയാകും 'ശിക്ഷ' എന്നൂഹിക്കുക.

വിശ്വാസികൾക്കു പ്രാതിനിധ്യമില്ലാതെയെടുക്കുന്ന ഏതു നിയമവും തീരുമാനവും അക്കാരണത്താൽത്തന്നെ അസാധുവാണ്. വിശ്വാസികൾ ദശാംശം നൽകണമെന്നു പറയാൻ, ദശാംശംപോയിട്ട്, നേർച്ചപോലും നൽകാത്ത മെത്രാനും വൈദികനും ആര്?

മനുഷ്യർ തങ്ങൾക്കുള്ളവ, പരസ്പരം പങ്കുവച്ച് ജീവിക്കേണ്ടവർതന്നെയാണ്, സംശയമില്ല. എന്നാൽ, അതെങ്ങനെ, ആർക്കൊക്കെ, എത്രമാത്രം പങ്കുവയ്ക്കണമെന്നു തീരുമാനിക്കേണ്ടത് ഓരോ മനുഷ്യനും ഓരോ കുടുംബവുമാണ്. അതിനായി, ദരിദ്രരും രോഗികളും ആർത്തരും ആലംബഹീനരുമായി എത്രയോപേർ ഓരോരുത്തരുടെയും ചുറ്റുപാടിൽ, തങ്ങളുടെ അയൽപക്കങ്ങളിൽത്തന്നെയുണ്ട്! അതിനിടയിൽ ഒരു സ്ഥാപനം വീടുകളിലേക്ക് അധികാരത്തോടെ കടന്നുവന്ന്, 'ഇതാണ് നിങ്ങൾ നൽകേണ്ട ദശാംശം, എടുക്ക് പണം' എന്നാജ്ഞാപിക്കാൻ തുനിഞ്ഞാൽ, 'കടക്ക് പുറത്ത്' എന്നു നട്ടെല്ലു നിവർത്തിനിന്ന് നാം പറഞ്ഞേ തീരൂ. അതിനുള്ള ധീരത യേശുവിൽനിന്ന് നാം ആർജ്ജിക്കേണ്ടിയിരിക്കുന്നു.

തിക്താനുഭവങ്ങൾ:

# സഭാമതിലുകൾക്കു പുറത്ത്, സാമൂഹികഭ്രഷ്ടിനാൽ ഏകനായി *(തുടർച്ച)*



റവ.ഡോ. ജെ.ജെ. പള്ളത്ത്

## പൗരോഹിത്യബ്രഹ്മചര്യത്തിന്റെ പൊള്ളത്തരം

**പൗ**രോഹിത്യബ്രഹ്മചര്യമുള്ള എല്ലാ മതങ്ങളുടെയും പ്രധാന ലക്ഷ്യം, ഒരു ചെറുവിഭാഗമായ ഇവരുടെ ബ്രഹ്മചര്യമഹത്വം പൊക്കിപ്പറഞ്ഞ് ബഹുഭൂരിപക്ഷം വിശ്വാസികളിൽ ലൈംഗികകുറ്റബോധം ജനിപ്പിക്കലാണ്. ലൈംഗികനിഷേധത്തിന്റെ ചിഹ്നമായ ളോഹയിട്ട ശരീരം കാണുമ്പോഴൊക്കെ വിശ്വാസികളിൽ ലൈംഗികതയെക്കുറിച്ചുള്ള കുറ്റബോധം ഉണരുന്നു. ഇരുപത്തഞ്ചുവർഷം 'പിടിച്ചുനിന്ന' തിന്റെ, അമ്പതുവർഷം 'പിടിച്ചുനിന്ന'തിന്റെ, ഒക്കെ ആഘോഷങ്ങൾ പലതട്ട് ജൂബിലികളായി ആവർത്തിച്ച് ആഘോഷിക്കുന്നതിന്റെ രഹസ്യം ഇതാണ്. ബ്രഹ്മചര്യം ഏതാണ്ട് അമാനുഷികമാണ്, സാധാരണ വിശ്വാസികൾക്ക് അപ്രാപ്യമാണ്, എന്നൊക്കെ ധ്വനിപ്പിക്കുന്ന സംസാരവും ശരീരഭാഷയുമാണ് ഇവരുടേത്. ലൈംഗികത ഏതെങ്കിലും തരത്തിൽ പ്രകടിപ്പിക്കാത്ത ഒരു ജീവിയുമില്ല. ഈ സ്വയം പ്രഖ്യാപിത ബ്രഹ്മചാരികളിൽ നല്ലൊരു ശതമാനവും സ്വലിംഗരതിയിൽ ആഭിമുഖ്യമുള്ളവരാണ്. ഇവർക്ക് ബ്രഹ്മചര്യം ഒരു പ്രശ്നമേയല്ല, അതിലൊരു ത്യാഗവുമില്ല. അക്കാരണത്താൽ, ഇത്രമാത്രം ആഘോഷിക്കേണ്ടുന്ന ഒരു 'പിടിച്ചുനിൽക്കലു'മില്ല. ഇവരുടെ ലൈംഗിക ആവശ്യങ്ങൾ സ്വലിംഗലൈംഗികതയിലൂടെ അൽത്താര ബാലന്മാരടക്കം മറ്റു കുട്ടികളെയും ലൈംഗികത്തൊഴിലാളികളെയും ഉപയോഗിച്ച് നിറവേറ്റുന്നു. സർക്കാരിന്റെ എച്ച്.ഐ.വി./എയ്ഡ്സ് പ്രതിരോധപ്രവർത്തനപദ്ധതി നടപ്പാക്കിയ ഒരവസരത്തിൽ, പുരുഷലൈംഗികത്തൊഴിലാളികൾ പുരോഹിതരായ അവരുടെ കക്ഷികളെക്കുറിച്ചു പറഞ്ഞത് ഇങ്ങനെ: "അച്ചന്മാരാണ് 'പരിപാടി' കഴിഞ്ഞാൽ പൈസപോലും തരാതെ സേവനത്തിന്റെ പേരുപറഞ്ഞ് ഓസുന്നത്." ലൈംഗികപീഡനനിയമം ശക്തമായി നടപ്പാക്കുന്ന പാശ്ചാത്യരാജ്യങ്ങളിൽ എത്രയോ ബ്രഹ്മചാരിപുരോഹിതരാണ് കുട്ടികളെ ലൈംഗികമായി ഉപയോഗിച്ചതിന്റെ പേരിൽ ശിക്ഷിക്കപ്പെട്ടിരിക്കുന്നത്!

### പുറത്താക്കപ്പെടുന്നവരുടെ സാമ്പത്തികപരാധീനതകൾ

വൈദിക-സന്ന്യസ്തജീവിതത്തോട് വിവിധ കാരണങ്ങളാൽ വിട പറയുന്നവർ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം സമ്പത്തുമായി ബന്ധപ്പെട്ടുള്ള ബന്ധുക്കളുടെ ക്രൂരതയാണ്. എന്റെ കാര്യത്തിലും സ്ഥിതി വ്യത്യസ്തമല്ല. മാനന്തവാടി-വാണാസുരം കോട്ട പി.ഡബ്ല്യു.ഡി. റോഡിന് ഇരുവശത്തുമായി പത്തേക്കറിലധികം വരുന്ന, കോടിക്കണക്കിനു രൂപാ വിലമതിക്കുന്ന എന്റെ വസ്തുവിഹിതം, എന്റെ ഏക ജ്യേഷ്ഠപുത്രന് മാതാപിതാക്കളെ പരിചരിച്ചതിനു പ്രതിഫലമായി എഴുതിക്കൊടുത്തു കഴിഞ്ഞപ്പോഴാണ് എന്നെ പുറത്താക്കുന്നത്. ഈ വസ്തുവിൽ നിന്ന് ഒറ്റപ്പെട്ടു കിടക്കുന്ന 90 സെന്റ് സ്ഥലം എഴുതിത്തരാൻ പറഞ്ഞപ്പോൾ എന്റെ എല്ലാമായി കരുതിയിരുന്ന അനന്തരവൻ അതിനു വിസമ്മതിച്ചു. ഇപ്പോൾ ഞങ്ങൾ കണ്ടാൽ മിണ്ടാത്തത്ര അകന്നു. വിളിച്ചാൽ ഫോണെടുക്കാറില്ല; അറിയിക്കാതെ ചെന്നാൽ കണ്ടുമുട്ടുമ്പോൾ മുങ്ങും. എന്നിരുന്നാലും സാമ്പത്തികസുരക്ഷയുടെ കാര്യത്തിൽ ഞാൻ ഭാഗ്യവാനാണ്. എന്റെ സുഹൃത്തുക്കളായ സാംസ്കാരിക നേതാക്കൾ അത്യാവശ്യഘട്ടങ്ങളിൽ സാമ്പത്തികമായിപ്പോലും സഹായിച്ചതുകാരണമാണത്. എന്നാൽ, നിസ്സാര കാരണങ്ങൾക്കു 'പിടിക്കപ്പെട്ട്' പുറത്താക്കപ്പെട്ട നിരവധി പുരോഹിതർ സാമൂഹിക ഒറ്റപ്പെടലും സാമ്പത്തികഞെരുക്കവുംമൂലം വിഷമിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. സുരക്ഷിതത്വത്തിന്റെ കാസ പിടിച്ച് കുർബാന എഴുന്നള്ളിച്ച കൈകൾ കൊണ്ട് അരക്ഷിതത്വത്തിന്റെ റബർ വെട്ടി ഉപജീവനം കഴിക്കുന്ന 60 വയസ്സിനു മുകളിലുള്ള ഒന്നു രണ്ടു പേരെയെങ്കിലും എനിക്കറിയാം. ഒരിക്കൽ പുറത്താക്കിയാൽ അവരുടെ ജീവിതത്തിനും അവർ നൽകിയ

സംഭാവനകൾക്കും യാതൊരു പരിഗണനയും കൊടുക്കാത്ത, ലോകത്തിലെതന്നെ ഏക 'അൽഷേമിയസ്' പ്രസ്ഥാനമാണ് ബ്രഹ്മചര്യ പൗരോഹിത്യസമൂഹം.

**സാമൂഹികഭ്രഷ്ട് കുറച്ച ഇടപെടലുകൾ**

എന്നോടൊത്ത് പരസ്യമായി നിലപാടെടുത്ത കുറേ പേരുണ്ട്. വി.ആർ. കൃഷ്ണയ്യർ, ജോസഫ് പുലിക്കുന്നേൽ, ഗ്രോ വാസു, പി. ഗോവിന്ദപിള്ള, ഡോ. ബാബുപോൾ ഐ.എ.എസ്, ഡോ. മൈക്കിൾ തരകൻ തുടങ്ങിയവർ ഇവരിൽ ചിലർമാത്രം. പിന്തുണയ്ക്കായി ഞാൻ സമീപിച്ച നിരവധി സാംസ്കാരികനേതാക്കളിൽ സുകുമാർ അഴീക്കോടും ഉണ്ടായിരുന്നു. ആദ്യം എന്റെ സമരത്തെ അനുകൂലിച്ച് അദ്ദേഹം ഒരു കത്ത് തന്നിരുന്നു. എന്നാൽ, ഫാദർ എ. അടപ്പൂരും, ജോൺ ഓച്ചന്തുരുത്തും പോയി കണ്ടപ്പോൾ അദ്ദേഹം നിലപാട് മാറ്റി, തന്ന കത്ത് പിൻവലിച്ചു. എന്നാൽ ഇവരെപ്പോലെ പല പ്രഗത്ഭരും പോയി കെഞ്ചിപ്പറഞ്ഞിട്ടും വി.ആർ. കൃഷ്ണയ്യർ അദ്ദേഹത്തിന്റെ നിലപാട് മാറ്റിയില്ല. അദ്ദേഹം എന്റെ പുറത്താക്കലിനെ ഒരു മാനുഷികപ്രശ്നമായി കണ്ടുകൊണ്ടാണ് പിന്തുണച്ചത്. എന്റെ പോരാട്ട കേന്ദ്രമായിരുന്ന കോഴിക്കോട് നിവാസികളായ, എം.ജി.എസ്. നാരായണനും അജിതയുമടക്കം സമ്മർദ്ദങ്ങൾക്കു വഴങ്ങി നിലപാട് മാറ്റിയപ്പോഴും, വാസുവേട്ടൻ എന്നെ അചഞ്ചലനായി പിന്തുണച്ചു. അങ്ങനെ കേരളത്തിലെ പല സാംസ്കാരികനേതാക്കളെയും അടുത്തറിയാനും ഒപ്പം എന്നോടുള്ള സാമൂഹികഭ്രഷ്ട് കുറയ്ക്കാനും എന്റെ പോരാട്ടം സഹായകമായി.

ഒരു പതിറ്റാണ്ടിലേറെ സാമൂഹിക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയായിരുന്ന ബാബുപോൾ സാർ 2013-ൽ എഴുതിയ '*ഫ്രാൻസിസ് വീണ്ടും വരുന്നു,*' എന്ന പുസ്തകത്തിന്റെ 158-ാം പേജിൽ എന്നെക്കുറിച്ച് എഴുതിയത് ഇങ്ങനെയാണ്:"നാടോടിവിജ്ഞാനീയത്തിൽ അറിയപ്പെടുന്ന രണ്ടോ മൂന്നോ പേരിൽ ഒരാളായ പള്ളത്ത് ഈശോസഭാംഗമാണ്... തെയ്യത്തിൽ ഡോക്ട്രേറ്റ് എടുത്ത പള്ളത്തച്ചൻ തെയ്യം സഭയിൽ കെട്ടിയാടുന്നതിന്റെ നിബന്ധനകൾ മറന്നു പുറത്തുപോയി എന്നതു മറ്റൊരു കാര്യം." ഈ വാചകത്തിലെ കുത്ത് ഞാൻ കാണാതിരിക്കുന്നില്ല, അതു ഞാൻ അംഗീകരിക്കുന്നില്ലെങ്കിലും. എന്നിരുന്നാലും, ഇതിൽ നിഴലിക്കുന്ന വാത്സല്യവും അംഗീകാരവും സാമൂഹികഭ്രഷ്ട് കുറയ്ക്കാൻ വളരെയേറെ സഹായിച്ചു. അതുപോലെ, 2004-ൽ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ വന്ന താഹ മാടായിയുടെ മുഖാമുഖവും, കെ.സി.ആർ.എം. പോലുള്ള സംഘടനകളുടെ ആദരിക്കലും സഹായകമായിട്ടുണ്ട്.

അന്തരിച്ച ഫാ. സുക്കോൾ, മുൻ പ്രൊവിൻഷ്യൽ ഫാ. ജോസഫ് പുളിക്കൽ, ഫാ. കൊട്ടുകാപ്പള്ളി, റവ.ഡോ.സ്നേഹാനന്ദജ്യോതി തുടങ്ങിയ ഈശോസഭാംഗങ്ങൾ തുടക്കം മുതൽ അനുകൂലമായെടുത്ത നിലപാട് എനിക്ക് സാമൂഹിക അംഗീകാരം നൽകി. ഈ അടുത്തകാലത്ത്, കോഴിക്കോട് ബിഷപ്പ് വർഗ്ഗീസ് ചക്കാലയ്ക്കൽ, ഈശോസഭ പ്രൊവിൻഷ്യൽ ഫാ. ജോസഫ് കല്ലേപ്പിള്ളിൽ, ഇപ്പോഴത്തെ പ്രൊവിൻഷ്യൽ ഫാ. എം.കെ. ജോർജ്ജ് തുടങ്ങിയവരുടെ മൃദുസമീപനവും എനിക്കു സഹായകമായി. ഇവരിലൊക്കെ ഞാൻ ഒരു ഹൃദയാദ്രതാമയമായ ആത്മീയത കാണുന്നുണ്ട്. കൂടുതൽ പേർ ഈ ദിശയിൽ സഞ്ചരിച്ച് പുറത്താക്കപ്പെടുന്നവരോടുള്ള സാമൂഹിക ഭ്രഷ്ട് ഒഴിവാക്കി സഭയെ ഒന്നിനൊന്ന് മാനവീകരിക്കട്ടെ എന്ന് ആശിക്കുന്നു.

ഫോൺ: 9447482210

# 'ത്യാഗമാണാത്മയാഗം'



**സാമുവൽ കൂടൽ**

*(വിശ്വപ്രസിദ്ധമായ, 'Onward christian soldiers, We are marching to Zeon' എന്ന ഗാനത്തിന്റെ ഈണത്തിൽ എഴുതിയത്)*



നിന്നെപ്പോലെ തന്നെ നിന്നയൽക്കാരേയും
എന്നു സ്നേഹിച്ചീടാൻ നിങ്ങൾക്കാകുമോ ;
അന്നാൾവരെ എന്റെ ഇഷ്ടജനമല്ല,
നിങ്ങളെന്റെ പ്രിയ സ്നേഹിതരല്ല!

നിത്യജീവൻ നേടാൻ പള്ളികൾ പണിതാ
നിത്യമാരാധനാ ജൽപ്പനം പോരാ.....
'നല്ലശമരായൻ' ആകുവോരാ ഭാഗ്യ
സീയോനിലെ നിത്യവാസികളാകും!

നാടുനീളെ പള്ളി,പുണ്യാളരോ കോടി;
കുർബാന/കൂദാശ എന്നുമേ കേമം!
എൻജനമേ കേൾക്ക, യാഗമല്ല ത്യാഗം;
യാഗം വെടിഞ്ഞോടി ത്യാഗം ചെയ്യുവിൻ....

# പൗരോഹിത്യത്തിന്റെ അസാംഗത്യത്തെക്കുറിച്ച് ഫാ. സെബാസ്റ്റ്യൻ കാപ്പൻ



ക്രാന്തദർശിയും സ്വതന്ത്രചിന്തകനുമായിരുന്ന ഫാ. എസ്. കാപ്പൻ എന്ന ഈശോ സഭാവൈദികൻ തന്റെ ആത്മകഥാക്കുറിപ്പുകൾ ഉൾക്കൊള്ളുന്ന 'Ingathering' എന്ന ഗ്രന്ഥത്തിൽ ഇങ്ങനെ എഴുതിയിരിക്കുന്നു: ''ഹൈസ്കൂളിൽ കർമലീത്താക്കാരുടെ ബോർഡിംഗ് ഹൗസിൽ കഴിഞ്ഞിരുന്ന എന്നെ ഭക്തിയെന്ന മയക്കുമരുന്ന് അടിമയാക്കി. അനുദിനകുർബാന, ആഴ്ചാവസാനത്തെ കുമ്പസാരം, മണിക്കൂറുകളോളം നീണ്ടുനിന്ന പ്രാർഥന എന്നിവ എന്റെ സ്വഭാവത്തിന്റെ ഭാഗമായി. തിരുഹൃദയത്തോടും ക്രിസ്തുരാജനോടുമുള്ള ഭക്തിയിൽ താൻ അഭിരമിച്ചു. ഒരു വല്ലാത്ത പാപബോധം എന്നെ മാനസ്സികമായി വലച്ചുകൊണ്ടിരുന്നു. എത്ര ഏറ്റുപറഞ്ഞാലും മുഴുവൻ പാപങ്ങളും അവയുടെ തരവും ശരിക്കു വെളിപ്പെടുത്തിയില്ല എന്ന ഭയത്താൽ വീണ്ടും വീണ്ടും കുമ്പസാരക്കൂട്ടിലേക്കു പൊയ്ക്കൊണ്ടിരുന്നു. മറുവശത്താകട്ടെ, സ്ത്രൈണമായ സൗന്ദര്യത്തെപ്പറ്റിയുള്ള ജിജ്ഞാസയിൽ നിന്നും വശ്യതയിൽനിന്നും അകലാൻ എനിക്കാകുമായിരുന്നില്ല. കൃത്രിമമായ ഈ വടംവലി എന്നിലുള്ള കവിയെയും കലാകാരനെയും കൊല്ലുകയായിരുന്നു. അസ്വാഭാവികമായ എന്റെ ഭക്തിമൂലം ഞാനൊരു sexual neurotic ആയി മാറി. ഒരു വശത്ത്, സ്ത്രീകളെപ്പറ്റി അറിയാനുള്ള ആഗ്രഹം, മറുവശത്ത് ഒരു സ്ത്രീയുടെ മുഖത്തു നോക്കാൻപോലും ധൈര്യമില്ലായ്മ. പുരോഹിതനായിക്കഴിഞ്ഞും ഈ ദുരവസ്ഥയിലായിരുന്നു, ഞാൻ. അതിൽനിന്ന് എനിക്ക് ഏതാണ്ടൊരു മോചനം കിട്ടിയത്, വളരെ നീണ്ട മാനസികപിരിമുറുക്കത്തിനും അദ്ധ്വാനത്തിനും ആത്മശോധനയ്ക്കും ശേഷമാണ്. വൈദികപരിശീലനം എനിക്കു നല്കിയത് ഒരു pessimistic spirituality ആണ്. സ്നേഹിക്കാതിരിക്കുക എന്നതു മാത്രമാണ് പാപം എന്ന തിരിച്ചറിവ് ഉണ്ടായതോടെയാണ് സ്വാതന്ത്ര്യം എന്തെന്ന് ഞാനനുഭവിച്ചുതുടങ്ങി യത്. യേശുവിന്റെ സന്ദേശ ത്തിന്റെ കാതൽ അതാണെന്നു മനസ്സിലാക്കാൻ എനിക്ക് നീണ്ട വർഷങ്ങൾ വേണ്ടിവന്നു.''

തുടർന്ന് അദ്ദേഹം പറയുന്നു, "സഭ വിശ്വാസികളിലും വൈദികപരിശീലനം പുരോഹിതരിലും കുത്തിവയ്ക്കുന്ന അകാരണമായ, അന്ധമായ പാപബോധം ചെയ്യുന്ന ദ്രോഹത്തിന് ഒരു കണക്കുമില്ല. എന്തുമാത്രം ആത്മാക്കളാണ് ഇങ്ങനെ പീഡിപ്പിക്കപ്പെടുന്നത്! എത്ര ആയിരങ്ങളാണ് സന്തുഷ്ടി എന്തെന്ന് ഒരിക്കലും തിരിച്ചറിയാതെ നശിക്കുന്നത്! ഇത്തരം കപടഭക്തി എത്രമാത്രമാണ് ആദ്ധ്യാത്മികസൗന്ദര്യത്തെ ചവുട്ടിമെതിക്കുന്നത്! The fear of sin coupled with frustrated sexuality is at the root of the oppressiveness that is found in the churches - agrressiveness that takes the form of over-discipline, regimentation, authoritarianism and dogmatism. The sense of sin also underpins the political economy of the churches."

കൃത്രിമമമായി സൃഷ്ടിക്കപ്പെടുന്ന ഈ പാപബോധവും ഭംഗംവരുത്തപ്പെട്ട വിഫലലൈംഗികതയുമില്ലായിരുന്നെങ്കിൽ ക്രൈസ്തവജീവിതം മറ്റൊന്നാകുമായിരുന്നു എന്നു സൂചിപ്പിച്ചുകൊണ്ട് അദ്ദേഹം കൂട്ടിച്ചേർക്കുന്നു: "ഈ നശിച്ച പാപബോധം ഇല്ലായിരുന്നെങ്കിൽ, ഇന്നത്തേതുപോലെ ഞായറാഴ്ച്ചക്കുർബാനയിൽ സംബന്ധിക്കുന്നവരോ കുമ്പസാരിക്കുന്നവരോ കൂദാശകൾ സ്വീകരിക്കുന്നവരോ നേർച്ചയിടുന്നവരോ ഉണ്ടാകുമായിരുന്നില്ല. പള്ളികൾ ഒഴിഞ്ഞുകിടക്കുമായിരുന്നു, വൈദികർക്കും കന്യാസ്ത്രീകൾക്കും ജോലിയില്ലാതാകുമായിരുന്നു. സഭയുടെ സമ്പത്തിന്റെ ഇന്നത്തെ സ്രോതസ്സ് അതിരില്ലാത്ത ഈ പാപബോധമാണ്".

സെമിനാരിയിൽ ചേരുന്നതുവരെ, തന്റെ പിതാവുമൊത്തുള്ള കായികാദ്ധ്വാനത്തെ വളരെയധികം ആസ്വദിച്ചിരുന്നെന്നും പ്രകൃതി

# നിത്യസത്യമേ, നീയെവിടെയാണ്?



## സക്കറിയാസ് നെടുങ്കനാൽ

"**നി**ങ്ങൾ സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും" എന്നാണ് യേശുവിന്റേതായി എഴുതപ്പെട്ടിരിക്കുന്ന വേദവാക്യം (യോഹ. 8:32) വാച്യാർത്ഥത്തിലെടുത്താൽ, അതൊരു വലിയ സദ്വാർത്തയാണ്. അതായത്, എല്ലാവരും സത്യമെന്താണെന്ന് അറിയുകയും അതുവഴി സ്വാതന്ത്ര്യമെന്താണെന്ന് രുചിച്ചറിയുകയും ചെയ്യുമെന്ന്. എന്നാൽ അതു വളരെ വിരളമായിമാത്രം സംഭവിക്കുന്നതായിട്ടാണ് മനുഷ്യാനുഭവം. അതുകൊണ്ട് ബൈബിൾ വാക്യങ്ങളുടെ കാര്യത്തിൽ പലപ്പോഴും കാണാറുള്ളതുപോലെ ഈ വാക്യത്തിലും അത്ര വ്യക്തതയില്ല എന്നു പറയേണ്ടിവരുന്നു. വാസ്തവത്തിൽ, ഉള്ളിലോ വെളിയിലോ നിലനിൽക്കുന്ന സത്യത്തെ ആരു കണ്ടെത്തുന്നുവോ, അയാൾ ആ തിരിച്ചറിവിലൂടെ, അതായത് ആ സത്യത്തിലൂടെ, സർവ്വസ്വതന്ത്രനാകും എന്നല്ലേ അതിന്റെ പൊരുൾ? എങ്കിൽപ്പിന്നെ അത് അങ്ങനെതന്നെയങ്ങ് എഴുതരുതോ? അതായത്, സത്യമെന്തെന്നു തിരയാനുള്ള കടമ ഓരോരുത്തർക്കും ഉണ്ട്. അതു ഗൗരവമായി എടുത്താൽ, ഒരു പക്ഷേ, നീ സത്യമെന്തെന്നു കണ്ടെത്തിയെന്നു വരാം. അതു സംഭവിച്ചാൽ, അതിന്റെ ഫലമായി യഥാർത്ഥ സ്വാതന്ത്ര്യമെന്തെന്നും നീ അനുഭവിച്ചറിയും.

ഇവിടെ സത്യമെന്നത് ആരോരുമില്ലാതെ, അല്ലെങ്കിൽ ആരുടേതുമല്ലാതെ, അങ്ങനെ പ്രപഞ്ചമദ്ധ്യത്തിൽ സ്ഥിതിചെയ്യുന്ന എന്തോ ഒന്നല്ല. എന്തിനെയെങ്കിലും സംബന്ധിക്കുന്ന ഒന്നാണത്. നമ്മെ സംബന്ധിച്ചിടത്തോളം സത്യമെന്നത് പരമപ്രധാനമായി നമ്മെ സംബന്ധിക്കുന്ന, അതായത് നമ്മുടെ അസ്തിത്വത്തെ സംബന്ധിക്കുന്ന ചോദ്യങ്ങൾക്കുള്ള ഉത്തരമായിരിക്കും. ചോദ്യം ചോദിക്കാനുള്ള കഴിവാണ് നമ്മെ മറ്റു ജീവജാലങ്ങളിൽനിന്നു വേർതിരിക്കുന്നതും നമ്മെ മനുഷ്യരാക്കുന്നതും. ഏതൊരാളും ആദ്യമായി ചോദിക്കുന്ന ചോദ്യം താനാരാണ്, താനിവിടെ എന്തു ചെയ്യുന്നു, എന്തിനായി അതു ചെയ്യുന്നു എന്നു തുടങ്ങുന്നവയാണ്. താൻ അല്ലെങ്കിൽ ഞാൻ എന്നു പറയുമ്പോൾ അതിൽ ഞാൻ നിലനിൽക്കുന്ന പ്രപഞ്ചവും ഉൾപ്പെടും. ഞാനും എന്നെ ഉൾക്കൊള്ളുന്ന മറ്റ് അസ്തിത്വങ്ങളും എന്നിൽ വിസ്മയം ജനിപ്പിക്കുന്നതുകൊണ്ടാണ് ബുദ്ധി വികസിക്കുന്നതോടെ നമ്മൾ മേൽപ്പറഞ്ഞ ചോദ്യങ്ങളുടെ ഉപജ്ഞാതാക്കളായിത്തീരുന്നത്. എന്നെപ്പറ്റി അറിയുന്നതിന്റെ ഭാഗമായി എന്റെ ഉദ്ഭവം, പരിണാമം, വികാസം, പ്രപഞ്ചത്തിന് അതിലുള്ള പങ്ക് എന്നിവയെപ്പറ്റി കിട്ടുന്ന അറിവെല്ലാം ഞാൻ സമ്പാദിക്കുന്നു.

സഹസ്രകോടിക്കണക്കിന് ഗാലക്സികളും അതിലോരോന്നിലും പതിനായിരം കോടിയോളം നക്ഷത്രങ്ങളും ഉള്ള സ്ഥൂലവും, ഒപ്പം സൂക്ഷ്മവുമായ പ്രപഞ്ചത്തെപ്പറ്റിയുള്ള അറിവും നാം ആർജിക്കുന്നു. എന്നാൽ ഈ അറിവുകൾ ആരെയെങ്കിലും അസന്ദിഗ്ദ്ധമായ സത്യത്തിലേക്കു കൊണ്ടെത്തിക്കുന്നുണ്ടോ? എത്ര വിപുലവും ആഴമുള്ളതുമായ അറിവുണ്ടായാലും ഇതിലെല്ലാം ഒരു ലക്ഷ്യമുണ്ടെന്ന സ്ഥിരീകരണം ലഭ്യമല്ലെന്ന അനുഭവമാണ് കൂടുതൽ പേർക്കും ഉള്ളത്. മറിച്ച്, നമുക്കറിയാൻ കഴിയുന്ന പ്രപഞ്ചത്തിനും അതിനുള്ളിലെ നമ്മുടെ ബൗദ്ധികജീവിതത്തിനും നിശ്ചിതമായ ഒരു ലക്ഷ്യമുണ്ടെന്ന ധൈര്യം

---

യുമായി താദാത്മ്യപ്പെട്ടുള്ള ആ ജീവിതത്തിൽ ആനന്ദം കണ്ടെത്തിയിരുന്നുവെന്നും പറഞ്ഞിട്ട് ഫാ. കാപ്പൻ ഇങ്ങനെ കുണ്ഠിതപ്പെടുന്നു: *"ഈശോസഭയിൽ ചേർന്ന് ദാരിദ്ര്യം, ബ്രഹ്മചര്യം, അനുസരണ എന്നീ വ്രതങ്ങൾ സ്വീകരിച്ചതോടെ പ്രകൃതിയുമായുള്ള ആ ബന്ധം തകർന്നു. അമ്മയായ ഭൂമിയെ മറക്കുകയെന്നതായിരുന്നു അതിന്റെ ഫലം."* (Ingathering, ഒന്നാം ഭാഗം - ജീവൻ ബുക്സ്).

ഇതു 100% സത്യമാണെന്നതിന് ഇന്നത്തെ വൈദികരെയും മേല്പ്പട്ടക്കാരെയും നിരീക്ഷിക്കുകയേ വേണ്ടൂ. പ്രകൃതിയിൽ നിന്നു വെട്ടിമാറ്റപ്പെട്ട വികലസ്വത്വങ്ങളാണ് അവ രിൽ 99%വും. ശരിക്കും ജെറുശലേമിലെ കഴുതകൾ!

**സമ്പാദനം, തർജ്ജമ, അവതരണം :**
**സക്കറിയാസ് നെടുങ്കനാൽ**

■

കൈവരിക്കുന്നവർ, അത് യുക്തിയിലൂടെയല്ല; മറിച്ച്, യുക്തിയെ മറികടന്നാണ് നേടുന്നത്. അങ്ങനെയെങ്കിൽ, മനുഷ്യനെ സംബന്ധിച്ച് സത്യം എപ്പോഴും കാണാമറയത്താണ്. അല്ല, കാണാമറയത്തെങ്കിലും സത്യം എന്നൊന്ന് ഉണ്ടെന്നു പറയാൻ നമുക്കെന്തവകാശം? അപ്പോൾപ്പിന്നെ നമ്മെ സ്വതന്ത്രരാക്കേണ്ട ആ സത്യം എന്തായിരിക്കും? അതെവിടെയാണ്?

എന്തായാലും നമ്മളും നമ്മുടെ പ്രപഞ്ചവും ഇവിടെയുണ്ട്. അതിനെ ചോദ്യംചെയ്താൽ പിന്നെയൊന്നിനും അർത്ഥമില്ലതന്നെ. ഇത്ര ബ്രഹ്മാണ്ഡമായ ഒരു സംഭവം വെറും യാദൃച്ഛികതയായിരിക്കുമോ? ആയിരിക്കാമെന്നും തങ്ങൾ കണ്ടെത്തിയ സത്യം അതാണെന്നും സ്വയം ഉറപ്പുവരുത്തി അതിൽ കൂസലില്ലായ്മയുടെ ഒരുതരം സ്വാതന്ത്ര്യം അനുഭവിക്കുന്നവർ ഇന്ന് ഈ ലോകത്ത് ധാരാളമുണ്ട്. യാദൃച്ഛികതയുടെ ഇല്ലായ്മയിലേക്കു അഴിഞ്ഞ് ഒന്നുമല്ലാതായിപ്പോകുന്നതിൽ അവർക്ക് ഒരു പരിഭവവുമില്ല. അവർ അനുഭവിക്കുന്നത് അർത്ഥമില്ലായ്മയുടെ സ്വാതന്ത്ര്യമാണ്. അതവരുടെ അവകാശമായി നാം വിട്ടുകൊടുക്കുക. ഓരോ ആത്മഹത്യയെയും, എന്തിന്, ഓരോ കൊലയെയും, ഇത്തരം അർത്ഥമില്ലായ്മയുടെ വൈയക്തികമായ പ്രത്യക്ഷീകരണമായി വ്യാഖ്യാനിക്കാവുന്നതാണ്.

എന്നാൽ എല്ലാ വൈതരണികളെയും അതിലംഘിച്ച് അവിശ്രമം ജീവന്റെ അർത്ഥം തേടുന്നവരും ഉണ്ടെന്ന് നമുക്കറിയാം. ഞാനും നിങ്ങളും അതിൽപ്പെടുന്നുണ്ടായിരിക്കണം. എന്തുകൊണ്ട്? 1370 കോടി വർഷങ്ങൾക്കുമുമ്പ്, പൂജ്യം വലിപ്പവും അനന്തമായ സാന്ദ്രതയുമുള്ള, എല്ലാ ദ്രവ്യവും എല്ലാ ഊർജ്ജവും ഉൾക്കൊള്ളുന്ന ഒരു പരമാണുവിന്റെ വൻസ്ഫോടനത്തിൽ ആരംഭിച്ച്, സഹസ്രകോടിക്കണക്കിന് ഗാലക്സികളും ഓരോ ഗാലക്സിയിലും സഹസ്രകോടിയിലധികം നക്ഷത്രങ്ങളുള്ള, ആയിരത്തിയഞ്ഞൂറു കോടി പ്രകാശവർഷങ്ങൾവരെ വ്യാപിച്ചുകിടക്കുന്ന സ്ഥൂലപ്രപഞ്ചത്തിന്റെ അതിരുകളുള്ള, ക്വാസാർ, പൾസാർ നക്ഷത്രങ്ങളെവരെ പരീക്ഷണ-നിരീക്ഷണങ്ങൾക്കു വിധേയമാക്കാൻ കഴിവുള്ള മനുഷ്യൻ; സൂക്ഷ്മപ്രപഞ്ചത്തിൽ ക്വാണ്ടം ഭൗതികത്തിന്റെ കണ്ടുപിടുത്തങ്ങളിലൂടെ ഒരു മീറ്ററിന്റെ നൂറുലക്ഷം കോടിയിലൊരംശംമാത്രം വലിപ്പമുള്ള പ്രോടോൺ, ഇലക്ട്രോൺ കണങ്ങളെവരെ അപഗ്രഥിക്കാനും പഠിക്കാനും പ്രാവീണ്യംനേടിയ മനുഷ്യൻ; പരിധിയില്ലാതെ സ്നേഹിക്കാനും സ്നേഹിക്കപ്പെടാനുമുള്ള അദമ്യമായ അഭിവാഞ്ഛയോടുകൂടിയ മനുഷ്യൻ, വെറും യാദൃച്ഛികതയുടെ ഒരുത്പന്നം മാത്രമാണെന്നും, പെട്ടെന്നൊരു നിമിഷത്തിൽ വീണ്ടും ഒരു നീർക്കുമിളപോലെ ഇല്ലായ്മയിൽ അമർന്ന് അപ്രത്യക്ഷമാകുമെന്നും കരുതാൻ വിസമ്മതിക്കുന്നതുകൊണ്ടാണ് എവിടെയോ മറഞ്ഞിരിക്കുന്ന ജീവിതസത്യത്തെ തിരഞ്ഞ് നാം പുറപ്പെടുന്നത്. ആ സത്യത്തെ കണ്ടെത്തുന്നതോടെ സമാധാനവും സംതൃപ്തിയും സ്വാതന്ത്ര്യവും കൈവരുമെന്ന് നാം വിശ്വസിക്കുകയാണ്.

എന്റെ അസ്തിത്വത്തിന്റെ ഉറവിടം എന്നിൽത്തന്നെ അല്ലെന്നറിയാവുന്ന ഞാൻ, ഈ അസ്തിത്വത്തിന് മൗലികമായ ഒരു കാരണവും അർത്ഥവും ഉണ്ടെന്നു വിശ്വസിക്കാൻ നിർബന്ധിതനാകുന്നു എന്നതാണ് എന്നെ നയിക്കുന്ന യുക്തി. താത്ത്വികമായി ഒരാധാരം ഈ വിശ്വാസത്തിന് ഇല്ലെന്നറിഞ്ഞിട്ടും അതുപേക്ഷിക്കാനുള്ള ചങ്കൂറ്റം എനിക്കില്ല. എന്തെന്നാൽ, എനിക്കുചുറ്റും ഞാൻ അനുഭവിക്കുന്ന മനോഹാരിതയ്ക്കും ജീവസ്പന്ദനങ്ങൾക്കും എല്ലാവിധ അഭിശപ്തതകളെയും തിരുത്തുന്ന ധാർമ്മികതയ്ക്കുമുള്ള നീതിമത്കരണം എന്റെയീ അയുക്തിയിലാണെന്നു വരുന്നുവെങ്കിലും അതെന്നെ ഉത്തേജിതനാക്കുന്നു. അതില്ലാതെ സ്നേഹം കൊടുക്കലും വാങ്ങലുംപോലും നിഷ്പ്രഭമായിത്തീരുന്നു.

ഈ പറഞ്ഞുവന്നതിൽ അർത്ഥമില്ലെങ്കിൽ, എന്തുകൊണ്ട് ഇല്ലായ്മക്കുപകരം ഉള്ളായ്മ? ഉള്ളായ്മ (ഉണ്മ) ലക്ഷ്യഭദ്രമായിരിക്കണം. എനിക്കു ശക്തിപകരുന്ന ഏറ്റവും വലിയ കണ്ടെത്തൽ അതാണ്. മറ്റൊന്നും മനസ്സിലായില്ലെങ്കിലും, ഈ രക്ഷാവള്ളിയിൽ പിടിച്ച് എനിക്ക് ജീവന്റെ നൂല്പാലം കടന്നുപോകാനാകുന്നു. ആ പോക്കിൽ, മുകളിലും താഴെയും ചുറ്റിലുമുള്ള എല്ലാ സമൃദ്ധിയും സൗന്ദര്യവും കണ്ടാനന്ദിക്കാനും അനുഭവിക്കാനും, അതേസമയം അവയിൽനിന്ന് നിഷ്പക്ഷമായി അകന്നുനിൽക്കാനും എനിക്കാവുന്നു. അതുകൊണ്ടാണ് ഞാൻ ചെയ്യുന്നത് ഞാൻ ചെയ്യുന്നതും ഞാൻ ചെയ്യാത്തത് ചെയ്യാതിരിക്കുന്നതും. അതുകൊണ്ടാണ് എന്റെ ഉത്തരവാദിത്വം എന്നോടുതന്നെയാകുന്നത്. അതുകൊണ്ടാണ് എല്ലാം അതാതിന്റെ തോതിൽ നിലനിർത്താൻ എനിക്കാകുന്നത്. ഈ മാനസികാവസ്ഥ എല്ലാ അർത്ഥമില്ലായ്മയിലും എന്നെ താങ്ങുകയും നിരാശതയിൽനിന്ന് എന്നെ സംരക്ഷിക്കുകയും ചെയ്യുന്നു. ഉപാധികൾക്കെല്ലാം നടുവിൽ നിരുപാധികമായിരിക്കുന്ന എന്തോ ഒന്ന്, അതിനെ ഞാൻ സത്യമെന്ന് വിളിക്കട്ടെ, അതാണ് എന്റെയീ നിലപാടിനു പിന്നിൽ. ജീവിക്കാനെന്നപോലെ ഏതു നിമിഷവും മരണത്തിലൂടെ ഇല്ലാതാകുവാനും ഈ സത്യം എനിക്കു കരുത്തായിത്തീരുന്നു.

എന്നാലും, വാക്കുകളില്ലാതെ ഞാൻ ചോദിച്ചുകൊണ്ടിരിക്കുന്നു: എന്നെ സർവ്വസ്വതന്ത്രനാക്കുന്ന നിത്യസത്യമേ, നീയെവിടെയാണ്? ■

പത്രാധിപർക്കുള്ള കത്ത്

# 'സത്യജ്വാല' പത്രാധിപർ നൽകിയ മറുപടി ഔചിത്യരഹിതവും മാന്യതയ്ക്കു നിരക്കാത്തതും



ജയിംസ് ഐസക്, കുടമാളൂർ

പ്രിയ സർ,

ശ്രീ. റ്റി.റ്റി. മാത്യു തകടിയേൽ 2015 ജനു. ലക്കം 'സത്യജ്വാല'-യിൽ പ്രകടിപ്പിച്ച അഭിപ്രായത്തിന് *('പരി. കെ.സി.ആർ.എം. മാതാവിനോടുള്ള കൃതജ്ഞതാപ്രാർത്ഥനയെപ്പറ്റി' എന്ന ലേഖനം - എഡിറ്റർ)* 'സത്യജ്വാല' പത്രാധിപർ നൽകിയ മറുപടി ഔചിത്യരഹിതവും മാന്യതയ്ക്കു നിരക്കാത്തതുമായി എന്നു തോന്നുന്നു. അദ്ദേഹം എന്തോ വലിയ വിഡ്ഢിത്തം പറഞ്ഞു എന്നാണ് പ്രഥമ വാചകത്തിൽ സൂചിപ്പിക്കുന്നത്. ഇതു കത്തോലിക്കാനവീകരണം ലക്ഷ്യമാക്കിയുള്ള ഒരു പ്രസ്ഥാനത്തിനോ അതിന്റെ മുഖപത്രമായ 'സത്യജ്വാല'യ്ക്കോ യോജിച്ചതാണോ?

കുരീപ്പുഴ ഇടവകജനത്തോടു കൊല്ലം ബിഷപ്പ് കാണിച്ച അനീതിയെ തീർച്ചയായും എതിർക്കേണ്ടതുതന്നെ. മഹാത്മാഗാന്ധി കാണിച്ചുതന്ന സഹനസമരംതന്നെയാണ് ഉത്തമ മാതൃക. എന്നാൽ മണ്ണിനടിയിൽനിന്നു ലഭിച്ച ഒരു മാതാവിന്റെ രൂപം കഴുകിത്തുടച്ചു പ്രതിഷ്ഠിച്ച് പുതിയ പ്രാർത്ഥനകളും ലുത്തിനിയാകളും ഉണ്ടാക്കി സമരം കൊഴുപ്പിക്കാൻ പ്രോത്സാഹിപ്പിക്കുന്നതു തീർച്ചയായും കത്തോലിക്കാ നവീകരണമല്ല. സഭയെ വീണ്ടും വണക്കമാസ പാരമ്പര്യത്തിലേക്കു നയിക്കുവാനേ അതുപകരിക്കൂ. ഈ സത്യമാണ് ശ്രീ തകിടിയേൽ ചൂണ്ടിക്കാട്ടിയത്. മാർട്ടിൻ ലൂഥറിനെപ്പോലെ വലിയ ആളുകൾ സഭയിലെ ദുഷിച്ച പാരമ്പര്യങ്ങൾ ഇല്ലാതാക്കാൻ നോക്കി. എന്നാൽ കെ.സി.ആർ.എം. പരിഹാസ്യമായ ഭക്തി അഭ്യാസങ്ങളെ ന്യായീകരിക്കാൻ നോക്കുന്നുവോ? ഈ പോക്കു ഖേദകരമാണ്.

കെ.സി.ആർ.എം.-ന്റെ തലപ്പത്തുള്ളവർ വ്യക്തമായ ലക്ഷ്യബോധം പ്രകടിപ്പിക്കണമെന്നും 'സത്യജ്വാല' കുറെക്കൂടി മാന്യമായ സമീപനം എഴുത്തുകാരോടു കാണിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

ഫോൺ: 0481-2392705

*-വർഷങ്ങളായി ഞാൻ എന്റെ ജ്യേഷ്ഠസഹോദരനെന്നവണ്ണം സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തുപോരുന്ന മാന്യദേഹമാണ് തകിടിയേൽ മാത്യുച്ചേട്ടൻ. എന്നാൽ, വ്യക്തിപരമായ ഈ സ്നേഹമോ ബഹുമാനമോ എന്റെ പ്രതികരണത്തിൽ ഉണ്ടാകാതെപോയി എന്നു ഞാൻ പിന്നീട് മനസിലാക്കുകയുണ്ടായി. ഉടനെതന്നെ എന്നു പറയാം, അങ്ങനെ സംഭവിച്ചുപോയതിലുള്ള ഖേദം അദ്ദേഹത്തെ ഞാൻ ഒരു കത്തിലൂടെ അറിയിക്കുകയും ചെയ്തിരുന്നു.*

*ഒരു മുഖവുരയുംകൂടാതെ, 'നിങ്ങൾ പറയുന്നത് അങ്ങേയറ്റം വിഡ്ഢിത്തമാണ്' എന്നു തുടങ്ങുന്ന മഹത്വചനത്തിൽ മറുപടി ആരംഭിച്ചത്, അവിവേകമായിപ്പോയി. അതൊരിക്കലും തകിടിയേൽ മാത്യുച്ചേട്ടനോടു പറഞ്ഞതായിരുന്നില്ലെന്ന് ആ ഉദ്ധരണി മുഴുവൻ വായിച്ചുകഴിയുമ്പോൾ ആർക്കും മനസ്സിലാകുമെങ്കിലും, ആദ്യനിമിഷത്തിൽ മറിച്ചുതോന്നുമെന്ന് മനസ്സിലാക്കേണ്ടതായിരുന്നു ഞാൻ.*

*വാസ്തവത്തിൽ, എന്റെ മറുപടി മൊത്തത്തിൽത്തന്നെ മാത്യുച്ചേട്ടനോടായിരുന്നില്ല എന്നതാണു പ്രശ്നമായത് എന്നു തോന്നുന്നു. കാരണം, കെ.സി.ആർ.എം. മാതാവിനോടുള്ള പ്രാർത്ഥനയുംമറ്റും പ്രസിദ്ധീകരിച്ചതിനെ വിമർശിച്ച് ഫോണിലൂടെയും നേരിട്ടും വളരെപ്പേർ സംസാരിച്ചിരുന്നു. അവരോടെല്ലാം ഒന്നോ രണ്ടോ വാചകത്തിൽപറഞ്ഞ മറുപടി അവർക്കോ എനിക്കുതന്നെയോ തൃപ്തികരമായിരുന്നില്ല. അവരോടെല്ലാംതന്നെ, വിമർശനം എഴുതിത്തരാമോ എന്നു ഞാൻ ചോദിക്കുകയുണ്ടായി. എഴുത്തിലൂടെയാകുമ്പോൾ അടുക്കോടും ചിട്ടയോടുംകൂടിയും വിശദമായും മറുപടി പറയാമല്ലോ എന്നായിരുന്നു വിചാരിച്ചത്. പക്ഷേ, ആരും എഴുതിത്തന്നില്ല. അങ്ങനെയിരിക്കുമ്പോഴാണ് മാത്യുച്ചേട്ടൻ വിളിച്ച് അതേ വിമർശനം ഉന്നയിച്ചത്. അദ്ദേഹത്തോടെനിക്കുള്ള സ്വാതന്ത്ര്യത്തോടെ, അതൊരു വിമർശനക്കുറിപ്പാക്കി എഴുതിത്തരാൻ ഞാൻ നിർബന്ധിക്കുകയായിരുന്നു. അദ്ദേഹം എഴുതിത്തരുകയും ചെയ്തു. എല്ലാവർക്കും മറുപടി പറയാനുള്ള ഒരു നിമിത്തമായാണ് ഈ പ്രതികരണം എന്റെ മനസ്സിൽ പതിച്ചത്. തന്മൂലം, മറുപടി മാത്യുച്ചേട്ടനോടുള്ളതാകാതെ പോയി. അതുകൊണ്ടാവാം അദ്ദേഹത്തോടെനിക്കുള്ള സ്നേഹാദരങ്ങൾ മറുപടിയിൽ പ്രതിഫലിക്കാതെ പോയത് എന്നു തോന്നുന്നു. കൽദായവാദത്തെയും 'ലിറ്റർജിക്കൽ ആക്ഷൻ കൗൺസിലി'നെയും പരാമർശിച്ചപ്പോൾ മാത്രമാണ് അദ്ദേഹം എന്റെ മുമ്പിൽ വന്നത്. അവിടെയും എനിക്കു തെറ്റുപറ്റി. അദ്ദേഹം 'ലിറ്റർജിക്കൽ ആക്ഷൻ കൗൺസി'ലിനു നേതൃത്വം വഹിച്ചിരുന്നു എന്ന എന്റെ ധാരണ ശരിയായിരുന്നില്ല. അദ്ദേഹം നേതൃത്വം നൽകിയ 'ആൾ ഇന്ത്യാ കാത്തലിക് അസ്സോസിയേഷ' നോടൊപ്പം അതു*

*മായി സഹകരിക്കുകമാത്രമേ അദ്ദേഹം ചെയ്തിരുന്നുള്ളൂ.*

*എന്തായാലും, ജെയിംസ് ഐസക് സാർ പറഞ്ഞതുപോലെ, എന്റെ ആ മറുപടിയിൽ ഔചിത്യക്കുറവുണ്ടായി എന്നു ഞാൻ മനസ്സിലാക്കുന്നു. അതിന് അദ്ദേഹത്തോടും മാന്യവായനക്കാരോടും ഞാൻ നിർവ്യാജം ഖേദം പ്രകടിപ്പിക്കുകയും ചെയ്യുന്നു.*

*എന്നിരുന്നാലും, ആ മറുപടിയിലൂടെ 'KCRM മാതാവു'മായി ബന്ധപ്പെട്ടു ഞാൻ നൽകിയ വിശദീകരണത്തിൽ എന്തെങ്കിലും പിഴവുള്ളതായി ഇപ്പോഴും എനിക്കു തോന്നുന്നില്ല എന്നും പറയട്ടെ. 'അന്ധവിശ്വാസികളെന്നും വിഗ്രഹാരാധകരെന്നും പാപികളെന്നുംമറ്റും കുറ്റംവിധിച്ച് ജനങ്ങളുടെ പ്രശ്നങ്ങളിൽനിന്നു മാറിനിൽക്കുന്നതു ക്രൈസ്തവവമാണോ?' എന്നും, 'സ്വന്തം നിലയിൽ ഉറച്ചുനിന്നുകൊണ്ട് ഏതെങ്കിലും ജനകീയ വിഷയങ്ങളിൽ വിജയകരമായി ഇടപെടാനാകുമോ?' എന്നും, 'കുരീപ്പുഴയിൽനിന്നുള്ള വാർത്തകൾ 'സത്യജ്വാല' പ്രസിദ്ധീകരിക്കാതെ തമസ്കരിച്ചിരുന്നെങ്കിൽ അതു ശരിയാകുമായിരുന്നോ?' എന്നുംമറ്റുമുള്ള ചോദ്യങ്ങൾ എന്റെ മറുപടിയിൽ ഉന്നയിച്ചിരുന്നു. താത്വികാടിത്തറയിലൂന്നുന്നവർ മറുപടി പറയേണ്ട ചോദ്യങ്ങളാണിതെല്ലാമെന്നു പറയുകയും ചെയ്തിരുന്നു. എന്നാൽ ആരും, ജെയിംസ് ഐസക് സാറും, അതിനൊന്നും മറുപടി പറയാൻ ശ്രമിച്ചില്ല. 'KCRM സഭയെ വീണ്ടും വണക്കമാസ പാരമ്പര്യത്തിലേക്കു നയിക്കുകയാണ്' എന്ന ആരോപണം ജെയിംസ് ഐസക് സാർ ആവർത്തിച്ചിട്ടുണ്ടുതാനും.*

*ഈയിടെ, നടന്ന കൊച്ചി ദേശീയസമ്മേളനത്തിൽ ഒരു വിഭാഗം ആൾക്കാർ വളരെ ശക്തമായ ഒരു വാദം ഉന്നയിക്കുകയുണ്ടായി. പൗരോഹിത്യവും കന്യാസ്ത്രീത്വവുമൊന്നും ബൈബിളധിഷ്ഠിതമല്ലെന്നും, അതിനാൽ ആലുവാ അഗാത്ത മഠത്തിൽനിന്നു പുറത്താക്കപ്പെട്ട കന്യാസ്ത്രീയെ തിരികെ മഠത്തിലേക്കു കയറ്റാൻ ശ്രമിക്കുന്നത് തെറ്റായ നടപടിയായിരിക്കുമെന്നുമാണ് അവർ വാദിച്ചത്. സത്യത്തിൽ KCRM പ്രവർത്തകരും ഈ അഭിപ്രായത്തോട് താത്ത്വികമായി വിയോജിപ്പുള്ളവരല്ല. പക്ഷേ, ആ സിസ്റ്റർ സദസ്സിനോട് ആവർത്തിച്ചുപറഞ്ഞത്, 'തനിക്ക് മഠത്തിൽ ഒരു കന്യാസ്ത്രീയായിത്തന്നെ ജീവിക്കാനാണ് ആഗ്രഹം' എന്നായിരുന്നു. ഇവിടെ നാം എന്തുചെയ്യണം? ഒരു തത്വവും മാനദണ്ഡമല്ലെന്നും മനുഷ്യനാണു മാനദണ്ഡമെന്നും മനസ്സിലാക്കി അവരുടെ ആഗ്രഹാനുസരണം പ്രവർത്തിക്കുകയല്ലേ ചെയ്യേണ്ടത്? KCRM അവരുടെ ആഗ്രഹത്തിനാണു പ്രാമുഖ്യം നൽകാനുദ്ദേശിക്കുന്നത് എന്നു പ്രഖ്യാപിക്കുകയായിരുന്നു, അവിടെ.*

*ഈ വിഷയത്തിൽ കൂടുതൽ വ്യക്തത കൈവരിക്കേണ്ടതുണ്ട് എന്നു തോന്നുന്നു. അതിന് സഭാനവീകരണത്തിന്റെ പ്രായോഗികസമീപനത്തെക്കുറിച്ച് കൂടുതൽ വിശദമായ ചർച്ച നടക്കേണ്ടതുണ്ട്. അതിനായി **'അന്ധവിശ്വാസികളും അവിശ്വാസികളും സഭയിൽ നേരിടുന്ന പ്രശ്നങ്ങളെ നവീകരണ പ്രസ്ഥാനങ്ങൾ കൈകാര്യം ചെയ്യേണ്ടതെങ്ങനെ?'** എന്ന വിഷയത്തിൽ മാന്യ എഴുത്തുകാരിൽനിന്നും വായനക്കാരിൽനിന്നും അഭിപ്രായങ്ങൾ ക്ഷണിക്കുന്നു. ഒരു തുറന്ന ചർച്ച നടക്കട്ടെ.*

***-എഡിറ്റർ***

## മാർച്ചുലക്കം 'സത്യജ്വാല'
## കേരളത്തിലെ സന്ന്യാസിനീമഠങ്ങളിലേക്കയയ്ക്കാൻ
# കന്യാസ്ത്രീകളുടെ അഭ്യർത്ഥന!

**വൈ**ദികരുടെയും സന്ന്യസ്തരുടെയും സംരക്ഷണവും സുസ്ഥിതിയും ഉറപ്പുവരുത്താൻ, കേരളത്തിൽ 'KCRM Priests & ExPriests- Nuns Association' എന്നൊരു പ്രസ്ഥാനം ഉദയം ചെയ്തിരിക്കുന്നു എന്ന സദ്വാർത്ത കേരളത്തിലെ മുഴുവൻ കന്യാസ്ത്രീമഠങ്ങളിലും എത്തിക്കണമെന്ന അഭ്യർത്ഥനയുമായി മാസികയുടെ വരിക്കാരായ ഏതാനും കന്യാസ്ത്രീകൾ! തീർത്തും അപര്യാപ്തമെങ്കിലും കുറച്ചു തുകയും അവർ അയച്ചുതരികയുണ്ടായി. അഭ്യർത്ഥന മാനിച്ച് 2000 കോപ്പികൂടി അച്ചടിക്കുകയും, വിവിധ രൂപതാഡയറക്ടറികളിൽനിന്നായി മഠങ്ങളുടെ വിലാസങ്ങൾ സമാഹരിച്ച് അവ അയയ്ക്കുകയും ചെയ്തുകഴിഞ്ഞു.

ഇതിന്റെ പേരിൽ'സത്യജ്വാല'യ്ക്ക് 15,000/- രൂപാ അധികബാധ്യത വന്നിട്ടുണ്ടെന്ന് മാന്യവായനക്കാരെ അറിയിക്കുന്നു.

വരിസംഖ്യയുടെ കാലാവധി കഴിഞ്ഞിട്ടും പുതുക്കാത്ത ഏതാണ്ട് 400-ഓളം വരിക്കാർ ഇപ്പോഴുണ്ട്. അതിന്റെ പേരിലുണ്ടായിരിക്കുന്ന സാമ്പത്തികഞെരുക്കവും വലുതാണ്. കൊച്ചി ദേശീയ സമ്മേളനം നടത്തിയതിലും കെ.സി.ആർ.എം-ന് വലിയ സാമ്പത്തികബാധ്യത ഉണ്ടായിട്ടുണ്ട് എന്നറിയിക്കുന്നു.

ആരെങ്കിലുമൊക്കെ കഴിയുന്നതുപോലെ സംഭാവനകൾ നൽകിയാൽ നന്നായിരുന്നു. എങ്കിൽ മാത്രമേ, 'സത്യജ്വാല'യും കെ.സി.ആർ.എം.-ന്റെ കൂടിവരുന്ന പ്രവർത്തനങ്ങളും തുടർന്നുകൊണ്ടുപോകാനാവൂ എന്ന യാഥാർത്ഥ്യം ഉൾക്കൊണ്ട് അഭ്യുദയകാംക്ഷികൾ വേണ്ടതു ചെയ്യുമല്ലോ.

-എഡിറ്റർ

# രക്താർബുദം ബാധിച്ച രക്തശുദ്ധിവാദം

**ഇപ്പൻ**



**ക്നാനായക്കാരുടെ ശുദ്ധരക്തവാദവും സുറിയാനി ക്രിസ്ത്യാനികളുടെ ബ്രാഹ്മണരക്തവാദവും ജാതിക്കിറുക്കാണെന്നു സൗമ്യനും സാത്വികനുമായ ജയിംസ് സാർ പറഞ്ഞത്, അദ്ദേഹത്തിന് അതിലും മിതമായ ഒരു പദം ഈ മുഴുക്കിറുക്കിനെ വിശേഷിപ്പിക്കാൻ ശബ്ദതാരാവലി മുഴുവൻ പരതിയിട്ടും കിട്ടാഞ്ഞിട്ടാണ്. ലോകത്ത് ഒരു വ്യക്തിയുടെപോലും സിരയിൽ ശുദ്ധരക്തം ഓടുന്നില്ലെന്ന് കോവിലനും ഡോ. എസ്. കെ. നായരും സാക്ഷ്യപ്പെടുത്തുന്നു.**

**മ**റിയക്കുട്ടിയുടെ ഞൊറിച്ചിലുവാലിൽ തൂങ്ങി ഫാ. ബെനഡിക്ടച്ചന്റെ വെഞ്ചരിച്ച 'പുണ്യ'വഴികളിലൂടെ അഞ്ചാറുമാസം സഞ്ചരിച്ചതുകൊണ്ടാവാം, സത്യം പറഞ്ഞാൽ സകല പുണ്യവാളന്മാരെക്കുറിച്ചും എനിക്കു സംശയരോഗം ബാധിച്ചിരിക്കുന്നു. പക്ഷേ, വി. ഡോമിനിക് സാവിയോമാത്രം എന്റെ അബോധമനസ്സിലൊരു തൂവൽസ്പർശമായി അവശേഷിച്ചു. വേദപാഠം പഠിപ്പിച്ച സിസ്റ്റർ ഒരിക്കൽ പറഞ്ഞു, 'ഡോമിനിക് സാവിയോ പുണ്യവാളന്റെ പോലെ നിഷ്കളങ്കമാണ് നിന്റെ മുഖം. കണിശ്ശമായും നീയൊരച്ചനാകണം. മരണാനന്തരം ഒരു വിശുദ്ധനും.' അതുകൊണ്ട്, ഡോമിനിക് സാവിയോ എന്ന ലേഖകന്റെ പേരു കണ്ടപ്പോൾ, 'വംശീയതയും സ്വത്വബോധവും – ചില ചിന്തകൾ' എന്ന അദ്ദേത്തിന്റെ പ്രതികരണം ഞാൻ വളരെ താല്പര്യത്തോടെയാണു വായിക്കാൻ തുടങ്ങിയത്. പക്ഷേ, ഡോമിനിക് സാവിയോ എന്നെ കഠിനമായി നിരാശപ്പെടുത്തിക്കളഞ്ഞു. പോരാഞ്ഞ് അബോധമനസ്സിലെ പുണ്യാളന്റെ തിളക്കവും ലേശം കുറഞ്ഞതുപോലെ.

ഒരുവൻ ക്രിസ്ത്യാനിയാവുന്നത് അവൻ ക്രിസ്തുവിന്റെ ആശയങ്ങളെ അനുഗമിക്കുമ്പോഴാണ്. ക്രിസ്തുവിന്റെ ആശയങ്ങൾ സംഭൃതമായിരിക്കുന്നത് ബൈബിൾ എന്ന വെളിച്ചത്തിന്റെ കവചത്തിനുള്ളിലാണ്. രക്തശുദ്ധിവാദത്തെ വിമർശിക്കാൻ ജെയിംസ് ഐസക് സാർ ബൈബിളിനെ ഉപയോഗിച്ചത് ശരിയായില്ലെന്നു വിധിച്ചുകൊണ്ടാണ് സാവിയോയുടെ തുടക്കം. ഐസക് സാർ ബൈബിളിന്റെ അന്തസ്സത്തകൊണ്ടാണ്, സ്വവംശത്തിൽനിന്നുമാത്രം വിവാഹം എന്ന അനാചാരത്തെ നേരിടുന്നത്. അതായത് ക്രിസ്തുവിന്റെ സ്നേഹദർശനംകൊണ്ട്. രക്തശുദ്ധിവാദം സ്നേഹവിരുദ്ധമാണ്. ഐസക് സാറിനെ നേരിടാൻവേണ്ടിമാത്രം താൻ ജീർണ്ണിച്ച ബൈബിൾ ഭാണ്ഡമഴിക്കുന്നു എന്ന ഭാവത്തിൽ, ഡോമിനിക് സാവിയോ ഇസഹാക്കിനു സ്വവംശത്തിൽനിന്നു ഭാര്യയെ കണ്ടെത്തിയ കഥയും, മക്കളുടെ അപ്പം നായ്ക്കൾക്കു കൊടുക്കരുതെന്ന ഉപദേശവും, ഇസ്രായേലിന്റെ മക്കളെമാത്രം തേടി യേശു വന്ന കാര്യവും പെറുക്കി നിരത്തുന്നു. ഐസക് സാർ ബൈബിളിന്റെ സമഗ്രചൈതന്യമായ കോഹിന്നൂർ രത്നമെടുത്തു പ്രദർശിപ്പിക്കുമ്പോൾ, സാവിയോ ബൈബിളിന്റെ കുപ്പക്കൂനയിൽ കിടക്കുന്ന കരിക്കട്ടകളെടുത്തു വായനക്കാരുടെ നേരെ എറിയുന്നു. രത്നവും കരിക്കട്ടയും രസതന്ത്രപരമായി ഒന്നാണെന്നോർക്കുക. രണ്ടും ബൈബിളിൽത്തന്നെ ഉള്ളതാണ്. കൊതുകിന്റെ ചോരക്കൊതി പ്രസിദ്ധമാണല്ലോ. രാജാക്കന്മാർ ആനപ്പുറത്തെഴുന്നള്ളാൻ ആഗ്രഹിക്കുമ്പോൾ കൃമികൾ ആനപ്പിണ്ടത്തിൽ നുരയ്ക്കാൻ ഇഷ്ടപ്പെടുന്നു.

അനേകം വൈദികരെയും സന്ന്യാസിനികളെയും ക്നാനായസമൂഹം ആഗോളസഭയ്ക്കു നൽകിയിരിക്കുന്നു എന്ന സാവിയോയുടെ നിരീക്ഷണം നൂറുശതമാനവും ശരിയാണ്. അച്ചന്മാരെന്നും സിസ്റ്റർമാരെന്നും കേൾക്കുമ്പോൾ ആദ്യം മലയാളിയുടെ മനസ്സിൽ തെളിയുന്ന പേരുകൾ ഫാ. കോട്ടൂരിന്റെയും ഫാ. പുതൃക്കയിലിന്റെയും സിസ്റ്റർ സ്റ്റെഫിയുടെയും ആണല്ലോ. അതുകഴിഞ്ഞേ ഞങ്ങളുടെ ബെനഡിക്ടച്ചന്റെ പേരുപോലും വരൂ.

വളരെ 'ന്യായ'മാണ് അടുത്ത വാദം. ഒരു വ്യക്തി എവിടെനിന്നു വിവാഹം കഴിക്കണമെന്നു തീരുമാനിക്കേണ്ടത് ആ വ്യക്തിതന്നെയാണ്. ആ വാദത്തിന്റെ ഒരു ചിറക് എഡിറ്റർ തന്റെ പ്രതികരണത്തിൽ അരിഞ്ഞിട്ടുണ്ട്. ബഹിഷ്കൃതരുടെ ചോദ്യവും ഇതുതന്നെ ആണ്. ഇഷ്ടമുള്ള പുറജാതിക്കാരെ വിവാഹം കഴിച്ചതിന് എന്തിനവരെ പുറത്താക്കണം?

അടുത്ത ചിറകരിയലിന് മേമ്പൊടിയായി ഒരു സംഭവകഥകൂടി വേണം. പൊൻകുന്നത്ത് ഒരു ദളിത് തൊഴിലാളിയെ എസ്.ഐ. ക്രൂരമായി മർദ്ദിച്ചു. പൊൻകുന്നം വർക്കിയുടെ നേതൃത്വത്തിൽ ഒരു സംഘം ആളുകൾ പോലീസ് സ്റ്റേഷനിലേക്കു മാർച്ചുചെയ്തു. വിരണ്ടുപോയ എസ്.ഐ. മർദ്ദിതനെ വിളിച്ച് രണ്ടു തുടം കുഴമ്പിനുള്ള കാശുകൊടുത്തിട്ട് അവനുമായിച്ചെന്ന് വർക്കിയേയും സംഘത്തെയും നേരിട്ടിട്ടു പറഞ്ഞു: 'ഇതാ ഇവനു യാതൊരു പരാതിയുമില്ല.' 'അവനു പരാതിയില്ലെങ്കിൽ ഞങ്ങൾ ആണുങ്ങൾക്കു പരാതിയുണ്ടെടാ', എന്നു ഗർജ്ജിച്ചുകൊണ്ട് ആ സാഹിത്യസിംഹം മാർച്ചു തുടർന്നു. രക്തശുദ്ധിദീക്ഷയിൽ സാവിയോയുടെ നേതൃത്വത്തിലുള്ളവർക്കു പരാതി കാണില്ല. ഇനി വാദത്തിനുവേണ്ടി റ്റി.ഒ. ജോസഫിന്റെ നേതൃത്വത്തിലുള്ള നവീകരണ സമിതിക്കാർക്കും പരാതിയില്ലെന്നിരിക്കട്ടെ. പക്ഷേ, കെ.സി.ആർ.എം-ന്റെ ആൺപുലിക്കുട്ടികൾക്കു മാത്രമല്ല, പെൺപുലിക്കുട്ടികൾക്കും പരാതി ഉണ്ട്. സാവിയോയുടെ ന്യായം സർവ്വ ഫാസിസ്റ്റുകളും ഉന്നയിക്കുന്ന ന്യായമാണ്-തോക്കിൻ തുമ്പത്തു നിർത്തി ഇഷ്ടം പറയിക്കൽ. ജനങ്ങളുടെ അറിവില്ലായ്മയെയും ഭീരുത്വത്തെയും അധികാരികൾ ചൂഷണം ചെയ്യുമ്പോൾ അതിനെ നേരിടേണ്ടത് ബുദ്ധിയുള്ള ധീരന്മാരുടെ കടമയാണ്. സാവിയോയെപ്പോലുള്ളവരുടെ ഒറ്റപ്പെടുത്തലുകളെ ഭയന്നാണ് ക്നാനായക്കാരായ സുന്ദരന്മാർ സുന്ദരികളായ പാലാക്കാരികളെക്കണ്ടു കൊതിവെള്ളം ഇറക്കി മതിയാക്കുന്നത്. അല്ലാതെ അവർക്ക് ഇഷ്ടമില്ലാത്തതുകൊണ്ടല്ല.

ബഹിഷ്കൃത ക്നാനായർ പാലാ രൂപത ആസ്ഥാനമായി പ്രവർത്തിക്കുന്ന കെ.സി.ആർ. എം-ഉമായി കൈകോർക്കുന്നതാണ് സാവിയോയുടെ സഹിഷ്ണുത ചോർത്തുന്നത്. പാലാക്കാർക്കുനേരെ ബ്രഹ്മാസ്ത്രംതന്നെ അദ്ദേഹം തൊടുക്കുന്നു. പാലാക്കാർ എന്തുകൊണ്ട് ദളിത് ക്രൈസ്തവരെ കല്യാണം കഴിക്കുന്നില്ല? കഴിച്ചിട്ടുണ്ടല്ലോ. ഞങ്ങളവരെ പുറത്താക്കിയിട്ടില്ലല്ലോ. ഇനി ഞങ്ങളുടെ കൂട്ടത്തിൽ ആർക്കെങ്കിലും ജാതിഭ്രാന്തുണ്ടെങ്കിൽ നിങ്ങളുടെ ജാതിഭ്രാന്തിനെതിരെ ഞങ്ങൾ ചെയ്യാൻപോകുന്ന സമരം ആ ഭ്രാന്തമാർക്കെതിരെയുംകൂടിയാണ്.

മനുഷ്യർ വംശമായും ജാതിയായും ഭിന്നിച്ചു നിൽക്കുന്ന സാമൂഹികപശ്ചാത്തലത്തിൽ നിന്നുകൊണ്ടുവേണം രക്തശുദ്ധിവാദത്തെ നോക്കിക്കാണാനെന്ന് അദ്ദേഹം ആദ്യമായും അവസാനമായും പറയുന്നുണ്ട്. സർവ്വത്ര ചെളിയായതുകൊണ്ടും ആരും കുളിക്കുന്നില്ലാത്തതുകൊണ്ടും ഞാനും കുളിക്കുന്നില്ലെന്നു പറയുംപോലാണിത്. വിവേകമുള്ള മനുഷ്യർ എല്ലായിടവും വൃത്തിയാക്കിയ ശേഷം കുളിക്കണം. അല്ലാതെ, പന്നിക്കുഴിയിൽ പോയി കിടക്കുകയല്ല വേണ്ടത്. ഗുരുവിന്റെ ശിവപ്രതിഷ്ഠയും വി.ടി-യുടെ പന്തിഭോജനവും വിധവാവിവാഹവും ഒക്കെ അന്നത്തെ സാമൂഹിക പശ്ചാത്തലത്തെ ഞെട്ടിച്ച സംഭവങ്ങളാണ്. ഇന്നതൊക്കെ സാധാരണ സംഭവങ്ങൾ. ഹോസ്റ്റലിൽ താമസിക്കുന്ന കാലത്ത് ഞങ്ങൾ, നാനാജാതിമതസ്ഥരായ കുട്ടികൾ, ഒരേ പാത്രത്തിൽനിന്ന് എത്രയോ തവണ അളിച്ചുവാരി തിന്നിട്ടുണ്ട്. ശീലത്തിന്റെ അഭാവംകൊണ്ടുമാത്രമാണ് മിശ്രവിവാഹം നമുക്കുൾക്കൊള്ളാനാവാത്തത്.

പന്നിയെക്കാൾ എത്രയോ വൃത്തിയുള്ള ജന്തുവാണ് പാമ്പ്. പന്നിയിറച്ചി കാണുമ്പോഴേ കമഴ്ന്നുവീഴുന്ന പാലാക്കാർ പാമ്പിറച്ചിയുടെ കാര്യം ഓർക്കുമ്പോഴേ ഓക്കാനിക്കുന്നു. ചൈനാക്കാർ മൂർഖൻ പാമ്പിന്റെ പച്ചച്ചോരവരെ റമ്മിലൊഴിച്ചു കുടിക്കുമെന്ന് ബേപ്പൂർ സുൽത്താൻ സാക്ഷ്യപ്പെടുത്തുന്നു. സംഘടിതമതമാഫിയാകളും കപടസദാചാരവും തകർന്നാൽ 25 കൊല്ലത്തിനകം മിശ്രവിവാഹം സർവ്വസാധാരണമായിത്തീരും.

ക്നാനായക്കാരുടെ ശുദ്ധരക്തവാദവും സുറിയാനി ക്രിസ്ത്യാനികളുടെ ബ്രാഹ്മണരക്തവാദവും ജാതിക്കിറുക്കാണെന്നു സൗമ്യനും സാത്വികനുമായ ജയിംസ് സാർ പറഞ്ഞത്, അദ്ദേഹത്തിന് അതിലും മിതമായ ഒരു പദം ഈ മുഴുക്കിറുക്കിനെ വിശേഷിപ്പിക്കാൻ ശബ്ദതാരാവലി മുഴുവൻ പരതിയിട്ടും കിട്ടാഞ്ഞിട്ടാണ്. ലോകത്ത് ഒരു വ്യക്തിയുടെപോലും സിരയിൽ ശുദ്ധരക്തം ഓടുന്നില്ലെന്ന് കോവിലനും ഡോ. എസ്.കെ. നായരും സാക്ഷ്യപ്പെടുത്തുന്നു. നരവംശശാസ്ത്രപരമായ സൈദ്ധാന്തികസാധുത അവരുടെ വാദത്തിനുണ്ട്. ലോകത്തിതുവരെ ജനിച്ച സ്ത്രീകളെല്ലാം ശീലാവതിയെപ്പോലെ ചാരിത്രവതികളാണെന്നു വാദത്തിനുവേണ്ടി സമ്മതിച്ചാൽപ്പോലും, ചരിത്രാതീതകാലം മുതലുള്ള യുദ്ധങ്ങളും വർഗ്ഗീയകലാപങ്ങളും ബലാൽസംഗോത്സവങ്ങളിലായിരുന്നു കലാശിച്ചിരുന്നതെന്ന അപ്രിയസത്യം ആർക്കു നിഷേധിക്കാനാവും? തങ്ങൾ യഹൂദ വംശജരാണെന്നാണല്ലോ ക്നാനായക്കാരുടെ അഭിമാനം. അങ്ങനെയെന്നുതന്നെ ഇരിക്കട്ടെ. പഴയനിയമം പരിശോധിച്ചാൽ യുദ്ധം ഇന്നത്തെപ്പോലെ അന്നും യഹൂദന്റെ കൂടപ്പിറപ്പാണെന്നു കാണാം. ഉപ്പോളം

വരുമോ ഉപ്പിലിട്ടത്? യഹൂദന്മാർക്കില്ലാത്ത രക്തശുദ്ധി യഹൂദന്മാരിൽ നിന്നുദ്ഭവിച്ചെന്നു പറയുന്ന ക്നാനായക്കാർക്കെങ്ങനെ വരും? ബൈബിളിൽ ബഹുഭാര്യത്വ കഥകൾ പലതുണ്ടെങ്കിലും, രണ്ടായിരം ഭാര്യമാരുണ്ടായിരുന്ന ദാവീദിന്റെയും ആ അപ്പന്റൊപ്പം ഭാര്യമാരുണ്ടായിരുന്ന സോളമന്റെയും കഥകൾ ആരെയും ഞെട്ടിക്കാൻ പോന്നതാണ്. അവരുടെ ഭാര്യമാരൊക്കെയും വിവിധ വംശങ്ങളിലും ഗോത്രങ്ങളിലും നിന്നുള്ളവരായിരുന്നുതാനും. അപ്പോൾ അവരിൽ പിറന്നവർക്കെവിടെ യഹൂദരക്തശുദ്ധി? സുറിയാനിക്കത്തോലിക്കരുടെ ബ്രാഹ്മണരക്തവാദത്തിന്റെ ഗതിയും ഇതുതന്നെ.

പ്രാദേശികസംസ്കാരത്തിന്റെ തനിമ വീണ്ടെടുക്കാൻ ഉദ്ബോധിപ്പിച്ച രണ്ടാം വത്തിക്കാൻ സൂനഹദോസിനെ സാവിയോ കൂട്ടുപിടിക്കുന്നു. സഭാചരിത്രത്തിലാദ്യമായി പുരോഗമനസ്വഭാവം പുലർത്തിയ രണ്ടാം വത്തിക്കാൻ സൂനഹദോസ് കണിശ്ശമായും പ്രാദേശികസംസ്കാരത്തിന്റെ ജീർണ്ണതകളെ പുനരുദ്ധരിക്കാൻ നിർദ്ദേശിക്കില്ല. മാമ്പഴച്ചാറു പിഴിഞ്ഞു ശീലിച്ച ബട്ട്ളർ ആദ്യമായി കണ്ട കരിക്കിന്റെ തൊണ്ടുപൂളി കുത്തിപ്പിഴിഞ്ഞ് സായിപ്പിനുകൊടുത്ത കഥ ഇവിടെ ഓർമ്മ വരുന്നു. ശുദ്ധരക്തവാദം ബൈബിളിന്റെ മാത്രമല്ല, രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെയും അന്തസ്സത്തയ്ക്കു വിരുദ്ധമാണ്.

അവസാനം, കെ.സി.ആർ.എം-കാർ ബഹിഷ്കൃതരായ ക്നാനായക്കാരുടെ കൂടെക്കൂടിയതിന്റെ കാരണം സാവിയോ കണ്ടെത്തി! 'കാരണം, കറുത്തവന് വെളുത്ത പെണ്ണിനെ കെട്ടണം.' ക്നാനായക്കാരികൾ മുഴുവൻ വെളുത്തവരാണെന്ന്! സമ്മതിച്ചിരിക്കുന്നു. വ്യംഗ്യമോ? കേരളത്തിലെ നസ്രാണി കത്തോലിക്കരെല്ലാം കറുമ്പന്മാരാണെന്ന്! അതും വാദത്തിനുവേണ്ടി സമ്മതിച്ചിരിക്കുന്നു. പക്ഷേ, ഈ വെളുപ്പാണ് സൗന്ദര്യത്തിന്റെ ശാശ്വതമാനദണ്ഡമെന്ന് ആരാണ് സാവിയോയോടു പറഞ്ഞത്? ഉടമയായ സായിപ്പിന്റെ മുമ്പിൽ അടിമയ്ക്കനുഭവപ്പെട്ട അപകർഷതാബോധമാണ് വെളുപ്പിനെ സൗന്ദര്യത്തിന്റെ പിഴയ്ക്കാത്ത മാനദണ്ഡമാക്കി പ്രതിഷ്ഠിച്ചത്. 'അർക്കശുഷ്കഫലകോമളസ്തനി'(എരിക്കിൻകായ്പോലെ ശുഷ്കിച്ച സ്തനങ്ങളോടുകൂടിയവൾ) യും, 'നിംബപല്ലവസമാന കേശിനി'(പുളിയിലക്കുരുന്നുപോലെ അല്പമാത്രമായ തലമുടിയോടുകൂടിയവൾ)യുമായവൾ എത്ര വെളുത്തിരുന്നിട്ടും എന്തു പ്രയോജനം? പോരാഞ്ഞ് സൗന്ദര്യം വ്യക്തിനിഷ്ഠവുമാണ്. ഗാന്ധിജി ധാർമ്മികസൗന്ദര്യത്തിലാണ് മുറുകെപ്പിടിച്ചത്.

സ്വത്വം അവകാശപ്പെടുന്ന മിക്ക സമൂഹങ്ങൾക്കും സ്വന്തം ആചാരങ്ങളും അനുഷ്ഠാനങ്ങളുമുണ്ട്. ജീവിതരീതികളുണ്ട്. എന്നാൽ, കള്ളുകുടിയുടെ കാര്യത്തിൽപ്പോലും പാലാക്കാരും ക്നാനായക്കാരും ഏകോദരസഹോദരങ്ങളാണെന്നുള്ളതാണു സത്യം. ഏറ്റവും വലിയ സ്വത്വസൂചകം ഭാഷയാണ്. കേരളത്തിലെ പട്ടരെയും അയ്യരെയും കൊങ്ങിണിയെയും നോക്കുക. അവർക്കെല്ലാം സ്വന്തം ഭാഷയുണ്ട്. എന്തിന് ഈരാട്ടുപേട്ടയിലെ മുസ്ലീങ്ങൾക്കുപോലും തമ്മിൽ സംസാരിക്കാൻ തനതു ഭാഷയുണ്ട്. ക്നാനായക്കാർക്കോ?

ശ്രീ ജോർജ് മൂലേച്ചാലിലിന്റെ ഒരു ഗ്രന്ഥത്തിൽനിന്നുള്ള ഉദ്ധരണിയോടുകൂടി പ്രശസ്ത സാഹിത്യകാരനായ സി. രാധാകൃഷ്ണൻ അസ്സീസിയിൽ മുമ്പ് ഒരു ലേഖനമെഴുതി. അതിനെതിരെ രൂക്ഷമായി പ്രതികരിച്ചുകൊണ്ട്, 'നമ്മുടെ ചുവരുകൾ അവർക്കായി തുറന്നു കൊടുക്കരുതായിരുന്നു' എന്നു ചൂണ്ടിക്കാട്ടിയും, ജോർജ് മൂലേച്ചാലിലിനെ 'ക്രൈസ്തവനാമധാരി' എന്നു പരിഹസിച്ചും, ഒരു റവ.ഡോ. അച്ചൻ അസ്സീസി പത്രാധിപർക്കെഴുതിയതോർക്കുന്നു. എന്നാൽ, 'നമ്മുടെ ചുവര് അവർക്കായി തുറന്നു കൊടുത്ത'തിനു ഞാൻ 'സത്യജ്വാല' എഡിറ്റർക്കു നന്ദി പറയുന്നു. വില്ലനാണ് സിനിമയെ വിജയിപ്പിക്കുന്നത്. വില്ലനില്ലാതെ നായകൻ എങ്ങനെ തിളങ്ങും?

**ഫോൺ: 9446561252**

## കെ. സി. ആർ. എം.
## കുടുംബസംഗമവും കൺവൺഷനും 2015 മെയ് 30-ന് പാലായിൽ!

**കെ.**സി ആർ.എം പ്രവർത്തകരുടെയും 'സത്യജ്വാല' വായനക്കാരുടെയും കുടുംബസംഗമം 2015 മെയ് 30-ന് രാവിലെ 10 മുതൽ പാലായിൽ നടക്കുകയാണ്. കെ.സി .ആർ.എം സംസ്ഥാന പ്രസിഡന്റ് ശ്രീ. ജോർജ്ജ് ജോസഫിന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന കുടുംബസംഗമവും കൺവൺഷനും റവ.ഡോ. ജെയിംസ് ഗുരുദാസ്, നടുവിലേക്കുറ്റ് ഉദ്ഘാടനം ചെയ്യും. സഭാ നവീകരണത്തിൽ കുടുബങ്ങളുടെ പങ്ക് എന്ന വിഷയം അവതരിപ്പിച്ച് ഫാ. ഡേവീസ് കാച്ചപ്പിള്ളി ചർച്ച നയിക്കും. 'വിശ്വാസവളർച്ച യുവതലമുറയിൽ' എന്ന വിഷയത്തിൽ ശ്രീ. റെജി ഞള്ളാനി, ശ്രീ. ജോസഫ് മറ്റപ്പള്ളി തുടങ്ങിയവർ ക്ലാസ്സുകൾ നയിക്കും. കൂടുതൽ വിവരങ്ങൾ അടുത്തലക്കത്തിൽ.

**കെ. കെ .ജോസ് കണ്ടത്തിൽ**
സംസ്ഥാന ജന.സെക്രട്ടറി, കെ.സി.ആർ.എം.
ഫോൺ:8547573730

# രക്തശുദ്ധിവാദം കാടത്തമാണ്;
## കാടത്തം സഭയ്ക്കു ചേർന്നതല്ല

**സി.കെ. പുന്നൻ**

**മാർ മാക്കീലിന്റെ നാളാഗമത്തിൽ ഇങ്ങനെ എഴുതിയിരിക്കുന്നു: "തൃശൂർ മെത്രാൻ നമ്മോടൊപ്പം വരാമെന്ന് ഏറ്റിരുന്നതാണ്. എന്നാൽ ദൈവകൃപയാൽ എത്തിപ്പെടാൻ സാധിച്ചില്ല. അദ്ദേഹം വന്നിരുന്നെങ്കിൽ നമുക്കു രൂപത ലഭിക്കാൻ പ്രയാസമായേനെ." മാർ മാക്കീൽ റോമിൽ നടത്തിയ കുടിലതന്ത്രങ്ങൾ വെളിപ്പെടുമായിരുന്നു എന്നു വ്യംഗ്യം.**

**ക്രൈ**സ്തവസഭകൾ ഐ.എസ് ബോക്കോഹറാം മുതലായ ഭീകരസംഘടനകളെ നിശ്ശിതമായി വിമർശിക്കുന്ന കാലഘട്ടമാണ്. എന്നാൽ അവ, കത്തോലിക്കാസഭയുടെ ഭാഗമായ സീറോ-മലബാർ സഭയുടെ തിരുമുറ്റത്തു നടക്കുന്ന ക്നാനായഭീകരതയെ കണ്ടില്ലെന്നു നടിക്കുന്നത് ഖേദകരമാണ്. ജാതീയ, വർഗ്ഗീയ, വിഭാഗീയചിന്താഗതികളിൽനിന്ന് ഉരുത്തിരിഞ്ഞുവരുന്നതാണ് ഭീകരപ്രവർത്തനം. മനുഷ്യർ തമ്മിൽ പരസ്പരം സ്നേഹിച്ച്, ജാതി, വർഗ്ഗ, വർണ്ണ, ലിംഗവ്യത്യാസമില്ലാതെ ക്രിസ്തുവചനം പ്രാവർത്തികമാക്കണമെന്ന് എല്ലാ ക്രൈസ്തവരോടും ആഹ്വാനംചെയ്യുന്നു.

കോട്ടയം അതിരൂപത കത്തോലിക്കാസഭയ്ക്കുള്ളിൽ അയിത്തവും തൊട്ടുകൂടായ്മയും അനുവർത്തിച്ചുപോരുന്നു. ഇക്കാരണത്താൽ, സീറോ-മലബാർ, ലത്തീൻ, സീറോ-മലങ്കര എന്നീ കത്തോലിക്കാരൂപതകളിൽനിന്നു വിവാഹം കഴിക്കുന്നവരെപ്പോലും ഹീനരെന്നും പുറജാതികളെന്നും മുദ്രകുത്തി ഊരുവിലക്കുകല്പിച്ച് രൂപതാസമൂഹത്തിൽനിന്നു പുറത്താക്കുന്നു. ഒരുവൻ/ഒരുവൾ വളർന്നുവന്ന ഇടവകസമൂഹത്തിൽനിന്നു വർഗ്ഗീയതയുടെപേരിൽ നിഷ്കരുണം പുറത്താകുമ്പോൾ അവർക്കുണ്ടാകുന്ന മാനസികസംഘർഷം എത്രമാത്രമാണെന്ന് മനസ്സിലാക്കാൻ കഴിയാത്ത കേരള കത്തോലിക്കാ സഭാനേതൃത്വത്തെ പൈശാചികം എന്നല്ലാതെ എങ്ങനെ വിശേഷിപ്പിക്കാൻ! ദൈവം യോജിപ്പിച്ച തന്റെ ജീവിതപങ്കാളിയെ സ്വീകരിക്കുന്നവരെ രൂപതാകൂട്ടായ്മയിൽനിന്നു പുറത്താക്കുന്നത് അവരുടെ കഴുത്തു മുറിച്ചുമാറ്റുന്നതിനു തുല്യമായ ക്രൂരതയാണ്.

ഇക്കാര്യങ്ങൾ വ്യക്തിപരമായും സംഘടനാപരമായും പല പ്രാവശ്യം സി.ബി.സി.ഐ/ കെ.സി.ബി.സി. മുതലായ മെത്രാൻ സംഘങ്ങളെ ബോദ്ധ്യപ്പെടുത്തിയിട്ടും അവർ അനങ്ങാപ്പാറനയം സ്വീകരിക്കുന്നതിൽ അത്ഭുതംതോന്നുന്നു.

ഇന്ന് കോട്ടയം രൂപതയുടെ ഈ ക്രൂരദുരാചാരത്തെ മുച്ചൂടും പിന്താങ്ങുന്നത് മേജർ ആർച്ചുബിഷപ്പ് മാർ ആലഞ്ചേരിയാണെന്ന് എല്ലാവരെയും വ്യസനസമേതം അറിയിക്കട്ടെ. അമേരിക്കയിലെ ക്നാനായസമൂഹത്തിൽ വിഭാഗീയത പാടില്ല എന്ന പരിശുദ്ധ സിംഹാസനത്തിന്റെ കല്പനയെ കാറ്റിൽപ്പറത്തി മാർ ആലഞ്ചേരിയുടെ നേതൃത്വത്തിൽ പാസ്സാക്കിയത്, 'ക്നാനായ ഭർത്താക്കൾ ക്നാനായ പള്ളികളിലും, ഭാര്യമാരും മക്കളും മറ്റു പള്ളികളിലും പൊയ്ക്കൊള്ളണ'മെന്നാണെന്ന് ഓർക്കുക. ഹീനവും ക്രൂരവുമായ ഈ നടപടി ഭീകരമായ ഒരു ക്രൈസ്തവദുർസാക്ഷ്യമായി വിശ്വാസികൾ കരുതേണ്ടിയിരിക്കുന്നു.

ഇവിടെ മാർപാപ്പയുടെ കൽപന മാത്രമല്ല, 'ദൈവം യോജിപ്പിച്ചത് മനുഷ്യൻ വേർപെടുത്താതിരിക്കട്ടെ', 'നിങ്ങൾ ഇനിമേൽ രണ്ടല്ല, ഒരു ശരീരമാകുന്നു' എന്നീ ദൈവകല്പനകളെയും അട്ടിമറിച്ചിരിക്കുന്നു. ഇദ്ദേഹം പറയുന്നത് ഈ യോജിപ്പൊന്നും സഭയിൽ വേണ്ട, കിടപ്പറയിൽ മാത്രംമതിയെന്നാണ്!

ഈ കിരാതനിയമം 2014 ആഗസ്റ്റ് 18 മുതൽ 30 വരെ കാക്കനാട്ട് നടന്ന സീറോ-മലബാർ സിനഡിൽ പാസ്സാക്കിയപ്പോൾ, ദൈവസ്നേഹവും സാഹോദര്യവും പ്രസംഗിച്ചു നടക്കുന്ന മറ്റു മെത്രാന്മാർ ഉറങ്ങിപ്പോയിരുന്നോ? അതോ അവർ നിഷ്ക്രിയരായി, നിർലജ്ജരായി ഇരിക്കുകയായിരുന്നോ? ഈ കിരാതനിയമം സിനഡിൽ പാസ്സാക്കാൻ നേതൃത്വംകൊടുത്ത മാർ ആലഞ്ചേരി പരസ്യമായി മാപ്പുപറയണം. അല്ലെങ്കിൽ സ്വയം രാജിവച്ച് പുറത്തുപോകണം.

ഇന്നു നാം വിശുദ്ധനായി കാണുന്ന പത്താം പീയൂസ് മാർപാപ്പായെ മാർ മാക്കീൽ കബളിപ്പിച്ച് നേടിയതാണ് കോട്ടയം വികാരിയാത്ത് എന്നു പല പ്രാവശ്യം സഭാനേതൃത്വത്തെ ബോധ്യപ്പെടുത്തിയിട്ടുള്ളതാണ്. വിശ്വാസിസമൂഹത്തിനുവേണ്ടി ഈ കബളിപ്പിക്കലിന്റെ ചരിത്രം ഇവിടെ ചുരുക്കി ആവർത്തിക്കട്ടെ:

1. വിദേശമെത്രാന്മാരുടെ മേൽക്കോയ്മയിൽനിന്നു നസ്രാണി കത്തോലിക്കരെ സംരക്ഷിക്കാൻ തദ്ദേശ മെത്രാന്മാരെ നിയമിക്കണമെന്നാവശ്യപ്പെട്ടുള്ള പ്രക്ഷോഭത്തെ മാർ മാക്കീൽ എതിർത്തിരുന്നു.
2. അദ്ദേഹത്തിന്റെ ഔദ്യോഗികജീവിതം മുഴുവനും വടക്കുംഭാഗർക്കും ലത്തീൻകാർക്കുമെതിരെ നിരന്തരം പാരപണിയുകയായിരുന്നു. അവരുടെ പുരോഗതിയെ തടസ്സപ്പെടുത്തി.
3. വടക്കുംഭാഗക്കാരനായ വികാരി ജനറാൾ തെക്കുംഭാഗരുടെ പള്ളിയിൽ വരുന്നത് തെക്കുംഭാഗത്തെ ജനങ്ങൾക്ക് ദ്രോഹവും അവഹേളനവും ആണെന്ന് പ്രഖ്യാപിച്ചു.
4. ഒരു ഉളുപ്പുമില്ലാതെ, ഭൂരിപക്ഷം വരുന്ന വടക്കുംഭാഗരുടെ വികാരി അപ്പസ്തോലിക്കയായി അദ്ദേഹം സ്ഥാനമേറ്റു. മേൽകാരണങ്ങളാൽ അദ്ദേഹത്തിനെതിരെ ജനം തിരിഞ്ഞു. എങ്കിലും 14 വർഷം അധികാരത്തിൽ കടിച്ചുതൂങ്ങിക്കിടന്നു.
5. മറ്റൊരു രൂപത ആവശ്യമായി വന്നപ്പോൾ തന്റെ സ്ഥാനമാനങ്ങൾ നിലനിർത്തുന്നതിനുവേണ്ടി, മറ്റു രണ്ടു മെത്രാന്മാരെയും സ്വാധീനിച്ച് (തൃശൂർ, എറണാകുളം) റോമിലേക്കു നിവേദനവുമായി പോയി. ഇന്നത്തെപ്പോലെ യാത്രാ-വാർത്താവിനിമയ സൗകര്യങ്ങൾ ഇല്ലാതിരുന്ന അക്കാലത്ത് ഇദ്ദേഹം പറഞ്ഞതൊക്കെ മാർപാപ്പായ്ക്കു വിശ്വസിക്കേണ്ടിവന്നു. തെക്കും വടക്കുമായി രണ്ടു ദിക്കുകളിലായി കഴിയുന്ന വിശ്വാസിസമൂഹങ്ങളെന്നേ മാർ പാപ്പാ കരുതിയുള്ളൂ. 'ക്നാനായം' എന്ന വാക്ക് സ്ഥാപനബൂളയിൽ ഇല്ല.
6. മാർ മാക്കീൽ അന്നു പറഞ്ഞത് ഇങ്ങനെ: ***''രൂപത ക്നാനായക്കാർക്ക് എന്നുപറഞ്ഞാൽ അതു ജാതീയമായിപ്പോകും; നമുക്കു രൂപത ലഭിക്കുകയില്ല. അതുകൊണ്ടാണ് തെക്കുംഭാഗർക്ക് എന്നു പറഞ്ഞത്.''*** ഈ രൂപത ക്നാനായക്കാർക്കുമാത്രമായി പത്താം പീയൂസ് മാർപാപ്പാ അനുവദിച്ചുതന്നു എന്ന് ഇന്നു പ്രചരിപ്പിക്കുന്നത് കാപട്യമാണെന്ന് ഇതിൽനിന്നുതന്നെ, തെളിയുന്നുണ്ട്. ഈ രൂപതയും ഇടവകകളും, 'ക്നാനായ രൂപത'യെന്നും 'ക്നാനായ ഇടവക'കളെന്നും ജാതീയമാക്കിയതിനെ കേരളസഭാനേതൃത്വം തടയേണ്ടിയിരിക്കുന്നു. ചില കത്തോലിക്കാമെത്രാന്മാർപോലും 'ക്നാനായ സഭ' എന്ന് കോട്ടയം രൂപതയെ വിശേഷിപ്പിച്ച് തങ്ങളുടെ അജ്ഞത വെളിവാക്കുന്നു. ഇവിടെ കോട്ടയം കത്തോലിക്കാരൂപത മാത്രമാണുള്ളത്; ക്നാനായ രൂപതയല്ല.
7. മാർ മാക്കീലിന്റെ നാളാഗമത്തിൽ ഇങ്ങനെ എഴുതിയിരിക്കുന്നു: **''തൃശൂർ മെത്രാൻ നമ്മോടൊപ്പം വരാമെന്ന് ഏറ്റിരുന്നതാണ്. എന്നാൽ ദൈവകൃപയാൽ എത്തിപ്പെടാൻ സാധിച്ചില്ല. അദ്ദേഹം വന്നിരുന്നെങ്കിൽ നമുക്കു രൂപത ലഭിക്കാൻ പ്രയാസമായേനെ.''** മാർ മാക്കീൽ റോമിൽ നടത്തിയ കുടിലതന്ത്രങ്ങൾ വെളിപ്പെടുമായിരുന്നു എന്നു വ്യംഗ്യം.
8. ഇവിടെ വടക്കുംഭാഗരും തെക്കുംഭാഗരും തമ്മിൽ യുദ്ധസമാനമായ അന്തരീക്ഷത്തിലാണെന്ന് മാർപാപ്പായെ ബോദ്ധ്യപ്പെടുത്തി. എന്നാൽ അക്കാലത്ത് ശ്രീ. ജോസഫ് ചാഴികാടൻ എഴുതിയ 'തെക്കുംഭാഗ സമുദായം' എന്ന പുസ്തകത്തിൽ വടക്കുംഭാഗരും തെക്കുംഭാഗരുംതമ്മിൽ വളരെ സൗഹാർദ്ദത്തിലും ഒത്തൊരുമയിലും കഴിഞ്ഞിരുന്നു എന്നും, വിദ്വേഷവും വിഭാഗീയതയും വൈദികർക്കിടയിൽ മാത്രമായിരുന്നു എന്നും പറയുന്നുണ്ട്.

മാർ മാക്കീൽ തന്റെ കുതന്ത്രങ്ങളാൽ നേടിയെടുത്ത ഈ പൈശാചികരൂപത അദ്ദേഹത്തെ 'ദൈവദാസ'നുമാക്കി! ഇദ്ദേഹത്തിന്റെ നൂറാം ചരമവാർഷികച്ചടങ്ങിൽ മാർ മാക്കീലിനെ പുകഴ്ത്താൻ മാർ ആലഞ്ചേരി നാവിൽ തേൻ പുരട്ടി വന്നത് ഓർക്കുന്നു.

തദ്ദേശ മെത്രാന്മാർക്കെതിരായ മാർ മാക്കീലിന്റെ നിലപാട് റോം അംഗീകരിച്ചിരുന്നെങ്കിൽ ഇന്നത്തെ സീറോ-മലബാർ സഭയും മേജർ ആർച്ചുബിഷപ്പും ഉണ്ടാകുമായിരുന്നോ? കോട്ടയം രൂപത ഉണ്ടാകുമായിരുന്നോ?

ഈ നോമ്പുകാലത്ത് ദൈവം അനുഗ്രഹിച്ചുതന്ന ആഹാരപദാർത്ഥങ്ങൾക്കല്ല വിലക്ക് ഏർപ്പെടുത്തേണ്ടത്; മറിച്ച്, സഭയ്ക്കുള്ളിൽ നടക്കുന്ന കിരാതമായ നടപടികൾക്കാണ് സഭാനേതൃത്വം വിലക്കു കല്പിക്കേണ്ടത്. ഇനിയും ഇക്കാര്യത്തിൽ നിങ്ങൾ നിസ്സംഗത പാലിച്ചാൽ അത് ഒരിക്കലും നിങ്ങൾക്കു സന്തോഷമായിരിക്കുകയില്ല എന്ന് സഭാനേതൃത്വത്തെ അറിയിക്കട്ടെ. കാരണം, രക്തശുദ്ധിവാദം കാടത്തമാണ്; കാടത്തം സഭയ്ക്കു ചേർന്നതല്ല. ഞങ്ങൾ അതിനി വച്ചുപൊറുപ്പിക്കില്ല.

✖ ഫോൺ: 9288046925

# രക്തശുദ്ധിവാദം വിവാദത്തിലേക്ക്



## റെജി ഞള്ളാനി

**ക്**നാനായസമുദായത്തിലെ ഒരു വിഭാഗം ആളുകൾ വച്ചുപലർത്തുന്ന ശുദ്ധരക്തവാദം വിവാദമാവുകയാണ്. ഏ. ഡി. 345-ൽ ക്നായിതോമായുടെ നേതൃത്വത്തിൽ ബാഗ്ദാദ്, ജറുശലേം, നിനവേ എന്നീ സ്ഥലങ്ങളിൽ നിന്ന് 72 സിറിയൻ ക്രിസ്തീയകുടുംബങ്ങളിലെ 400 പേർ കേരളത്തിൽ കപ്പലിറങ്ങിയെന്നും, അവരുടെ സന്തതിപരമ്പരകൾ ഒരു ഗോത്രമായി ഇന്നും തുടരുന്നുവെന്നുമുള്ള വിശ്വാസം ശക്തിപ്പെടുത്തി ഒരു കൂട്ടർ നിലകൊള്ളുന്നു. വിവാഹബന്ധങ്ങളും മറ്റു സഹായ ബന്ധങ്ങളും ഇക്കൂട്ടർക്കിടയിലുള്ളവർ തമ്മിൽമാത്രം മതിയെന്നുള്ള വാദമാണ് ഇക്കൂട്ടർക്കുള്ളത്.

കേരളത്തിലെത്തിയ കാനായിതൊമ്മൻ ഇവിടുത്തെ ഒരു സ്ത്രീയെ വിവാഹം ചെയ്തു. 72 കുടുംബങ്ങളുടെയും സന്തതിപരമ്പരകളുടെയും പിന്നീടങ്ങോട്ടുള്ള ചരിത്രത്തിൽ ആരൊക്കെ ഏതെല്ലാം ഗോത്രങ്ങളിൽ നിന്നും വിവാഹബന്ധത്തിൽ ഏർപ്പെട്ടെന്നു പറയുക അസാദ്ധ്യമാണ്. കഴിഞ്ഞ നൂറ്റാണ്ടുകളിലെ ഇന്ത്യയുടെ, പ്രത്യേകിച്ച് കേരളത്തിന്റെ, ചരിത്രരേഖകൾ പരിശോധിച്ചാൽ നിരവധി യുദ്ധങ്ങളും കടന്നാക്രമണങ്ങളും പിടിച്ചടക്കലുകളുമൊക്കെ രാജാക്കൻമാർ തമ്മിൽ ഉണ്ടായിട്ടുണ്ട്. ജാതിവ്യവസ്ഥ നിലനിന്നിരുന്ന അക്കാലത്ത് ആധിപത്യം ബ്രാഹ്മണർക്കായിരുന്നു. മറ്റു വിഭാഗങ്ങളിൽപ്പെട്ട ധാരാളം സ്ത്രീകളെയും കുട്ടികളെയും അവർ ദുരുപയോഗം ചെയ്യുകയും അടിമകളാക്കുകയും, പുടവനൽകി വേളികഴിക്കുകയും ചെയ്തിട്ടുണ്ട്. ഈ കാലഘട്ടങ്ങളിൽ ക്നാനായഗോത്രവിഭാഗങ്ങൾ ഏതെല്ലാം രീതിയിൽ ചിന്നിച്ചിതറിയെന്നോ വിവാഹബന്ധത്തിൽ ഏർപ്പെട്ടുവെന്നോ ആർക്കും നിർവചിക്കുവാൻ കഴിയില്ല. ഇന്നത്തെ ശാസ്ത്രീയപരിശോധനകളുടെയും ഡി. എൻ. എ പരിശോധനയുടെയും ഫലങ്ങൾ പറയുന്നത്, ദക്ഷിണേന്ത്യൻ ജനതയുടെ ഡി. എൻ. എ-യുമായിട്ടാണ് ഇവരുടെ ഡി.എൻ.എ-യ്ക്കു സാമ്യമുള്ളത് എന്നാണ്? ഇതിനും പുറമേ, വിദേശരാജ്യത്തുള്ളവരുടെ ശരീരഘടനയും ആകാര സാദൃശ്യവും നിറവുമല്ല ഇവർക്കുള്ളതെന്നും, അതൊന്നും കേരളത്തിലുള്ള മറ്റുള്ളവരുടേതിൽനിന്നു വ്യത്യസ്തമല്ല എന്നും ആർക്കും ഒറ്റ നോട്ടത്തിൽ തന്നെ തിരിച്ചറിയാവുന്നതാണ്. ചരിത്രരേഖകൾ, ശരീരഘടന, ശാസ്ത്രീയപരിശോധന, പ്രവർത്തനശൈലി, ആകാരഭംഗി എന്നിവയുടെയും ഇപ്പോഴത്തെ ജീവിതസംസ്കാരത്തിന്റെയും അടിസ്ഥാനത്തിൽ പരിശോധിച്ചാൽ, ഗോത്രത്തനിമയുണ്ടെന്നവകാശപ്പെടുന്ന ക്നാനായവിഭാഗക്കാരുടെ രക്തശുദ്ധിവാദം ചിലരുടെ സ്വാർത്ഥതാത്പര്യങ്ങൾക്കു വേണ്ടിയാണെന്നും യാഥാർത്ഥ്യവുമായി അതിനു യാതൊരു ബന്ധവുമില്ലെന്നും കാണുവാൻ കഴിയും. ഡി. എൻ.എ. പരിശോധനയ്ക്ക് ഇവർ തയ്യാറാവാത്തത് ഇക്കാര്യത്താലാണെന്ന വാദവും ശക്തമാണ്. എന്നാൽ, ഇവർക്കിടയിൽ ബൗദ്ധികമായി ഉയർന്നുനിൽക്കുന്ന ഒരു പ്രബലവിഭാഗം രക്തശുദ്ധിവാദത്തെ ശക്തിയായി എതിർക്കുന്നവരാണ്.

**വളരെ ചെറിയ ജനസംഖ്യയുള്ള ഈ ക്നാനായ ഗോത്രത്തിലെ യുവാക്കൾക്കും യുവതികൾക്കും അനുയോജ്യരായ വധൂവരന്മാരെ കിട്ടാതായതിനാൽ, മറ്റു ക്രിസ്തീയ രൂപതകളിൽ നിന്നു വിവാഹംചെയ്യുകയോ, ക്നാനായ ഗോത്രവിലക്കു ഭയന്ന് ഇഷ്ടമില്ലാത്ത വിവാഹത്തിന് സമ്മതിക്കുകയോ ചെയ്യേണ്ടിവരുന്നു.**

കഴിഞ്ഞ കുറെ കാലമായി, ആസൂത്രിതമായി ഉയർത്തിക്കൊണ്ടുവരുന്ന രക്തശുദ്ധിവാദത്തിന്റെ ഫലമായി സ്വന്തം രക്തത്തിൽ പിറന്നവർ തമ്മിൽ വിവാഹിതരാവേണ്ടി വരുന്നു. ചിലപ്പോൾ തലമുറകളുടെ ക്രമപ്രകാരം നോക്കിയാൽ ഇളയമ്മമാരെയും പെങ്ങൻമാരെയും എന്തിന്, സ്വന്തം മാതാവിന്റെ തുല്യ തലമുറക്കാരെയുംവരെ ഇവർക്കു വിവാഹം കഴിക്കേണ്ടി വരുന്നു. ഇത് പലപ്പോഴും മാനസികസംഘർഷങ്ങൾക്കും പരിമുറുക്കങ്ങൾക്കും കാരണ

മാകാറുണ്ട്. ചുരുങ്ങിയ അംഗസംഖ്യയുള്ള ഗോത്രങ്ങളിലെ ഇത്തരം വിവാഹങ്ങളുടെ ഫലമായി, ജനിതകവൈകല്യങ്ങളും ബുദ്ധിക്ഷമതാക്കുറവും പാരമ്പര്യരോഗങ്ങളും നാൾക്കുനാൾ വർദ്ധിച്ചുവരുന്നതായി പഠനങ്ങൾ വ്യക്തമാക്കുന്നു. കേരളത്തിലെ ആദിവാസി ഗോത്രവിഭാഗങ്ങളെ നോക്കിയാൽമാത്രം മതി, ഇതിന്റെ ഭീകരമുഖം കാണുവാൻ. ഓരോ തലമുറയും കടന്നുപോകുമ്പോൾ ബുദ്ധിക്ഷമത കുറഞ്ഞുകുറഞ്ഞുവരുന്നതായി കാണുന്നു. ഭാവിയിൽ ബുദ്ധിവികാസമില്ലാത്ത ഒരു തലമുറയെ സൃഷ്ടിക്കലാകും, ക്നാനായ രക്തശുദ്ധിവാദത്തിന്റെയും ഫലം.

അതുകൊണ്ട്, ഭാവിതലമുറയെ മുന്നിൽക്കണ്ട് അങ്ങനെ സംഭവിക്കാതിരിക്കാനുള്ള ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. മറ്റു വിഭാഗങ്ങളിൽ കാണുന്നതിനേക്കാൾ മാനസ്സിക പിരിമുറുക്കവും വിഷാദരോഗങ്ങളും തനിമ അവകാശപ്പെടുന്ന കൂട്ടർക്കിടയിലാണെന്ന് മെഡിക്കൽ പഠനങ്ങൾ വ്യക്തമാക്കുന്നു. വളരെ ചെറിയ ജനസംഖ്യയുള്ള ഈ ക്നാനായ ഗോത്രത്തിലെ യുവാക്കൾക്കും യുവതികൾക്കും അനുയോജ്യരായ വധൂവരന്മാരെ കിട്ടാതായതിനാൽ, മറ്റു ക്രിസ്തീയ രൂപതകളിൽ നിന്നു വിവാഹംചെയ്യുകയോ, ക്നാനായ ഗോത്രവിലക്കു ഭയന്ന് ഇഷ്ടമില്ലാത്ത വിവാഹത്തിന് സമ്മതിക്കുകയോചെയ്യേണ്ടി വരുന്നു. തനിമയുടെ പേരുപറഞ്ഞ് അതൃപ്തരായി കുടുംബജീവിതത്തിൽ പ്രവേശിക്കുന്നവരുടെ ഭാവിജീവിതം അതിദാരുണമാണെന്ന് പറയാതെവയ്യ.

മേജർ ആർച്ച് ബിഷപ്പിന്റെ കീഴിൽ ആറ് പ്രദേശികസഭകളിലായി 29 സുറിയാനി രൂപതകൾ ചേർന്നതാണ് സീറോ-മലബാർ സഭ. ഇവയിൽ ഒരു രൂപതയായി പ്രവർത്തിക്കുന്ന പ്രാദേശിക സഭയാണ് കോട്ടയം രൂപത. കത്തോലിക്ക സഭയിലെതന്നെ മറ്റു രൂപതകളിലെ കുടുംബങ്ങളിൽനിന്നും വിവാഹം കഴിച്ചാൽ അയാൾ കോട്ടയം രൂപതയിൽ നിന്നും പുറത്താക്കപ്പെടുന്നു. ഇങ്ങനെ പുറത്തായവർ അകത്തുള്ളവരെക്കാൾ കൂടുതലാകാൻ ഇനി വലിയ താമസമില്ല. പുറത്തായവർ സ്വന്തം കുടുംബം, മാതാപിതാക്കൾ, ബന്ധുക്കൾ എന്നിവരിൽനിന്നും അകന്ന് കാലക്രമേണ തമ്മിൽത്തമ്മിലുള്ള ബന്ധങ്ങൾ ഇല്ലാതാവുന്ന സ്ഥിതിയാണുള്ളത്. ഈ വേർപിരിയൽ അതികഠിനമായ വേദനയും വൈരാഗ്യവും ശത്രുതയുമാണ് സ്വന്തം കുടുബങ്ങൾക്കുള്ളിലുണ്ടാക്കുന്നത്. ആത്മീയമായ വേർതിരിവിനും ഇത് ഇടയാക്കുന്നു .

പുറത്താക്കപ്പെടുന്നവർ മനസില്ലാമനസ്സോടെ മറ്റു രൂപതകളിലെ പള്ളികളിൽ ചെന്നുചേരുവാൻ നിർബന്ധിതരാവുന്നു. ഇവിടെയും ഇവർ രണ്ടാംകിട ശ്രേണിയിലാണ് പരിഗണിക്കപ്പെടുന്നത് എന്നത് സത്യമാണ്. ഇതെല്ലാം ഉണ്ടാക്കിവയ്ക്കുന്ന ആത്മസംഘർഷങ്ങൾ വരും തലമുറയിലേക്കുകൂടി വ്യാപിക്കുന്നു.

ഇതിനെല്ലാംപുറമേ, മഹാഭൂരിപക്ഷം വരുന്ന മറ്റു രൂപതകളിലെ ആളുകൾ മുഴുവൻ അശുദ്ധരാണെന്നു മുദ്രകുത്തപ്പെടുന്നതും വലിയ അപകടം വരുത്തിവയ്ക്കും. ഇതുവഴി ഗോത്രത്തനിമ അവകാശപ്പെടുന്ന ക്നാനായവിഭാഗത്തിലെ ആളുകൾ വരും നാളുകളിൽ സമൂഹത്തിൽ ഒറ്റപ്പെടുകയും മാറ്റിനിർത്തപ്പെടുകയുംചെയ്യും എന്നു വിദഗ്ധർ ചൂണ്ടികാട്ടുന്നു

രക്തശുദ്ധിവാദം ഉന്നയിക്കുന്ന വിഭാഗത്തിലെ ഭൂരിപക്ഷം ആളുകളും സഭാനേതൃത്വത്തിലുള്ള ചിലരും നല്ലൊരുവിഭാഗം വൈദികരും ഈ ദുരാചാരം അവസാനിപ്പിക്കണമെന്ന ആഗ്രഹക്കാരാണ്.എന്നാൽ കോട്ടയം രൂപതയിലെ എഴുതപ്പെടാത്ത ചില നിയമങ്ങളും സ്ഥാപിതതാത്പര്യക്കാരുടെ ശക്തമായ സ്വാധീനവുമാണ് അവരുടെ നല്ല ചിന്തകൾക്ക് തടസ്സമാകുന്നത്.

ഇവിടെ വിശ്വാസിസമൂഹമാണ് ഉണരേണ്ടത്. നിയമങ്ങളും വിശ്വാസങ്ങളും മനുഷ്യരുടെ നന്മയ്ക്കുവേണ്ടിയാണ്. അവ വിനയായിവന്നാൽ അതിനെ മാറ്റിയെഴുതണം. യേശുവിൽ എല്ലാവരും ഒരുപോലെയാണ്, യേശുവിന്റെ രക്തത്താൽ എല്ലാവരും ശുദ്ധീകരിക്കപ്പെട്ടവരാണ്. മറിച്ചു വിശ്വസിക്കുന്നവർ ക്രിസ്ത്യാനികളല്ല എന്നും, അവരെ കത്തോലിക്കാസഭയിൽനിന്ന് ഉടൻ പുറത്താക്കണമെന്നും ഒരു വിഭാഗം വാദിക്കുന്നു.

രക്തശുദ്ധിവാദം വൻവിവാദമാവുകയാണ്. മറ്റു രൂപതകളിൽനിന്നും അല്മായസംഘടനകളിൽനിന്നും നവീകരണപ്രസ്ഥാനങ്ങളിൽനിന്നും ക്നാനായാ രക്തശുദ്ധിവാദത്തോടു ശക്തമായ എതിർപ്പുകൾ ഉയർന്നുകഴിഞ്ഞിരിക്കുന്നു. എല്ലാ കത്തോലിക്കാവിഭാഗങ്ങളുംചേർന്ന്, 'കെ.സി.ആർ.എം-ക്നാനായ ഫ്രീഡം മൂവ്മെന്റെ'ന്ന പ്രസ്ഥാനം രൂപീകരിച്ചു പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. രക്തശുദ്ധിയുടെപേരിൽ പുറത്താക്കപ്പെട്ടവരുടെ കണക്കെടുപ്പ് തുടങ്ങിയിരിക്കുന്നു.ഈ പ്രശ്നം ക്നാനായവിഭാഗത്തിനുപുറത്തുള്ള രൂപതകളിലെ ആളുകളുടെ അഭിമാനത്തെ ചോദ്യം ചെയ്യുന്ന വിഷയമായി മാറിയിരിക്കുന്നു എന്നത് സഭാനേതൃത്വം ഗൗരവത്തോടെ കാണണം. അതോടൊപ്പം ധീരവും വിവേകപൂർണ്ണവുമായ നിലപാടുകൾ അല്മായസംഘടനകളുടെയും വിശ്വാസിസമൂഹത്തിന്റെയും ഭാഗത്തുനിന്നും ഉണ്ടാവേണ്ടത് അത്യാവശ്യമാണ്.

ഫോൺ: 9447105070

# ക്രൈസ്തവസഭകളുടെ 'നിലവിളി' രാഷ്ട്രീയധ്രുവീകരണത്തിന്

**കെ.സുജിത്ത്**

**അ**നാവശ്യവിവാദമുയർത്തി, ക്രൈസ്തവ സമൂഹം പീഡിപ്പിക്കപ്പെടുന്നുവെന്ന് വരുത്തിത്തീർക്കാൻ സഭകൾ നടത്തുന്ന ശ്രമം രാഷ്ട്രീയ ധ്രുവീകരണം മുന്നിൽക്കണ്ട്. മോദി സർക്കാരിനും ആർ.എസ്.എസ്സിനുമെതിരെ സഭ വ്യാജ പ്രചരണങ്ങൾ നടത്തുന്നത് സർക്കാരിന്റെ നയപരിപാടികൾ അട്ടിമറിക്കാൻ. പൊതുസമൂഹത്തിനു ഗുണകരവും സഭാപുരോഹിതർക്കു തലവേദനയുമാകുന്ന നയങ്ങൾ നടപ്പിലാക്കാൻ കേന്ദ്രസർക്കാർ തുടക്കംകുറിച്ചതോടെയാണ് നിലവിളിയുമായി സഭാധികൃതർ രംഗത്തെത്തുന്നത്. രാജ്യവിരുദ്ധപ്രവർത്തനം നടത്തുന്നതിനാൽ അടുത്തിടെ 69 എൻ.ജി.ഒ-കളെ കേന്ദ്രസർക്കാർ കരിമ്പട്ടികയിൽപ്പെടുത്തുകയും വിദേശസഹായം സ്വീകരിക്കുന്നതിൽനിന്ന് വിലക്കുകയും ചെയ്തിരുന്നു. ഇതിൽ 15 എൻ.ജി.ഒ-കൾ ക്രൈസ്തവസഭകൾക്കു കീഴിലുള്ളതാണ്. വിദേശ ഫണ്ട് ലഭിക്കുന്ന എൻ.ജി.ഒ-കളുടെ പ്രവർത്തനം സർക്കാരിന്റെ നിരീക്ഷണത്തിലുമാണ്. സേവനപ്രവർത്തനങ്ങൾക്കായി കണക്കില്ലാത്ത വിദേശഫണ്ടാണ് സഭകൾക്ക് ഓരോ വർഷവും ലഭിക്കുന്നത്. മതപരിവർത്തനവ്യവസായം മുന്നോട്ടു കൊണ്ടുപോകുന്നതും ഇത്തരം ഫണ്ടുപയോഗിച്ചാണ്. മോദിസർക്കാരിന്റെ നടപടി സഭകളെ സംബന്ധിച്ചിടത്തോളം കനത്ത ആഘാതമാണ്.

ഇതിനു പുറമെയാണ് 'ചർച്ച് ആക്ട്' സർക്കാരിന്റെ പരിഗണനയിലിരിക്കുന്നത്. സഭകളുടെ സമ്പത്തു സംബന്ധിച്ച് കൃത്യമായ കണക്കുകൾ കേന്ദ്ര-സംസ്ഥാന-സർക്കാരുകളുടെ കൈവശമില്ല. ആരോഗ്യ, വിദ്യാഭ്യാസ, ആത്മീയ വ്യാപാരത്തിലൂടെ സഭ കോടികൾ കൊയ്യുന്നുണ്ടെങ്കിലും സേവനപ്രവർത്തനത്തിന്റെ പരിധിയിൽപ്പെടുത്തി നികുതി ഒഴിവാക്കുകയാണ് ചെയ്യുന്നത്. ഈ സാഹചര്യത്തിൽ സഭകളെ ജനാധിപത്യവത്കരിക്കുകയും നടത്തിപ്പിൽ വിശ്വാസികൾക്ക് പങ്കാളിത്തം നൽകുകയും ചെയ്യുന്ന 'ചർച്ച് ആക്ട്' നടപ്പിലാക്കുന്നതിന് ക്രിസ്ത്യൻ വിഭാഗത്തിൽ നിന്നുതന്നെ ആവശ്യമുയരുന്നുണ്ട്. സഭാപുരോഹിതരുടെ സാമ്പത്തികാധികാരം കുറയ്ക്കുന്ന 'ചർച്ച് ആക്ട്' നടപ്പിലാക്കുന്നതിന് വിവിധ സംഘടനകൾ പ്രധാനമന്ത്രിക്ക് നിവേദനം നൽകിയിട്ടുണ്ട്. രാജ്യത്തിന്റെ നീതിന്യായ സംവിധാനത്തെ വെല്ലുവിളിച്ച് സഭകൾക്കുള്ളിൽ സമാന്തരകോടതികൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ, സഭകൾ എതിർത്തിരുന്ന പശ്ചിമഘട്ടസംരക്ഷണവുമായി ശക്തമായി മുന്നോട്ടുപോകാനാണ് കേന്ദ്രസർക്കാർ തീരുമാനം. ഇത്തരം 'അപകടങ്ങൾ' മുൻകൂട്ടിക്കണ്ടാണ് സഭാനേതൃത്വം കൂട്ടക്കരച്ചിൽ നടത്തി വർഗ്ഗീയവിഭജനം സൃഷ്ടിക്കുന്നത്. വിശ്വാസികളെ രംഗത്തിറക്കിയും ഇതര രാഷ്ട്രീയപാർട്ടികളെ യോജിപ്പിച്ചും ഏതു വിധേനയും സർക്കാർ നടപടികൾ തടയുന്നതിനുള്ള പരിശ്രമമാണ് ഇപ്പോൾ തുടങ്ങിയിരിക്കുന്നത്. പ്രതിപക്ഷകക്ഷികൾ ആരോപണങ്ങൾ അതേപടി ഏറ്റെടുക്കുന്നത് സഭകൾക്ക് കാര്യങ്ങൾ എളുപ്പമാക്കുന്നു.

വർഗ്ഗീയ ആരോപണങ്ങൾ ഉന്നയിച്ച് ആശയക്കുഴപ്പം സൃഷ്ടിക്കുന്നതിനു പിന്നിൽ സഭയ്ക്ക് രാജ്യവിരുദ്ധ അജണ്ടയുമുണ്ട്. വിദേശരാജ്യങ്ങളിൽ മോദിക്കു ലഭിക്കുന്ന സ്വീകാര്യത തടയുകയെന്നതാണ് ഇത്. മോദി സന്ദർശിക്കുന്നതിലേറെയും ക്രിസ്ത്യൻ ഭൂരിപക്ഷ രാജ്യങ്ങളാണ്. വിദേശമാധ്യമങ്ങൾ സഭയുടെ വിലാപങ്ങൾ പ്രസിദ്ധീകരിക്കുന്നുമുണ്ട്. കോൺഗ്രസ് സർക്കാരുകളെപ്പോലെ മോദിസർക്കാരും തങ്ങൾക്കു വഴിപ്പെടണമെന്നാണ് സഭയുടെ നിലപാട്. ദൽഹിയിലെ പള്ളി ആക്രമണങ്ങളിൽ പ്രധാനമന്ത്രിയെയും ഹിന്ദുസംഘടനകളെയും പ്രതിക്കൂട്ടിലാക്കിയ സഭ ഏറ്റവുമൊടുവിൽ കൊൽക്കത്തയിൽ കന്യാസ്ത്രീ ബലാത്സംഗം ചെയ്യപ്പെട്ട സംഭവത്തിലും കേന്ദ്രസർക്കാരിനെ പഴിക്കുകയാണ്. സംസ്ഥാനസർക്കാർ നടപടിയെടുക്കേണ്ട വിഷയത്തിൽ വിമർശനം മോദിക്കെതിരെ തിരിക്കുന്നത് ആസൂത്രിതമാണ്. സിസ്റ്റർ അഭയയെ കൊന്നു കിണറ്റിലെറിഞ്ഞവരും, തൃശൂരിൽ ഒൻപത് വയസുകാരിയെ പീഡിപ്പിച്ച പുരോഹിതനും, പീഡനം ചെറുത്തതിന് മഠത്തിൽനിന്നു കന്യാസ്ത്രീയെ പുറത്താക്കിയവരും ഇപ്പോഴും സഭയുടെ ഭാഗമായിത്തന്നെ കഴിയുകയാണ്.

(2015 മാർച്ച് 21-ലെ ജന്മഭൂമി പത്രത്തിൽനിന്ന്)

*-ശ്രീ. കെ.സുജിത്തിന്റെ വിലയിരുത്തലുകൾ തികച്ചും വസ്തുതാപരംതന്നെ. 'ചർച്ച് ആക്ട്' എന്നു കേൾക്കുമ്പോഴെ, ബിഷപ്പുമാരുടെ മുട്ടുവിറയ്ക്കുകയാണ്. 'ചർച്ച് ആക്ട്' പ്രാബല്യത്തിലായാൽ, വിദേശഫണ്ടിന്റെയും സമൂഹസമ്പത്തിന്റെയും ദുരുപയോഗം പിന്നെ നടക്കില്ലല്ലോ എന്ന അങ്കലാപ്പ് അവരെ കുറച്ചൊന്നുമല്ല അലട്ടുന്നത്.*

# ളോഹയുടെ രാഷ്ട്രീയം
# ഇനി വേവുമോ, മിസ്റ്റർ പൗവ്വത്തിൽ?

**റെജി കുമാർ**

*[ദീപികയിൽവന്നിരുന്ന 'മദർ തെരേസായും മതപരിവർത്തനവും' എന്ന മാർ പൗവ്വത്തിലിന്റെ ലേഖന ത്തോടു പ്രതികരിച്ച് ഫേസ് ബുക്കിൽവന്ന ലേഖനം]*

**ബി**ഷപ്പ് പദവിയിൽനിന്നു വിരമിച്ചു വിശ്രമജീവിതംനയിക്കുന്ന ചങ്ങനാശ്ശേരി മുൻ ബിഷപ്പ് ജോസഫ് പൗവ്വത്തിൽ അറിയാൻ,

അങ്ങയും അങ്ങ് അടങ്ങുന്ന ക്രിസ്ത്യൻ സമൂഹത്തിലെ മിഷനറിമാരും കാക്കത്തൊ ള്ളായിരം മതംമാറ്റ- ദൈവരാജ്യഗ്രൂപ്പുകളും ഈ രാജ്യത്തു നടത്തിയ, നടത്തുന്ന, ഭീകരവാദ- തീവ്രവാദ അന്യമതനിന്ദ വേറെയാരും സമീപ കാലത്തൊന്നും നടത്തിയിട്ടില്ല.

'നിന്റെ ദൈവം കള്ളം, നിന്റെ വിശ്വാസം കപടം, നീ പാപി, എന്റെ ദൈവംമാത്രം സത്യം, എന്റെ പുസ്തകം മാത്രം വാസ്തവം, വിഗ്രഹാ രാധന പാപം, നീയൊക്കെ പിശാചുക്കളുടെ സന്തതികൾ, എന്നെ വിശ്വസിച്ചാൽമാത്രം സ്വർഗം, അല്ലെങ്കിൽ നരകം' എന്നൊക്കെ അച്ചടിച്ചുവച്ച കൊടുംഭീകരവാദ പുസ്തകങ്ങൾ ഞങ്ങളുടെയൊക്കെ വീടുകളിൽ ഇപ്പോഴും പ്രചരിപ്പിക്കുന്ന ബിഷപ്പിന്റെ ആളുകളെക്കാൾ വലിയ മതരാഷ്ട്ര മതഭീകരവാദികളുണ്ടോ ഈ ലോകത്ത്?

കവലകളിൽ മൈക്കു കെട്ടിവച്ച് ഹിന്ദുവി നെയും അവന്റെ വിശ്വാസങ്ങളെയും ആചാരങ്ങ ളെയും ഗ്രന്ഥങ്ങളെയും പച്ചയ്ക്കു തെറി വിളിക്കുന്ന വേറെയേതെങ്കിലും മതഭീകര രുണ്ടോ ഈ ലോകത്ത്? അങ്ങ് മിണ്ടിയിട്ടില്ല..! ഇനിയാണെങ്കിലും മിണ്ടില്ല..! അതൊക്കെ അങ്ങേയ്ക്ക് ഉദാത്തമായ ദൈവവേലകൾ..!

'ദീപിക'യിലെ ലേഖനത്തിലൂടെ ആർ.എസ്സ്. എസ്സിനെയും ഇസ്ലാമിക് സ്റ്റേറ്റിനെയും ഒരേ വണ്ടിയിൽ കെട്ടുന്ന പൗവ്വത്തിൽ ബിഷപ്പേ,

കേരളത്തിലെ ക്രിസ്ത്യൻ കൂട്ടത്തിലെ തമ്മി ലടിച്ചു തല കീറുന്ന, പള്ളികൾ കൈയേറുന്ന, പള്ളികൾ തകർക്കുന്ന, ശവവുമായി തെരു വിലടിക്കുന്ന, കല്ലും കട്ടയും കമ്പിപ്പാരയും മുളകുപൊടിയുമായി നേർക്കുനേർ നിൽക്കുന്ന മെത്രാൻ കക്ഷിയെയും ബാവാ കക്ഷിയെയും ഒന്നിച്ചു ഒരു പെഗ്ഗ് വീഞ്ഞടിക്കാൻ അങ്ങു വിളിക്കുമോ?

മീൻ മണക്കുന്ന ലത്തീൻ സഭക്കാരെ കെട്ടാൻ മടിക്കുന്ന റബ്ബർ മണമുള്ള റോമൻ കക്ഷികളെ മാനസാന്തരപ്പെടുത്തുമോ? 'കെട്ടെടാ ചെക്കാ, കേട്ടെടീ പെണ്ണേ, എല്ലാം ക്രിസ്തുവിന്റെ സന്തതികൾ' എന്നു പറ യുമോ?

മതം മാറ്റിയ പുലയനെയും പറയനെയും കുറവനെയും, റോമൻ ലത്തീൻ സിറിയൻ പള്ളികളിൽ കയറ്റുമോ? ഇടവകക്കാരാ ക്കുമോ? അവർക്ക് ബിഷപ്പുപട്ടം വേണ്ടാ, അച്ചൻ പട്ടമെങ്കിലും കൊടുക്കുമോ? കപ്യാരാ ക്കുമോ? അവരിലൊരു പെണ്ണിനെ കന്യാ സ്ത്രീയാക്കുമോ? 'ദലിത് ക്രിസ്ത്യൻ' എന്ന വിളി ഒഴിവാക്കുകയെങ്കിലും ചെയ്യുമോ?

ആർ.എസ്സ്.എസ്സ്. ഇസ്ലാമിക് സ്റ്റേറ്റ് എന്നിവയെ തുലനം ചെയ്യുന്ന മുൻബിഷപ്പേ, ആർ.എസ്സ്.എസ്സ്. അങ്ങയെ, അങ്ങയുടെ സഭകളെ, അങ്ങയുടെ കുഞ്ഞാടുകളെ എന്താണ് കേരളത്തിൽ ചെയ്തത്? കാവി യുടുപ്പിച്ചു ക്യാമറയ്ക്കു മുന്നിൽ നിരത്തി നിർത്തി കഴുത്തറുത്തോ? അതോ ബലമായി ഹിന്ദുമതത്തിൽ ചേർത്തോ? അതുമല്ലെങ്കിൽ പള്ളികൾ തകർത്തോ?

അങ്ങയുടെ മതം ലോകത്തു നടത്തിയ കുരിശുയുദ്ധം പോലൊന്നും ഈ രാജ്യത്ത് ആരും ഒന്നും ചെയ്തിട്ടില്ലല്ലോ. ഗോവയിൽ നിന്നു ജീവനുംകൊണ്ട് ഓടി കേരളത്തിൽ വന്ന കൊങ്കിണികളോട് ചോദിച്ചാലറിയാം, കുരിശിന്റെയും 'വിശുദ്ധ' ഫ്രാൻസീസ് സേവ്യ റുടെയും മഹത്വം. എന്തായിരുന്നു ക്രൈസ്ത വസാഹോദര്യം എന്ന് കൊങ്കിണികൾ പറ യട്ടെ!

ആഫ്രിക്കയുടെ ഏതോ പ്രവിശ്യയിൽ അങ്ങയുടെ അനുയായികൾ നൂറുകണക്കിന് മുസ്ലിം പള്ളികളാണ് തീയിട്ടത്, ഇക്കഴി ഞ്ഞദിവസം. എന്തിനായിരുന്നു? ബീഫും പോർക്കും വീഞ്ഞും കഴിക്കുന്നതിനിടെ ബിഷപ്പ് ഹൗസിലെ സമാധാന പ്രാവുകളിൽ

ഒരെണ്ണത്തിനെ അങ്ങോട്ട് പറത്താമായിരുന്നു..! തെരേസാ മദറിനെപ്പോലൊരാളെ അങ്ങോട്ട് വിടാമായിരുന്നു.

ആർ.എസ്സ്.എസ്സും ഇസ്ലാമിക് സ്റ്റേറ്റും ഒന്നല്ല എന്നറിഞ്ഞിട്ടും എന്തിനാണ് അങ്ങ് ഈ പ്രായത്തിൽ രണ്ടിനെയും കൂട്ടിക്കെട്ടുന്നത് എന്ന് കട്ടൻ ചായയും കടുംകാപ്പിയും കുടിക്കുന്ന ഹിന്ദുവിനു പോലും മനസ്സിലാകും. ക്രിസ്ത്യൻ ഉടായിപ്പ് കച്ചവടം പലതും അടുത്തകാലത്ത് പൂട്ടി. അതുതന്നെ. കോടാനുകോടികൾ കുഴലിലൂടെ കൊണ്ടുവന്നു നടത്തിയിരുന്ന ദൈവരാജ്യസ്ഥാപനം മുടങ്ങി. ഹവാലയുടെ സകലമാനവഴികളും അടയുന്നു. വത്തിക്കാൻ എന്നുകേട്ടാൽ മുട്ടിടിക്കുന്ന ഇന്ത്യൻ ഭരണം പോയി. ക്രിസ്ത്യൻ എൻ.ജി.ഓ-കളോട് പണി മതിയാക്കിക്കോ എന്നു പറയാതെപറയുന്ന സർക്കാർ രാജ്യം ഭരിക്കുന്നു. സോണിയയും വത്തിക്കാനും ചേർന്നാൽ എല്ലാമായി എന്ന പരിപാടി അവസാനിച്ചു.

അപ്പോ ഒരേയൊരു വഴി! 'അയ്യോ ഞങ്ങളെ കൊല്ലുന്നേ, പീഡിപ്പിക്കുന്നേ, റേപ്പ് ചെയ്യുന്നേ, പള്ളി പൊളിക്കുന്നേ, പ്രതിമ തകർക്കുന്നേ, മതസ്വാതന്ത്ര്യം നിഷേധിക്കുന്നേ, ന്യൂനപക്ഷാവകാശം ധ്വംസിക്കുന്നേ, ഓടിവായോ...' എന്ന് നിലവിളിക്കുക! അതാണിത്, അതുമാത്രമാണിത്.

അഭയാ അടക്കം പല കന്യാസ്ത്രീകൾ ദുരൂഹമായി മരിച്ചപ്പോൾ, ഒട്ടേറെ കന്യാസ്ത്രീകൾ സഭയ്ക്കെതിരെ ആരോപണങ്ങളുമായി വന്നപ്പോൾ, കൈവെട്ടിമാറ്റപ്പെട്ട ജോസഫ് എന്ന പ്രൊഫസറടക്കം പലരും പലപല സങ്കടങ്ങൾ പറഞ്ഞപ്പോൾ, വായിൽ പന്നിയും പോത്തും ചൂരയും കേരയും മോതയും പൊരിച്ചത് തിരുകിവച്ച് മിണ്ടാതിരുന്ന പൗവ്വത്തിൽ പിതാവേ...

ഒരേയൊരു ചോദ്യം: അങ്ങേയ്ക്കടക്കം ളോഹയിട്ട ആർക്കും തെല്ലും നാണമില്ലേ ഈ പച്ചക്കള്ളങ്ങൾ വിളമ്പാൻ? ഈ നാട്ടിലെ ഹിന്ദുവിനെ പരസ്യമായി അപമാനിക്കാൻ? ആർ.എസ്സ്.എസ്സ്. എന്താണെന്ന് അറിഞ്ഞിട്ടും അതിനെ അവഹേളിക്കാൻ തരിമ്പും ലജ്ജയില്ലേ?

അതോ, മുപ്പത്തിമൂന്നുകോടി ദൈവങ്ങളുള്ള, ക്രിസ്തുവും നബിയും അടക്കം ഇനിയും കുറേക്കൂടി ദൈവങ്ങളായാലും കുഴപ്പമില്ല എന്നു കരുതുന്ന, ഹിന്ദുവിനെ 'ഞാനല്ലാതെ വേറൊരു ദൈവം നിനക്കില്ല' എന്ന സെമിറ്റിക് വാചകംവീണ്ടും വീണ്ടും പഠിപ്പിക്കാനുള്ള, അവരെ മാർഗംകൂട്ടാനുള്ള, നാഗാലാൻഡ് മോഡൽ സൃഷ്ടിക്കാനുള്ള പാഴ്വേലയുമായാണോ പുറപ്പാട്?

അതിന്റെ കാലം പോയി, പൗവ്വത്തിൽ പിതാവേ. രാജ്യവും ഹിന്ദുവും ഒരുപാടൊരുപാട് മാറിപ്പോയി. അങ്ങയെക്കാൾ വലിയ വർഗീയവാദി ഇല്ല എന്നായി. സാരമില്ല. എല്ലാം അങ്ങയുടെ മതവും മതപഠനവും നൽകുന്ന വിശ്വാസം. അങ്ങയുടെ വിശ്വാസം അങ്ങയെ രക്ഷിക്കട്ടെ!

Last Lap: നരേന്ദ്ര മോദി പ്രധാനമന്ത്രിയായി എന്നു കരുതി അസഹിഷ്ണുത ഇങ്ങനെയൊക്കെ ആകാമോ? ഹിന്ദുക്കളെല്ലാം ആർ.എസ്സ്.എസ്സ്. അല്ല. എന്നാൽ, അവരെയെല്ലാം അതാക്കിയേ അടങ്ങൂ എന്നാണെങ്കിൽ ഒന്നും പറയാനില്ല. ഗുജറാത്തിലെ സംഭവങ്ങൾക്ക് മുഖ്യമന്ത്രി മോദിയാണ് ഉത്തരവാദിയെങ്കിൽ ബംഗാളിലെ സംഭവങ്ങൾക്ക് മമതയല്ലേ ഉത്തരവാദി?

ജനങ്ങൾക്കു വിവരമുണ്ട്, സർ.

*-ക്രൈസ്തവവിരുദ്ധമെന്നു പ്രഥമദൃഷ്ട്യാ തോന്നാനിടയുള്ള ഈ പ്രതികരണലേഖനം 'സത്യജ്വാല'യിൽ കൊടുക്കുന്നത് ആർ.എസ്സ്.എസ്സിനോടോ ഉയർന്നുവരുന്ന ഹിന്ദുത്വവിഭാഗീയചിന്തകളോടോ അനുഭാവമുള്ളതുകൊണ്ടല്ല. മറിച്ച്, ഏതു മതദർശനത്തെയും സ്വാഗതം ചെയ്യാനും, ഒഴുകിയെത്തുന്ന മറ്റൊരു നദിയെന്നപോലെ ഇന്ത്യയെന്ന ദാർശനിക ഭൂമികയിലേയ്ക്ക് ആഗിരണം ചെയ്യാനും പോരുന്നത്ര പാരാവാരസമാനമായ ഭാരതസംസ്കൃതിയെ, വിഭാഗീയതയുടെയും സങ്കുചിതത്വത്തിന്റെയും ചെളിക്കുണ്ടിലേക്കു തള്ളിവിടുന്നതിൽ ക്രൈസ്തവസഭകൾക്കുള്ള പങ്കിനെക്കുറിച്ച് ഒരു സ്വയം പരിശോധനയ്ക്കു അതു കളമൊരുക്കിയേക്കാം എന്നു തോന്നിയതിനാലാണ്. 'ആർക്കെങ്കിലും നിന്നോടു വിരോധമുണ്ടെന്നു തോന്നുന്നുവെങ്കിൽ, ബലിസാധനങ്ങൾ അവിടെ വച്ചിട്ട് അവനുമായി രമ്യപ്പെട്ടതിനുശേഷംമാത്രം വന്നു ബലിയർപ്പിക്കൂ' എന്ന യേശുവചനത്തിന്, സാമൂഹികതലത്തിൽ,* ***'ഏതെങ്കിലും സമുദായത്തിന് നിന്റെ സമുദായത്തോടു വിരോധമുണ്ടെന്നു തോന്നുന്നുവെങ്കിൽ, എല്ലാ സമുദായോദ്ധാരണപ്രവർത്തനങ്ങളും നിർത്തിവച്ച്, ആ സമുദായവുമായി രമ്യപ്പെട്ടതിനുശേഷംമാത്രം വന്ന് സമുദായപ്രവർത്തനം തുടരുക'*** *എന്നുകൂടി അർത്ഥമുണ്ട്. അങ്ങോട്ടുചെന്നു രമ്യപ്പെടുന്നില്ല എന്നതോ പോകട്ടെ, ഇങ്ങോട്ടു കൈചൂണ്ടി പരാതിയും പരിഭവവും പിണക്കവും പ്രകടിപ്പിക്കുമ്പോഴെങ്കിലും, ക്രൈസ്തവമായ മനോഭാവത്തോടെ അതെല്ലാം കേൾക്കുകയും ശാന്തതയോടെ ഉൾക്കൊള്ളുകയും സമീപനങ്ങളിൽ വേണ്ടതായ തിരുത്തലുകൾ വരുത്തുകയും ചെയ്യേണ്ടതില്ലേ? സഭാധികാരികളോ*

*പൗരോഹിത്യമോ അതു ചെയ്യുന്നില്ലെങ്കിൽ സഭാപൗരന്മാരായ വിശ്വാസിസമൂഹമെങ്കിലും അതു ചെയ്യണം. കാരണം, ഒരു സാമുദായികലഹളയോ കലാപമോ ഉണ്ടായാൽ, പക്ഷംചേർന്നു തല്ലാനും തല്ലുകൊള്ളാനും വിധിക്കപ്പെടുന്നവർ അവരാണ്. അതുകൊണ്ട്, മാർ പൗവ്വത്തിലിനും പൊതുവേ സഭാനേതൃത്വത്തിനുമെതിരെ കൈചൂണ്ടിപ്പറഞ്ഞിരിക്കുന്ന കാര്യങ്ങളെക്കുറിച്ച് നിഷ്പക്ഷതയോടും സാഹോദര്യഭാവത്തിലും പരിചിന്തിക്കുകയും സാമുദായികസൗഹാർദ്ദം ഊട്ടിയുറപ്പിക്കാനുള്ള കാര്യങ്ങൾക്കു നേതൃത്വം നൽകുകയും ചെയ്യാൻ ബാധ്യസ്ഥരാണ്, സഭാപൗരന്മാർ.*

(മാർ പൗവ്വത്തിലിന്റെ ലേഖനം, 'മദർ തെരേസയും മതപരിവർത്തനവും' ഈ ലിങ്കിൽ വായിക്കാം: http://www. deepika.com/feature/leader_page.aspx)' ■

# മതവികാര ദുരുപയോഗത്തിനെതിരെ കെ. സി. ബി. സി. ഇടയലേഖനം!

*[2015 മാർച്ച് 16-ലെ 'മംഗള'ത്തിൽ വന്ന വാർത്ത]*

**കൊച്ചി:** സമുദായങ്ങൾ സങ്കുചിതമനോഭാവത്തിലേക്ക് ചുരുങ്ങുന്നതും അധികാരം കൈയടക്കാൻ മതവികാരത്തെ ദുരുപയോഗം ചെയ്യുന്നതും സമൂഹത്തിൽ അസമാധാനവും പരസ്പരഭീതിയും വളർത്തുമെന്നു കേരളകത്തോലിക്കാമെത്രാൻസമിതി (കെ.സി.ബി.സി.)യുടെ ഇടയലേഖനം.

മതത്തിന്റെ ജീർണതയ്ക്കെതിരെ എല്ലാ മതവിശ്വാസികളും ആത്മീയനേതൃത്വവും ജാഗ്രത പുലർത്തണമെന്നും കേരള കത്തോലിക്കാമെത്രാൻ സമിതി പ്രസിഡന്റ് മേജർ ആർച്ചുബിഷപ് കർദ്ദിനാൾ ബസേലിയോസ് മാർ ക്ലിമീസ് കാതോലിക്കാ ബാവ പുറപ്പെടുവിച്ച ഇടയലേഖനത്തിൽ പറയുന്നു.

മതമൗലികവാദത്തെയും മതഭീകരതയെയും കുറിച്ചു വിശ്വാസികൾക്കും പൊതുജനങ്ങൾക്കും മുന്നറിയിപ്പ് കൊടുക്കാൻ സഹായിക്കുന്ന ബോധവൽക്കരണ പരിപാടികളും പഠനശിബിരങ്ങളും കത്തോലിക്കാസഭയുടെ നേതൃത്വത്തിൽ നടത്തണം. പ്രാദേശികതലത്തിൽ നടക്കുന്ന മതതീവ്രവാദ പ്രവർത്തനങ്ങളും പ്രകോപനപരമായ പ്രസ്താവനകളും നിയമപാലകരുടെയും പൊതുജനത്തിന്റെയും ശ്രദ്ധയിൽ കൊണ്ടുവരണമെന്നും ഇടയലേഖനത്തിലുണ്ട്. നല്ല മനസ്സുള്ള എല്ലാ മനുഷ്യരുമായും സഹകരിച്ച് ഭാരതത്തിന്റെ ഭരണഘടന ഉറപ്പുനൽകുന്ന മതേതരത്വവും ജനാധിപത്യവും സംരക്ഷിക്കുന്നതിനു ജാഗ്രത പുലർത്തണം.

മനുഷ്യമഹത്വത്തിലേക്കും ദൈവികതയിലേക്കും മനുഷ്യനെ ഉയർത്തുകയും പരസ്പരസ്നേഹത്താൽ പ്രചോദിതരായി സമൂഹജീവിതം നയിക്കുന്നതിന് വ്യക്തികളെ സഹായിക്കാൻ എല്ലാ മതങ്ങളും കടപ്പെട്ടിരിക്കുന്നു. മതങ്ങൾ മതമൗലികവാദത്തിലേക്കും മതഭീകരതയിലേക്കും വഴുതിവീഴുന്ന സമീപകാലസംഭവങ്ങൾ ജാതിമതഭേദമെന്യേ എല്ലാവർക്കും നടുക്കവും ഉൽക്കണ്ഠയും ഉളവാക്കുന്നതാണ്. മതത്തെ ദുരുപയോഗം ചെയ്യുന്നവർ തിന്മയുടെ ശക്തിക്കു മതത്തെ അടിയറവ് വയ്ക്കുകയാണു ചെയ്യുന്നതെന്നും ഇടയലേഖനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

*–മതത്തെ സമുദായമാക്കുന്നതും സമുദായത്തിൽ മതവികാരം കുത്തിവച്ച് മനുഷ്യരെ സങ്കുചിതമനസ്കരാക്കുന്നതും അവരെ പിന്നിലണിനിരത്തി അധികാരവും സമ്പത്തും കൈയടക്കുന്നതും ആര്? മതവികാരത്തെ ദുരുപയോഗിക്കുന്നതും മതത്തെ ജീർണ്ണിപ്പിക്കുന്നതും അസമാധാനവും ഭീതിയും പരത്തുന്നതും ആര്? തിന്മയുടെ ശക്തികൾക്ക് മതത്തെ അടിയറവു വയ്ക്കുന്നതാര്? കത്തോലിത്താസമുദായത്തെയെടുത്താൽ, ഇതിനുത്തരം പൗരോഹിത്യം എന്നാണ്; പ്രത്യേകിച്ചും മെത്രാന്മാർ എന്നാണ്.*

*ഭാഷാ-മതന്യൂനപക്ഷങ്ങളുടെ സവിശേഷസംസ്കാരങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി (അതിനാവശ്യമായ വേദപാഠസ്കൂളുകളും സെമിനാരികളും അതുപോലുള്ള മത-സാംസ്ഠകാരിക സ്ഥാപനങ്ങളും നടത്താൻവേണ്ടി) ഭരണഘടനാവിധാതാക്കൾ ഉദാരമായി വിഭാവനംചെയ്ത ന്യൂനപക്ഷാവകാശത്തെ പൊതുവിദ്യാഭ്യാസരംഗത്ത് എടുത്തുപയോഗിക്കുന്നതിനും ഭൂരിപക്ഷസമുദായത്തിനില്ലാത്ത പ്രത്യേകാവകാശമായി ഔദ്ധത്യപൂർവ്വം വ്യാഖ്യാ*

*നിച്ചു നടപ്പാക്കി സമുദായസ്പർദ്ധ വളർത്തുന്നതിനും നേതൃത്വംനൽകുന്നത് ഇവിടുത്തെ ക്രൈസ്തവപൗരോഹിത്യമല്ലാതെ മറ്റാരാണ്? കത്തോലിക്കരുടെ കുട്ടികളെ കത്തോലിക്കാ സ്കൂളുകളിലേ പഠിപ്പിക്കാവൂ എന്നു കല്പിച്ച് നഗ്നമായ മതവർഗ്ഗീയവിഷം വമിപ്പിച്ചത് ഒരു കത്തോലിക്കാ മെത്രാപ്പോലീത്താ തന്നെയല്ലേ? ഗവൺമെന്റ് ശമ്പളം നൽകുന്ന എയ്ഡഡ് വിദ്യാലയങ്ങളിലെ ഉദ്യോഗനിയമനങ്ങളിൽ ഗവൺമെന്റിന്റെ ഇടപെടൽ ന്യൂനപക്ഷാവകാശത്തിലുള്ള കൈകടത്തലാണെന്നു വാദിച്ച്, ഭൂരിപക്ഷമതസ്ഥരിൽ വെറുപ്പും സ്പർദ്ധയും സൃഷ്ടിക്കുകയും അവരെ ഭൂരിപക്ഷവർഗ്ഗീയതയിലേക്കു തള്ളിവിടുകയും ചെയ്യുന്നത് ഇന്ത്യയിലെ ക്രൈസ്തവ പൗരോഹിത്യമല്ലാതെ മറ്റാരുമല്ല.*

*ഒരു ഇലക്ഷൻ വരുമ്പോഴേക്കും ബിഷപ്പ്സ് ഹൗസുകൾ കേന്ദ്രീകരിച്ച് രാഷ്ട്രീയ ഇടപാടുകളും ഗൂഢാലോചനകളും നടത്തുന്നതും മെത്രാന്മാർ മതരാഷ്ട്രീയം കളിക്കുന്നതും മതവർഗ്ഗീയതയല്ലെന്ന് കെ.സി.ബി.സി. കരുതുന്നുവോ? ഇക്കഴിഞ്ഞ പാർലമെന്റ് ഇലക്ഷനിലും അതിനുശേഷവും ഇടുക്കി ബിഷപ്പും തൃശൂർ ബിഷപ്പും താമരശ്ശേരി ബിഷപ്പും നടത്തിയ മതരാഷ്ട്രീയതാണ്ഡവം മതവർഗ്ഗീയതയും സങ്കുചിതസാമുദായികത്വവും ആയിരുന്നില്ലെന്നു കെ.സി. ബി.സി-ക്കു ന്യായീകരിക്കാനാകുമോ? കെ.സി.ബി.സി. ഒരു ആത്മപരിശോധന നടത്തിയാൽ, കേരളത്തിൽ -ഇന്ത്യയിലും-വർദ്ധിച്ചുവരുന്ന മതവർഗ്ഗീയതയ്ക്കും മതതീവ്രവാദത്തിനും കളമൊരുക്കിയത് ക്രൈസ്തവ മതനേതൃത്വം തന്നെയാണെന്നു കാണാം.*

*മതതീവ്രവാദത്തിന്റേതായ ഇന്നത്തെ ലോകസാഹചര്യത്തിലേക്കു നോക്കിയാലും അതിനു സ്രോതസായി നിൽക്കുന്നത്, തങ്ങളുടേതാണ് ഏകസത്യമതമെന്ന ക്രൈസ്തവ മതമൗലികസിദ്ധാന്തവും അതിന്റെ മൂശയിൽ ലോകമാകെ വ്യവസ്ഥാപിതമായിക്കഴിഞ്ഞ യൂറോ-അമേരിക്കൻ നവകൊളോണിയലിസവുമാണെന്നു കാണാം. 'ക്രൈസ്തവ'മതമൗലികവാദസിദ്ധാന്തവുമായി ലോകാധിപത്യം സ്ഥാപിക്കാനിറങ്ങിത്തിരിച്ച ക്രൈസ്തവമതാധി പത്യമാണ്, മറ്റൊരു ഏകസത്യമതവാദികളായ മുസ്ലീങ്ങളുമായി കൊമ്പുകോർത്ത് നൂറ്റാണ്ടുകൾക്കുമുമ്പ് കുരിശുയുദ്ധങ്ങളുടെ പരമ്പരകൾ സൃഷ്ടിച്ചത്. ഈ കുരിശുയുദ്ധത്തിന്റെ ബാക്കിപത്രമായിവേണം, ഇന്നത്തെ ഭീകരവാദത്തെയും ഭീകരാക്രമണങ്ങളെയും അമേരിക്കൻ നേതൃത്വത്തിലുള്ള എതിർനീക്കങ്ങളെയും കാണാൻ.*

*അങ്ങനെ നോക്കുമ്പോൾ ഔദ്യോഗികക്രിസ്തുമതത്തിന്റെ കണ്ണുകളിൽ തീവ്രവാദത്തിന്റെയും മതവിഭാഗീയതയുടെയും മതവിരുദ്ധതയുടെയും അനവധി തടികൾ കിടക്കുന്നതു കാണാം. അതൊന്നു കാണാനും സ്വയം എടുത്തുമാറ്റാനുമുള്ള വിവേകവും സ്വയം വിമർശനബുദ്ധിയുമാണ് കെ.സി.ബി.സി. പ്രദർശിപ്പിക്കേണ്ടത്. അപ്പോഴേ കാഴ്ച തെളിഞ്ഞുകിട്ടൂ. സ്വയംകൃതാനർത്ഥങ്ങൾക്കു മറ്റാരെയും പഴിച്ചിട്ടു കാര്യമില്ല.* ■

**'സ**ത്യജ്വാല' കൈയിലെടുത്താൽ ആദ്യം വായിക്കുക ഇപ്പന്റെ ലേഖനങ്ങളാണ്. 'സത്യജ്വാല' ജനുവരി ലക്കത്തിൽ ഫ്രാൻസീസ് പാപ്പാ മുതലാളിത്തത്തിന്റെ 'ചാരൻ' എന്ന് കത്തോലിക്കർക്ക് ഒരു മുന്നറിയിപ്പെന്നവിധം എഴുതിയപ്പോൾ, അദ്ദേഹം ഒരു ദീർഘദർശിയുടെ ഭാഷയാണല്ലോ ഉപയോഗിച്ചിരിക്കുന്നത് എന്നു തോന്നിപ്പോയി.

യേശുവിനെ ഒരു ചരിത്രപുരുഷനായി ബഹുമാനിക്കുന്ന നിരീശ്വരവാദിയാണ് ഞാനെങ്കിലും, റോമൻ കത്തോലിക്കാസഭയിൽ ജനിച്ചുവളർന്നതുകൊണ്ടാകണം കെ.സി.ആർ.എം-ന്റെ പരിപാടികളോട് സഹകരിക്കാൻ താല്പര്യമുണ്ടായത്. അതുകൊണ്ടുതന്നെയാണ് ജെ. നാലുപറയിൽ രചിച്ച ഫ്രാൻസീസ് പാപ്പായുടെ ജീവചരിത്രം വായിക്കാനും ഉത്സാഹം തോന്നിയത്. പാപ്പായുടെ ജീവചരിത്രം വളരെ ജിജ്ഞാസയോടെ വായിച്ചുകൊണ്ടിരുന്നപ്പോഴാണ് ജനുവരി ലക്കം 'സത്യജ്വാല' കൈയിൽ കിട്ടിയതും ഇപ്പന്റെ മുന്നറിയിപ്പു വായിക്കാനിടയായതും. അതോടെ ജീവചരിത്രത്തിലുള്ള ജിജ്ഞാസ നഷ്ടപ്പെട്ടു.

എത്ര ആലോചനയോടെ യുക്തിപരമായിട്ടാണ് ഇപ്പൻ ചിന്തിച്ചതും എഴുതിയിരിക്കുന്നതും! അദ്ദേഹത്തിന്റെ ലേഖനങ്ങളെല്ലാം അങ്ങനെത്തന്നെ.

ഇപ്പന്റെ ലേഖനത്തിൽനിന്ന് ശ്രദ്ധേയമായ ഒരു വാക്യംമാത്രം എടുത്തുദ്ധരിക്കുന്നു.

'ആ പദവിയിലിരുന്ന് ഒരു മനുഷ്യൻ യേശുവിന്റെ ഭാഷയിൽ ചിന്തിക്കുകയും സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നുണ്ടെങ്കിൽ അതിനെ അതീവ ഗൗരവത്തോടെ കാണേണ്ടിയിരിക്കുന്നു. മാത്രമല്ല, കത്തോലിക്കാ മാഫിയായ്ക്ക് ഈ പോപ്പിനെ ഇരുത്തി വാഴിക്കുന്നതിൽ എന്തെങ്കിലും ഹിഡൻ അജണ്ടയുണ്ടോ

# ഇപ്പന്റെ മുന്നറിയിപ്പ് യുക്തിസഹം

**ഡോ. ലാസർ തേർമഠം**

എന്നും സൂക്ഷ്പരിശോധന നടത്തേണ്ടതുണ്ട്."

യേശു ദരിദ്രനും ഫക്കീറുമായിരുന്നു. അതുകൊണ്ട് ആ ദർശനം പ്രാവർത്തികമായിക്കാണിക്കാൻ യേശുവിനായില്ല. എന്നാൽ യേശുവിനെ ക്രിസ്തുവായി ആരാധിക്കുന്ന ക്രിസ്തുമതനേതൃത്വത്തിന് ദരിദ്രർക്കുവേണ്ടി ഉപേക്ഷിക്കാൻ സമ്പത്തിന്റെ ഒരു കൂമ്പാരംതന്നെയുണ്ട്. ഫ്രാൻസീസ് പോപ്പ് യേശുവിന്റെ ആഗ്രഹം നടപ്പാക്കിക്കൊണ്ട് പ്രവർത്തിച്ചാൽ വീട്ടിലിരിക്കേണ്ടിവരുമെന്നും, അല്ലെങ്കിൽ 'മുതലാളിത്തത്തിന്റെ ചാരൻ' എന്ന ബഹുമതിയോടെ നീണ്ടകാലം പോപ്പായി വാഴാം എന്നുമുള്ള മുന്നറിയിപ്പാണ് ഇപ്പൻ നല്കുന്നത്.

ഇപ്പന്റെ മുന്നറിയിപ്പ് ഫ്രാൻസീസ് പോപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നെങ്കിൽ... എന്നാശിച്ചുപോകുകയാണ്.

ഇപ്പന്റെ ധീരതയ്ക്ക് അഭിനന്ദനങ്ങൾ!

*-ഇപ്പൻ സാറിന്റെ ഈ ലേഖനത്തിലെ ദീർഘദർശിത്വം എന്നെയും വളരെ ആകർഷിക്കുകയുണ്ടായി എന്നു പറയട്ടെ. ഇന്നിന്റെ ചലനങ്ങളെ വിശദമായി ഗ്രഹിക്കാൻ സഹായിക്കുന്ന ഏതോ സ്പർശമാപിനിയുടെ സൂക്ഷ്മതന്തുക്കളാൽ അനുഗൃഹീതമാണദ്ദേഹത്തിന്റെ പ്രതിഭ എന്നു പലപ്പോഴും തോന്നാറുണ്ട്. ഗ്രഹിച്ചറിഞ്ഞ സൂക്ഷ്മചലനങ്ങളുടെ ഭാവിസാധ്യതകളെ വളരെ മുന്നോട്ടുപോയി, നേർക്കുനേർ എന്നപോലെ നോക്കിക്കാണാനുള്ള ക്രാന്തദർശിത്വംകൊണ്ടും, അതു വിളിച്ചുപറയാനുള്ള ചങ്കൂറ്റംകൊണ്ടുംകൂടി അനുഗൃഹീതനാണദ്ദേഹം... എന്നാൽ ഇതുകൊണ്ടൊക്കെത്തന്നെ, അദ്ദേഹവും അദ്ദേഹത്തിന്റെ ചില രചനകളും വേണ്ടത്ര മനസ്സിലാക്കപ്പെടാതെ പോകുന്നുണ്ടോ എന്ന സംശയവും എനിക്കുണ്ട്.*

*ഈ പശ്ചാത്തലത്തിൽ, അദ്ദേഹത്തിന്റെ 'ചാരൻ' ലേഖനത്തിൽനിന്നും ഞാനുൾക്കൊണ്ട ആശയം ചുരുക്കി പങ്കുവയ്ക്കട്ടെ. ഡോ. ലാസർ തേർമഠം പറഞ്ഞതുപോലെ, 'യേശുവിന്റെ ആഗ്രഹം നടപ്പാക്കിക്കൊണ്ടു പ്രവർത്തിച്ചാൽ, ഫ്രാൻസീസ് മാർപാപ്പയ്ക്ക് വീട്ടിലിരിക്കേണ്ടിവരും' എന്നല്ല ഞാൻ മനസ്സിലാക്കിയത്; മറിച്ച്, അദ്ദേഹം യേശുവിന്റെ ആഗ്രഹംപോലെ പ്രവർത്തിക്കുന്നതുമൂലം, തങ്ങൾക്കൊരിക്കലും അടിച്ചമർത്താനാവാത്തവിധം ആളിപ്പടർന്നുകൊണ്ടിരിക്കുന്ന മുസ്ലീം തീവ്രവാദപ്രവണത എണ്ണ കിട്ടാതെ ഒരു പക്ഷേ കെട്ടടങ്ങിയേക്കാം എന്നൊരു പ്രതീക്ഷ പാശ്ചാത്യ മുതലാളിത്തത്തിനു കൈവന്നിരിക്കുന്നതിനാലാണ്; മതം യേശുവിന്റെ മാനവികതകൊണ്ടു നിറയുമ്പോൾ ഒരുപക്ഷേ, തീവ്രവാദപ്രവണതകൾ അപ്രത്യക്ഷമായേക്കാം എന്ന അവരുടെ പ്രതീക്ഷമൂലമാണ്, ഫ്രാൻസീസ് മാർപാപ്പയെ ഇരുന്നു വാഴാൻ അവർക്കനുവദിക്കേണ്ടിവന്നിരിക്കുന്നത് എന്നാണ്. 'ചാരൻ' എന്ന വാക്ക് ഹാസ്യധ്വനിയോടെയാണ് അദ്ദേഹം പ്രയോഗിച്ചിരിക്കുന്നതെന്നും എനിക്കു തോന്നുന്നു.* ■

## ഫാദർ എഡ്വിൻ ഫിഗോറിനെ ഉടൻ അറസ്റ്റുചെയ്യണം - കെ.സി. ആർ. എം.

14 വയസുകാരി പെൺകുട്ടിയെ ദാരുണമായി പീഡിപ്പിച്ച എറണാകുളം പുത്തൻവേലിക്കര ലൂർദുമാതാ പള്ളി വികാരി ഫാദർ എഡ്വിൻ ഫിഗോറിനെ ഉടൻ അറസ്റ്റു ചെയ്യണമെന്ന് 'കേരളകത്തോലിക്കാ സഭാനവീകരണപ്രസ്ഥാനം' (KCRM) ആവശ്യപ്പെട്ടു. കുട്ടിയുടെ മാതാവിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ പുരോഹിതനെതിരെ പോലീസ് കേസ്സെടുത്തു എന്ന വാർത്ത ഏഷ്യാനെറ്റ് ന്യൂസാണ് ആദ്യം പുറത്തു കൊണ്ടുവന്നത്. കഴിഞ്ഞ ജനുവരി മുതൽ കുട്ടിയെ നിരന്തരം പുരോഹിതൻ പീഡിപ്പിച്ചുവരികയായിരുന്നു എന്ന് പരാതിയിൽ പറയുന്നു. ഈ പുരോഹിതനെ ഉടൻ പുറത്താക്കാൻ മെത്രാൻ അടിയന്തിര നടപടി സ്വീകരിക്കണം. അറസ്റ്റ് വൈകിയാൽ ശക്തമായ സമരപരിപാടികൾ കെ.സി. ആർ. എം. ആരംഭിക്കുന്നതാണ്.

ഞാറയ്ക്കൽ പ്രശ്നം: ഒരു ചരിത്രാന്വേഷണം (ഭാഗം 5)

# ആത്മീയതയുടെ മറവിൽ അരങ്ങേറുന്ന അക്രമങ്ങൾ



കെ.ജോർജ് ജോസഫ്

**പൊ**ന്തിഫിക്കൽ പദവിയുള്ളതും ഏഴായിരത്തിലധികം അംഗങ്ങളുള്ളതുമായ സിഎം.സി. സഭ ഇന്ത്യയിലെ രണ്ടാമത്തെ വലിയ സന്ന്യാസിനീസമൂഹമാണ്. വഞ്ചനാപരമായും ബലാൽക്കാരമായും ഞാറയ്ക്കൽ ലിറ്റിൽ ഫ്ളവർ ഹൈസ്കൂൾ കൈവശപ്പെടുത്താൻ അവരുടെ മദർ ജനറൽ ഉൾപ്പെടെ നേതൃപദവിയിലുള്ള സഹോദരിമാരെ ഏഴുമണിക്കൂറിലധികം ബന്ദികളാക്കിയെന്നതു തന്നെ ക്രൂരവും നിന്ദ്യവുമാണ്. വികാരിയുടെ നേതൃത്വത്തിൽ ഭീഷണിക്കും അപമാനത്തിനും പീഡനങ്ങൾക്കും വിധേയമായിട്ടും സഭാധികാരികൾക്കെതിരെ ഒരു പരാതിയെങ്കിലും സമർപ്പിക്കാൻ സിസ്റ്റേഴ്സിനു കഴിയാഞ്ഞത് അവരനുഭവിക്കുന്ന മാനസിക-ശാരീരിക അടിമത്തത്തിന്റെ ആഴം വെളിവാക്കുന്നു. സിസ്റ്റർ റെയ്സി റോസിനെയും മറിയക്കുട്ടിയെയും അടിച്ചുവീഴ്ത്തുകയും ഗുരുതരമായി പരിക്കേൽപ്പിക്കുകയും സന്ന്യാസിനിയുടെ ശിരോവസ്ത്രം പറിച്ചെറിഞ്ഞ് അപമാനിക്കുകയുംചെയ്ത വൈദികർക്കും ഗുണ്ടകൾക്കുമെതിരെ നടപടിയെടുക്കുന്നതിനോ ഒരന്വേഷണമെങ്കിലും നടത്തുന്നതിനോ എറണാകുളം ബിഷപ്പ് തോമസ് ചക്യത്ത് തയ്യാറായില്ല. എറണാകുളം അതിരൂപതയിലെ വൈദികരാകട്ടെ, ഇക്കാര്യങ്ങൾ അറിയാത്ത പോലെയും തങ്ങളെ ബാധിക്കാത്തതുപോലെയും കഴിഞ്ഞു. സഭാധികാരികളുടെ കാഴ്ചപ്പാടിൽ സ്ത്രീകളെ അപമാനിക്കുന്നതും പീഡിപ്പിക്കുന്നതും അവരുടെ അവകാശങ്ങൾ നിഷേധിക്കുന്നതും ശിക്ഷാർഹമായ കുറ്റമല്ലായിരിക്കും.

ഇത്തരം കുറ്റകൃത്യങ്ങൾക്കെതിരെ രാജ്യത്തെ നീതിന്യായ വേദികളിൽ പരാതിപ്പെട്ട് പരിഹാരം കാണുന്നതിനു സിഎം.സി. നേതൃത്വത്തിനു സംഭവിച്ച വീഴ്ച അവരുടെ വിധേയത്വത്തിനു മകുടോദാഹരണമാണ്. രാജ്യത്തെ ഭരണഘടനയും നിയമങ്ങളും ഒരു പൗരനു നൽകുന്ന അവകാശങ്ങൾ ഉപയോഗിച്ച് നീതി തേടുന്നതിനുപോലും സന്ന്യാസിനികൾക്കു കഴിയുന്നില്ല. നീതിക്കും ധർമത്തിനുമായി പോരാടിയ യേശുവിന്റെ അനുയായികളെന്ന് അവകാശപ്പെടുന്നവർ മനുഷ്യാവകാശങ്ങൾപോലും ഹനിക്കുന്നതിനെ അപചയത്തിന്റെ പാരമ്യമെന്നല്ലാതെ എങ്ങനെ വിശേഷിപ്പിക്കാൻ കഴിയും! വികാരിയുടെ നേതൃത്വത്തിൽ സിസ്റ്റർ റെയ്സിയെ മർദ്ദിച്ചതിനെപ്പറ്റി അന്നത്തെ മേജർ ആർച്ചുബിഷപ്പ് കർദ്ദിനാൾ വർക്കി വിതയത്തിലിനോടു പരാതിപ്പെട്ടപ്പോൾ അദ്ദേഹം പ്രതികരിച്ചത്, 'എന്നാലും ഗജറൗളയിൽ സംഭവിച്ചതൊന്നും ഇവിടെ നടന്നില്ലല്ലോ' എന്നായിരുന്നത്രെ! കൂട്ടബലാൽസംഗംപോലും പുരോഹിതനേതൃത്വത്തിലാണെങ്കിൽ പരാതിപ്പെടേണ്ടെന്നാവും!

നീതിക്കുവേണ്ടി നിലകൊള്ളുന്നതും സംസാരിക്കുന്നതും ധിക്കാരവും അനുസരണമില്ലായ്മയും സന്ന്യാസത്തിൽനിന്നുള്ള വ്യതിചലനവുമായി അധികാരികൾ കണക്കാക്കുന്നു. സഭാധികാരികളുടെ കുറ്റകൃത്യങ്ങളെക്കുറിച്ചുള്ള പരാതി കേൾക്കുന്നതിനോ അന്വേഷണം നടത്തുന്നതിനോ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിനോ അധികാരമുള്ള സ്വതന്ത്രവും നിഷ്പക്ഷവുമായ വേദിയോ സംവിധാനമോ സഭയിലില്ലെന്നത് ദുരന്തവ്യാപ്തി ശതഗുണീഭവിപ്പിക്കുന്നു. പ്രതികൾതന്നെ അവർക്കെതിരെയുള്ള പരാതികളിൽ തീർപ്പുകൽപ്പിക്കുന്ന വിചിത്രവും വികലവും വൈരുധ്യം നിറഞ്ഞതുമായ ശൈലി, ഒരുപക്ഷേ കത്തോലിക്കാസഭയുടെമാത്രം നൈതിക പ്രയോഗമാകുന്നു!

അധികാരികൾക്ക് സഭാംഗങ്ങളോടുഭാരിച്ച ഉത്തരവാദിത്തമുണ്ട്. അംഗങ്ങളുടെ അവകാശങ്ങൾ, സുരക്ഷിതത്വം, ആത്മാഭിമാനം, മാനസിക-ശാരീരിക സുസ്ഥിതി എന്നിവ ഉറപ്പാക്കുകയാണ് അധികാരികളുടെ പ്രഥമമായ കർത്തവ്യം. എന്നാൽ ബിഷപ്പുമാരുടെയും പുരോഹിതരുടെയും ഇംഗിതങ്ങൾക്കു വിധേയരാവാൻ സഭാംഗങ്ങളെ പരിശീലിപ്പിക്കുന്ന തരത്തിലേക്ക് കന്യാസ്ത്രീമഠാധികൃതർ മാറിയിരിക്കുന്നു എന്നത് സന്യാസിനീസമൂഹം ഇന്നത്തെ നിലയിൽ തുടരേണ്ടതുണ്ടോയെന്ന ഗുരുതരമായ ചോദ്യം ഉയർത്തുന്നുണ്ട്.

2007 മെയ് മാസത്തിൽ സിസ്റ്റർ ജെസ്സിയെ ഞാറയ്ക്കൽ മഠത്തിന്റെ സുപ്പീരിയറായും സിസ്റ്റർ ആനി ജെയ്സിനെ സെന്റ് ജോസഫ് സി.ബി.എസ്.ഇ. സ്കൂളിന്റെ പ്രിൻസിപ്പലായും സി.എം.സി നേതൃത്വം നിയമിച്ചു. ഇവരുടെ ഇടപെടലിലാണ് വ്യാജരേഖയും സ്കൂൾ തട്ടിയെടുക്കലിനു ബിഷപ്പ് ചക്യത്തും

# ‘എംപറർ ഇമ്മാനുവേൽ’
## ക്രൈസ്തവമതമൗലികവാദത്തിന്റെ പുതിയമുഖം

**ഏ**പ്രിൽ 1-ലെ മംഗളം പത്രത്തിൽ (മറ്റു മുഖ്യധാരാപത്രങ്ങളിലും ഉണ്ടാവണം) രണ്ടു മുഴുവൻ പേജും ‘എംപറർ ഇമ്മാനുവേൽ’ സഭയുടെവക പരസ്യമാണ്. അമേരിക്കയിലെങ്ങോ വേരുകളുള്ള ഒന്നാണ് ‘എംപറർ ഇമ്മാനുവേൽ’ സഭ എന്നു കേൾക്കുന്നു. കേരളത്തിൽ അതിന്റെ വിത്തുവീണത് 2002-ലാണെന്നാണ് പരസ്യത്തിൽനിന്നു മനസ്സിലാകുന്നത്. 2008 മുതൽ തൃശൂരിൽ മുരിയാട് എന്ന സ്ഥലത്ത് ‘സിയോൺ’ എന്ന പേരിൽ അതിഗംഭീരമായ ഒരു ‘ദൈവഭവനം’ നിർമ്മിച്ച് കേരളത്തിൽ ആസ്ഥാനമുറപ്പിച്ചിരിക്കുകയാണ് ‘എംപറർ ഇമ്മാനുവേൽ’ സഭ. പരസ്യത്തിൽ നൽകിയിട്ടുള്ള വിവരങ്ങളിൽനിന്നും ചിത്രങ്ങളിൽനിന്നും മനസ്സിലാകുന്നത് ആയിരങ്ങളെ ആകർഷിച്ചുകൊണ്ട് ഈ സഭ കേരളത്തിൽ ആർത്തുവളരുന്നു എന്നാണ്. യേശയ്യ പ്രവാചകന്റെ പ്രവചനപ്രകാരം ‘ഇമ്മാനുവേൽ’ എന്ന് യേശു വിളിക്കപ്പെടേണ്ടതുണ്ട്. എന്നാ

---

വികാരിയുംകൂടി നടത്തിയ കുൽസിതനീക്കങ്ങളും പുറത്താകുന്നതും അതിനെ ചെറുക്കാനിടയാകുന്നതും. ഇതിനിടെ അവർ പല വിധത്തിൽ പീഡിപ്പിക്ക പ്പെടുന്നുണ്ട്. തട്ടിപ്പുകേസിൽ ബിഷപ്പും വികാരിയും മുഖ്യപ്രതികളായതോടെ പ്രൊവിൻഷ്യലും മദർ ജനറലും ഞാറയ്ക്കൽ മഠത്തിലെ തങ്ങളുടെ സഹോദരിമാരെ നിഷ്കരുണം കൈവെടിയുക മാത്രമല്ല, അവരോട് ശത്രുതാപരമായി പെരുമാറാൻ തുടങ്ങുകയും ചെയ്തു. സന്ന്യാസിനികളുടെ മതപരവും കൗദാശികവുമായ ജീവിതത്തിനു മെത്രാന്റെയും വൈദികരുടെയും സേവനം ആവശ്യമാണെന്നതായിരുന്നു സി.എം.സി.നേതൃത്വത്തിന്റെ ന്യായം. അന്യായം നടന്നാലും കുഴപ്പമില്ല തങ്ങളുടെ ഭാഗം സുരക്ഷിതമാക്കുക എന്ന്! അതിനാൽ ബിഷപ്പിനും വികാരിക്കുമെതിരെ സമർപ്പിച്ച പരാതികളെല്ലാം പിൻവലിക്കാനും സ്കൂളിന്റെയും വസ്തുവകകളുടെയും അവകാശം പൂർണ്ണമായി കൈയൊഴിയാനും ഞാറയ്ക്കൽ സിസ്റ്റേഴ്സിനോട് സി.എം.സി.നേതൃത്വം നിർദ്ദേശിച്ചു. ഈ നീക്കത്തെ ഞാറയ്ക്കൽ സിസ്റ്റേഴ്സ് ചെറുത്തു. അവർ സ്കൂളും വസ്തുവകകളും ഒരു ട്രസ്റ്റുണ്ടാക്കി അതിനു കീഴിലാക്കി. ഇതോടെ നേതൃത്വവും സിസ്റ്റേഴ്സുമായി കടുത്ത ഭിന്നതയിലായി. ഞാറയ്ക്കൽ സിസ്റ്റേഴ്സിന്റെ ‘അനുസരണക്കേട്’ ആരംഭിക്കുന്നത് ഇവിടെയാണ്. സി.എം.സി.നേതൃതലത്തിൽത്ത ന്നെ ഭിന്നത ഉടലെടുത്തു. കൗൺസിൽ അംഗങ്ങൾ സി.എം.സി.നേതൃത്വത്തിന്റെ നിലപാടിനെ ചോദ്യംചെയ്തു.

സ്ഥാപനങ്ങളും സ്വത്തുക്കളും സഭാസമൂഹത്തിന്റെ പൊതുസ്വത്താണ്. സഭാധികാരികൾ ട്രസ്റ്റികൾമാത്രവും. അംഗങ്ങളുടെ അംഗീകാരമില്ലാതെ അവ അന്യാധീനപ്പെടുത്താനോ കൈമാറ്റം ചെയ്യാനോ അധികാരികൾക്ക് അവകാശമില്ല. അതിനാൽ ഇക്കാര്യത്തിൽ പ്രോവിൻസിലെ അംഗങ്ങളുടെ ഒരു ഹിതപരിശോധന നടത്തി സുതാര്യതയും പങ്കാളിത്തവും ഉറപ്പാക്കാൻ സി.എം.സി. നേതൃത്വം തയാറാവേണ്ടതായിരുന്നു. എന്നാൽ അതിനുപകരം, വിധേയത്വം കൊണ്ട് അന്ധത ബാധിച്ച നേതൃത്വം ‘അനുസരണക്കേട്’ എന്ന വജ്രായുധം പ്രയോഗിക്കുകയാണു ചെയ്തത്.

സ്കൂളും വസ്തുവകകളും ഇടവകയ്ക്കും അതുവഴി ബിഷപ്പിനും വിട്ടുകൊടുക്കാൻ സൗകര്യമുണ്ടാക്കുന്നതിനായി ഞാറയ്ക്കൽ മഠത്തിലെ മുഴുവൻ സിസ്റ്റേഴ്സിനെയും വിവിധ മഠങ്ങളിലേയ്ക്കു സ്ഥലംമാറ്റിക്കൊണ്ട് മദർ ജനറൽ ഉത്തരവിറക്കി. ഇതിന്റെ പിന്നിലെ കറുത്ത കരങ്ങളെയും ഗൂഢലക്ഷ്യങ്ങളെയുംപറ്റി ബോധ്യപ്പെട്ട ഞാറയ്ക്കൽ സിസ്റ്റേഴ്സ് ദുരുദ്ദേശ്യപരമായ ഈ ഉത്തരവനുസരിക്കാൻ തങ്ങൾ ബാധ്യസ്ഥരല്ലെന്ന നിലപാടു സ്വീകരിച്ചു. ഇതിൽ കലികയറിയ പ്രൊവിൻഷ്യൽ അധികാരത്തിന്റെ ഹീനവും ഹിംസാത്മകവുമായ നടപടികൾ ആരംഭിച്ചു. മദർ സുപ്പീരിയറിനെതിരെ കോടതിയിൽ കേസ് ഫയൽ ചെയ്തു; പോലീസിൽ അടിസ്ഥാനരഹിതമായ പരാതികൾ നൽകി; സിസ്റ്റേഴ്സിന്റെ വീടുകളിലും ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കുമിടയിൽ അപവാദങ്ങളും ഭീഷണികളും പരത്തി; 33 പേജിൽ ഇവർക്കെതിരെയുള്ള ആരോപണങ്ങൾ നിറച്ച ലഘുലേഖ എല്ലാ സി.എംസി. അംഗങ്ങൾക്കും വൈദികർക്കും മെത്രാന്മാർക്കും ഇതര സന്ന്യാസസഭാധികാരികൾക്കും അയച്ചുകൊടുത്തു. സിസ്റ്റേഴ്സിനെ പിന്തുണച്ചിരുന്ന വിദ്യാഭ്യാസ കൗൺസിലർ സിസ്റ്റർ ലീനപോളിനെ ഭീഷണിപ്പെടുത്തി പിന്തിരിപ്പിച്ചു.

പ്രശ്നം തുടങ്ങിയതുമുതൽ ഞാറയ്ക്കൽ സിസ്റ്റേഴ്സുമായി ഐക്യദാർഢ്യം പുലത്താൻ ധൈര്യം കാട്ടിയ സിസ്റ്റർ ടീനയ്ക്കായി സഭാധികാരികൾ ഒരുക്കിവച്ച പീഡാനുഭവങ്ങൾ സിനിമാക്കഥകളെ വെല്ലുന്നതാണ്. ആ ദുരന്ത നായികയെക്കുറിച്ച് അടുത്തതിൽ...

ൽ, യേശു ഒന്നാം വരവിൽ അങ്ങനെ വിളിക്കപ്പെട്ടില്ല. അവിടത്തെ രണ്ടാംവരവിലാണ് അങ്ങനെ വിളിക്കപ്പെടുക. അത് യേശുവിന്റെ എന്നേക്കുമുള്ള നാമമായിരിക്കുമെന്നും പത്രപ്പരസ്യലേഖനങ്ങൾ പറയുന്നു.

'കുരിശിൽ മരിച്ച്, പുനരുത്ഥാനംചെയ്ത്, സ്വർഗ്ഗാരോഹണം ചെയ്ത ദൈവപുത്രൻ യേശുക്രിസ്തു, വീണ്ടും ശരീരം ധരിച്ച് ഈ ഭൂമിയിൽ ഇമ്മാനുവേൽ നാമത്തിൽ ഇപ്പോൾ വന്നിരിക്കുന്നു' എന്നതാണ് ഈ സഭയുടെ മുഖ്യപ്രബോധനം അഥവാ 'സദ്വാർത്ത'. '..........ദൈവം മരണത്തെ സൃഷ്ടിച്ചില്ല........ സാത്താന്റെ അസൂയനിമിത്തമാണ് മരണം ലോകത്തിൽ പ്രവേശിച്ചത്. മരണം എന്നേക്കുമായി നീക്കപ്പെടും. ഇതിനുവേണ്ടിയാണ് ദൈവപുത്രൻ യേശുക്രിസ്തു ശരീരം ധരിച്ച് ഇപ്പോൾ വീണ്ടും ഈ ഭൂമിയിൽ വന്നിരിക്കുന്നത്...' എന്നും മറ്റും ബൈബിൾ ഉദ്ധരിച്ച് വിശദീകരിക്കുന്നുമുണ്ട്.

പരിശുദ്ധ കന്യകാമറിയം അമലോത്ഭവയാണെന്നും ദൈവികആരാധനയ്ക്ക് അർഹയാണെന്നുമാണ് ഈ സഭ പഠിപ്പിക്കുന്നത്. കഴിഞ്ഞ ഒരു നൂറ്റാണ്ടായി കന്യാമറിയം ലോകത്തിന്റെ പല ഭാഗങ്ങളിലായി 300-ലധികം സ്ഥലങ്ങളിൽ പ്രത്യക്ഷപ്പെട്ട് ദൈവപുത്രന്റെ ദ്വിതീയാഗമനത്തിനൊരുങ്ങാൻ ആഹ്വാനം ചെയ്തിട്ടുണ്ടത്രെ! 'ദൈവപുത്രനാകുന്ന പാറമേൽ അവസാനകാലത്ത് ഒരു സഭ സ്ഥാപിക്കപ്പെട്ടു'മെന്നും, 'ആ സഭയ്ക്കെതിരെ തിന്മ പ്രബലപ്പെടുകയില്ലെ'ന്നും പറഞ്ഞുകൊണ്ട്, ആ സത്യസഭ 'എംപറർ ഇമ്മാനുവേൽ' സഭയാണെന്നു സമർത്ഥിക്കുകയാണ് മംഗളത്തിലെ പത്രപ്പരസ്യലേഖനങ്ങൾ.

'കേരളത്തിലും ഇന്ത്യയിലെ ഒട്ടുമിക്ക സംസ്ഥാനങ്ങളിലും, ഇന്ത്യയ്ക്കുപുറത്ത്, പത്തോളം രാജ്യങ്ങളിലുമായി ആയിരക്കണക്കിനു ദൈവമക്കൾ ഈ സദ്വാർത്ത വിശ്വസിച്ച് ഈ സമൂഹത്തിന്റെ ഭാഗമായിരിക്കുന്നു'വെന്ന് ഈ സഭ അവകാശപ്പെടുന്നു.

'രണ്ടാം വരവിൽ സകലരാലും ആരാധിക്കപ്പെടാനും സ്തുതിക്കപ്പെടാനും വേണ്ടിയാണ് ദൈവം തന്റെ പുത്രനെ അയച്ചിരിക്കുന്നത്. അതിനാൽ, അവന്റെ രാജകീയനാമത്തെ നിന്ദിക്കുന്നവർക്കുമേൽ ദൈവത്തിന്റെ കഠിനമായ ശിക്ഷ നിപതിക്കു'മെന്ന് ദൈവനാമത്തിൽ താക്കീതു ചെയ്തിട്ടുമുണ്ട്, ഈ പരസ്യത്തിൽ! എന്നാൽ, ഭൂമിയിൽ വന്നുകഴിഞ്ഞു എന്ന് ഈ സഭ പ്രഖ്യാപിക്കുന്ന 'എംപറർ ഇമ്മാനുവേൽ' ഇപ്പോൾ എവിടെയുണ്ടെന്ന് എന്തുകൊണ്ടോ ഇവരിതുവരെ വെളിപ്പെടുത്തിയിട്ടില്ല...

മനുഷ്യരെ സ്വർഗ്ഗരാജ്യവും നിത്യജീവിനും കാട്ടി പ്രലോഭിപ്പിക്കുകയും, ഇരുമ്പുദണ്ഡുകൊണ്ടു ഭരിക്കുന്നതിനായാണ് രാജാക്കന്മാരുടെ രാജാവായി യേശു ഇമ്മാനുവേലായി വന്നിരിക്കുന്നതെന്നു പറഞ്ഞ് വിരട്ടുകയും ചെയ്തതാണ്, തിരഞ്ഞെടുത്ത ഏതൊക്കെയോ ബൈബിളിൽ വചനങ്ങളുടെ ഈ അക്ഷരാർത്ഥവ്യാഖ്യാതാക്കൾ, അല്പവിശ്വാസികളും അജ്ഞരും സ്വകാര്യസ്വർഗ്ഗവ്യാമോഹികളുമായ മനുഷ്യരെ തങ്ങളുടെ പിന്നിൽ അണിനിരത്തുന്നത് എന്ന് അല്പം ചിന്തിക്കുന്ന ആർക്കും മനസ്സിലാക്കാമെന്നു തോന്നുന്നു.

കാലഹരണപ്പെട്ടതും എത്രയോ ബാലിശവുമായ വാദമുഖങ്ങളാണ് ഇവർ നിരത്തുന്നത്! സാത്താന്റെ അസൂയ നിമിത്തമാണത്രെ മരണം ലോകത്തിൽ പ്രവേശിച്ചത്! ദൈവമല്ല മരണത്തെ സൃഷ്ടിച്ചത് എന്നു സമർത്ഥിക്കുന്നതിനാണ് ഈ വാദം കൊണ്ടുവന്നിട്ടുള്ളത്. അപ്പോൾ സാത്താനെ സൃഷ്ടിച്ചതാര്? അതേതായാലും ദൈവമായിരിക്കുമല്ലോ. അങ്ങനെയെങ്കിൽ, സാത്താനിലെ അസൂയയുടെ സൃഷ്ടികർത്താവും ദൈവമല്ലാതെ മറ്റാരാണ്? അങ്ങനെ പോയാൽ, മരണത്തിന്റെ സൃഷ്ടികർത്താവും ദൈവംതന്നെ എന്നു സമ്മതിക്കേണ്ടിവരും. മരണത്തെ എന്നേക്കുമായി നീക്കാനായിട്ടാണത്രെ, ഇമ്മാനുവേലായി യേശു തന്റെ രണ്ടാംവരവു നടത്തിയിരിക്കുന്നത്! തന്റെ പുത്രനെ ഇത്രയുമൊക്കെ പാടുപീഡകൾ സഹിപ്പിച്ചും അദ്ദേഹത്തെക്കൊണ്ട് ഇരുമ്പുദണ്ഡു പ്രയോഗിച്ച് മനുഷ്യരെ ശിക്ഷിപ്പിച്ചു മൊക്കെയല്ലാതെ സർവ്വശക്തനായ ദൈവത്തിന് തന്റെ സൃഷ്ടിയായ സാത്താൻമൂലമുണ്ടായ മരണത്തെ നീക്കാനാവില്ലെങ്കിൽ, അതെന്തൊരുതരം സർവ്വശക്തനാണ്?

യൂറോപ്പിലും അമേരിക്കയിലുംനിന്നൊക്കെ ഇറക്കുമതി ചെയ്യപ്പെടുന്ന ഉപരിപ്ലവകാഴ്ചപ്പാടോടുകൂടിയ ഇത്തരം ദൈവശാസ്ത്രസഭകൾ മനുഷ്യന്റെ യഥാർത്ഥ ആദ്ധ്യാത്മിക രൂപാന്തരത്തെയാണ് തടസ്സപ്പെടുത്തുന്നത് എന്നു നാം കാണണം. ദൈവമെന്ന അപരിമേയസത്തയെ ഇത്തരം ബാലിശസഭകൾ, ഇരുമ്പുദണ്ഡുമായി ഭരിക്കാനെത്തുന്ന വെറുമൊരു രാജാധിരാജനായി ചുരുക്കുകയാണ്; വിഗ്രഹവൽക്കരിച്ച് മനുഷ്യമനസ്സുകളെ സങ്കുചിതമാക്കുകയാണ്; അവബോധത്തെ ഇല്ലായ്മ ചെയ്യുകയാണ്. ഏറ്റവും അപകടകരമായിരിക്കുന്നത്, തങ്ങളുടേതാണ് ഒരേയൊരു സത്യമതമെന്നും, മറ്റെല്ലാ മതങ്ങളും സഭകളും തെറ്റെന്നും നശിപ്പിക്കപ്പെടേണ്ടതുണ്ടെന്നും വിശ്വസിച്ചുവശാകുന്ന അന്ധരായ ജനക്കൂട്ടം ഉണ്ടായിവരും എന്നതാണ്; അവർ മതമൗലികവാദികളും തീവ്രവാദികളുമായിത്തീരുമെന്നതാണ്; ലോകത്തിൽ ഇതിനകംതന്നെ അവതരിച്ചുകഴിഞ്ഞിരിക്കുന്ന 'എംപറർ ഇമ്മാനുവേൽ' മരണത്തെത്തന്നെ നീക്കുമെന്നവർക്കുറപ്പുള്ളതിനാൽ, ചാവേറാകാൻപോലും മടിക്കാത്ത ഭീകരപ്രവർത്തകരായിക്കൂടായ്കയില്ല അവർ, എന്നതാണ്. ●

*(36-ാം പേജിൽനിന്നു തുടർച്ച)*

മത്തിലേയ്ക്ക് KCRM നേതാക്കളെയും അനുഭാവികളെയും അവർ ക്ഷണിക്കുകയുണ്ടായി.

സംഘടനാവിഷയങ്ങൾ സംബന്ധിച്ചുള്ള അറിയിപ്പുകളും റിപ്പോർട്ടുകളുമായിട്ടായിരുന്നു, 2 മണിക്ക് ആരംഭിച്ച പരിപാടിയുടെ തുടക്കം. അതിൽ 'സത്യജ്വാല'യുടെ സാമ്പത്തികസ്ഥിതി സംബന്ധിച്ചുള്ള കാര്യങ്ങൾ എഡിറ്റർ ശ്രീ ജോർജ് മൂലേച്ചാലിൽ അവതരിപ്പിക്കുകയുണ്ടായി. നിലവിൽ 30000/- രൂപയോളം കടമുണ്ടെന്നും, കന്യാസ്ത്രീ മഠത്തിലേക്കയയ്ക്കാൻ 2000/- കോപ്പികൂടി തയ്യാറാക്കി അയയ്ക്കുമ്പോൾ അത് ഉദ്ദേശം 45000/- രൂപായായി വർദ്ധിക്കുമെന്നും അദ്ദേഹം പറഞ്ഞു. നിലവിൽ വരിസംഖ്യ കുടിശ്ശികയുള്ളവർ അതു പുതുക്കാൻ തയ്യാറായിരുന്നുവെങ്കിൽ ഈ ബാധ്യത തീരുമായിരുന്നുവെന്നും അദ്ദേഹം വിശദീകരിച്ചു.

കൊച്ചി ദേശീയസമ്മേളനത്തിന്റെ നടത്തിപ്പിലും നല്ലൊരു തുക ബാധ്യതയുണ്ടായതായി ശ്രീ.റെജി ഞള്ളാനി വെളിപ്പെടുത്തി. രജിസ്ട്രേഷൻ ഫീസ് വാങ്ങുന്നതിൽ കാർക്കശ്യം കാണിക്കാതിരുന്നതാണ് സംഭവിച്ച പിഴവെന്നു വിലയിരുത്തപ്പെട്ടു.

പാലാ രൂപതയിലെ ഒരു പുരോഹിതൻ, തന്റെ സുഹൃത്തായിരുന്ന മുൻ വൈദികൻ ഫാ. ജോർജ് കണിയാരശ്ശേരിലിനെ 40 ലക്ഷം രൂപാ കബളിപ്പിച്ചെടുത്ത സംഭവവുമായി ബന്ധപ്പെട്ട് പാലായിലെ മെത്രാന്മാരുമായി പലവട്ടം ബന്ധപ്പെടുകയും ചർച്ച ചെയ്യുകയും ചെയ്തെന്നും, ആ തലത്തിൽ പ്രശ്നപരിഹാരമുണ്ടാകുമെന്ന പ്രതീക്ഷയിൽ അടുത്ത ഘട്ടത്തിലേക്കു കടന്നിട്ടില്ലെന്നും, അതിനായി രൂപീകരിച്ച സബ് കമ്മിറ്റിയുടെ ചെയർമാൻ ശ്രീ ഒ.ഡി. കുര്യാക്കോസ് റിപ്പോർട്ടുചെയ്തു.

തുടർന്ന്, കൊച്ചി ദേശീയസമ്മേളനത്തെക്കുറിച്ചുള്ള അവലോകനമാണ് നടന്നത്. രജിസ്ട്രേഷനിലുംമറ്റും സംഭവിച്ച ചില പാളിച്ചകളൊഴിച്ചാൽ, പരിപാടി അതി ഗംഭീരവിജയമായിരുന്നെന്നു വിലയിരുത്തപ്പെട്ടു. ഇങ്ങനെയൊരു പരിപാടി വിഭാവനം ചെയ്യുകയും അതിനായി സൂക്ഷ്മമായ കാര്യങ്ങൾവരെ മുൻകൂട്ടി പ്ലാൻ ചെയ്യുകയും ആൾക്കാരെ ബന്ധപ്പെടുകയും എന്നുവേണ്ട, പരിപാടിയുമായി ബന്ധപ്പെട്ട 90 ശതമാനം കാര്യങ്ങളും അങ്ങേയറ്റം ഊർജ്ജസ്വലതയോടെ നിർവ്വഹിക്കുകയും ചെയ്ത KCRM സംസ്ഥാന ഓർഗനൈസിംഗ് സെക്രട്ടറിയും 'KCRM Priests and ExPriests - Nuns Association' ചെയർമാനുമായ ശ്രീ റെജി ഞള്ളാനിയെ, അദ്ധ്യക്ഷൻ പ്രൊഫ. ഇപ്പൻ, സംസ്ഥാനപ്രസിഡന്റ് കെ.ജോർജ് ജോസഫ്, സംസ്ഥാന ജന.സെക്രട്ടറി കെ.കെ. ജോസ് കണ്ടത്തിൽ, അഡ്വ.ചെറിയാൻ ഗൂഡല്ലൂർ, വി.എസ്. ചാക്കോ (വയനാട്), ഫാ. മാണി പറമ്പേട്ട്, ജോർജ് മൂലേച്ചാലിൽ മുതലായവർ മുക്തകണ്ഠം പ്രശംസിച്ചു. അതിനു പിന്നാലെ, ആത്മവിശ്വാസത്തിന്റെയും ഉത്തമനേതൃത്വത്തിന്റെയും ആൾരൂപമായ ശ്രീ റെജി ഞള്ളാനിയെ പൊന്നാടയണിയിച്ച് ആദരിക്കാനുള്ള തീരുമാനം KCRM സംസ്ഥാന പ്രസിഡന്റ് കെ.ജോർജ് ജോസഫ് പ്രഖ്യാപിക്കുകയും സദസിലുണ്ടായിരുന്നവരെല്ലാം എണീറ്റ് കരഘോഷം മുഴക്കുകയും ഫാ. മാണി പറമ്പേട്ടിന്റെ നേതൃത്വത്തിൽ വേദിയിലുള്ളവരെല്ലാം ചേർന്ന് ശ്രീ റെജിയെ പൊന്നാട അണിയിക്കുകയും ചെയ്തു.



അഡ്വ.ഡോ.ചെറിയാൻ ഗൂഡല്ലൂർ



ഫാ.മാണി പറമ്പേട്ട്



വി.എസ്.ചാക്കോ

മറുപടി പ്രസംഗത്തിൽ, ഇങ്ങനെയൊരു ചടങ്ങ് തീർത്തും അപ്രതീക്ഷിതമായിരുന്നുവെന്നും, KCRM എന്ന പ്രസ്ഥാനത്തിനും അതിന്റെ മുഴുവൻ പ്രവർത്തകർക്കും മുമ്പിൽ, ഈ സ്നേഹം തന്നെ നമ്രശിരസ്കനാക്കുന്നുവെന്നും ശ്രീ റെജി പറഞ്ഞു. എല്ലാവരുടെയും ഭാഗത്തുനിന്നും അങ്ങേയറ്റത്തെ സഹകരണം തനിക്കു കിട്ടിയതുകൊണ്ടു മാത്രമാണ്, കൊച്ചി ദേശീയസമ്മേളനം ഒരു ചരിത്രവിജയമായി മാറിയതെന്നും, അവർക്കെല്ലാം വേണ്ടിയാണ് താൻ ഈ ആദരവു സ്വീകരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

ഇതേത്തുടർന്നായിരുന്നു, ആദ്യമേ പരാമർശിച്ച, ക്നാനായ വിഷയത്തിലുള്ള ചർച്ചാസമ്മേളനം നടന്നത്.

ശ്രീ കെ.കെ. ജോസ് കണ്ടത്തിലിന്റെ സ്വാഗതപ്രസംഗത്തോടെ ആരംഭിച്ച പരിപാടി 5.30-ന് ശ്രീ ജോർജ് മൂലേച്ചാലിന്റെ കൃതജ്ഞതയോടെ പര്യവസാനിച്ചു.

**കെ.കെ. ജോസ് കണ്ടത്തിൽ**
-KCRM സംസ്ഥാന ജന.സെക്രട്ടറി

Regd. No: M2-14438/12 RNI Regd. No: KERMAL/2013-52182
Published on 15-04-2015

April 2015
**Sathyajwala**
Price Rs. 15.00

Registered: KL/KTM/133/2014-16
Licence No. KL/CR/KTM/WPP-10/2014-16
Licensed to Post Without Prepayment.

# 'ക്നാനായ രക്തശുദ്ധിവാദം മറ്റു രൂപതകളിലുള്ളവരുടെ അഭിമാനത്തെ ചോദ്യംചെയ്യുന്നു'

– ശ്രീ റെജി ഞള്ളാനി

**സീ**റോ-മലബാർ സഭയുടെ ഭാഗമായി നിലകൊള്ളുന്ന കോട്ട യം രൂപതയുടെ രക്തശുദ്ധിവാദവും സ്വവംശവിവാഹനിഷ്ഠയുടെ അടിസ്ഥാനത്തിലുള്ള സമുദായഭ്രഷ്ടും, പുറത്താക്കപ്പെടുന്നവരുടെ മാത്രം പ്രശ്നമല്ലെന്നും മറ്റു രൂപതക്കാരുടെകൂടി അഭിമാനത്തെ ചോദ്യംചെയ്യുന്ന ഒരു പ്രശ്നമായി അതു മാറിക്കഴിഞ്ഞിരിക്കുന്നുവെ ന്നും കെ.സി.ആർ.എം. സംസ്ഥാന ഓർഗനൈസിംഗ് സെക്രട്ടറിയും 'കെ.സി.ആർ.എം-ക്നാനായ ഫ്രീ ഡം മൂവ്മെന്റ്'ചെയർമാനുമായ ശ്രീ റെജി ഞള്ളാനി പ്രസ്താവിച്ചു. കോട്ടയം രൂപത ആധികാരികമായി അനുവർത്തിച്ചുപോരുന്ന സമുദായ ഭ്രഷ്ട് എന്ന പൈശാചികദുരാചാരം, കേരള ക്രൈസ്തവർക്കും കേരളത്തിനാകെത്തന്നെയും അപമാനമായി മാറിയിരിക്കുന്നുവെന്നും, അതിനെതിരെ ക്രൈസ്തവകേരളം സട കുടഞ്ഞുണരേണ്ടിയിരിക്കുന്നുവെന്നും, അദ്ദേഹം പറഞ്ഞു.



2015 മാർച്ച് 28-ാം തീയതി ശനിയാഴ്ച പാലാ ടോംസ് ചേമ്പർ ഹാളിൽ കെ.സി.ആർ.എം. സംസ്ഥാന വൈസ് പ്രസിഡന്റ് പ്രൊഫ. ഇപ്പന്റെ അദ്ധ്യക്ഷതയിൽ നടന്ന ചർച്ചാസമ്മേളനത്തിൽ, സ്വവംശവിവാഹനിഷ്ഠ എന്ന ദുരാചാരം തുടച്ചുനീക്കാൻ സ്വീകരിക്കേണ്ട കർമ്മപരിപാടികൾ എന്ന വിഷയം അവതരിപ്പിച്ചു സംസാരിക്കുകയായിരുന്നു, അദ്ദേഹം.



കർമ്മപരിപാടികളുടെ ആദ്യപടിയായി, വിവാഹം മൂലം, കോട്ടയം രൂപതയിൽനിന്നും പുറത്താക്കപ്പെട്ടവരുടെ ഒരു കണക്കെടുപ്പു നടത്തണമെന്നും, 'KCRM-ക്നാനായ ഫ്രീഡം മൂവ്മെന്റിനു' പരമാവധി യൂണിറ്റുകൾ സ്ഥാപിക്കണമെന്നും അദ്ദേഹം നിർദ്ദേശിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ഓരോരോ കർമ്മപദ്ധതികൾ ഘട്ടംഘട്ടമായി നിശ്ചയിച്ചു നടപ്പാക്കും, അദ്ദേഹം പറഞ്ഞു.

കെ.സി.ആർ.എം. ജനറൽ സെക്രട്ടറി ശ്രീ കെ. കെ. ജോസ് കണ്ടത്തിൽ, 'ക്നാനായ കത്തോലിക്കാ നവീകരണസമിതി' (KCNS)യുടെയും 'KCRM-ക്നാനായ ഫ്രീഡം മൂവ്മെന്റി' ന്റെയും നേതാക്കളായ സർവ്വശ്രീ ലൂക്കോസ് മാത്യു, സി.കെ. പുന്നൻ, തോമസ് ഗൂഡല്ലൂർ, സ്റ്റീഫൻ താമരക്കാട് മുതലായവർ പ്രതികരണപ്രസംഗങ്ങൾ നടത്തി. ക്രൈസ്തവരെല്ലാം യേശുവിൽ ഒന്നാണെന്നും, അതിനാൽ ജാതിയുടെയും വംശത്തിന്റെയും പേരിലുള്ള വിഭാഗീയതകൾക്കൊന്നും ക്രൈസ്തവസഭകളിൽ പ്രസക്തിയില്ലെന്നും അതിനാൽ, കോട്ടയം രൂപതയിൽ തുടരുന്ന അയിത്തവും ഭ്രഷ്ടും അംഗീകരിക്കാൻ ഇനിമേൽ തങ്ങൾ തയ്യാറല്ലെന്നും അവരെല്ലാം അഭിപ്രായപ്പെട്ടു.

തുടർന്ന്, KCNS-ന്റെ ആഭിമുഖ്യത്തിൽ ഏപ്രിൽ 25-ാം തീയതി ഉഴവൂരിൽ നടത്തുന്ന കുടുംബസംഗ

*(ശേഷം പേജ് 35-ൽ)*

Printed & Published by George Moolechalil, Vallichira P.O , Kottayam -686574, owned by 'Kerala Catholic church Reformation Movement' (KCRM), Tharakunnel bldg, Pala P.O., Kottaym, Kerala-686 575, and Printed at Print House, Opp. St.Thomas HSS, Pala, Pala P.O., Kottayam-686 575. Editor : George Moolechalil, Vallichira P.O.,Kottayam, Kerala-686 574.